# ഇസ്‌ലാമിക പാഠാവലി

പുസ്തകം - 2



വിവർത്തനം :

സി.എച്ച്. അബ്ദുൽ ഖാദിർ, പഴയങ്ങാടി



# ISLAMIKA PADAVALI

Late Moulana Muhammad Sharif Sahib has written this book in 5 parts for the students. This book is its IInd part. Original book is in Urdu language. The translation to Malayalam is done by C.H. Abdul Qadir Sahib, Payangadi. Islam International Publications, Kerala is its publisher.

ISLAM INTERNATIONAL PUBLICATIONS, KERALA.

# ഇസ്‌ലാമിക പാഠാവലി

## പുസ്തകം- 2

# ഇസ്ലാമിക പാഠാവലി

## പുസ്തകം– 2

വിവർത്തനം

**സി. എച്ച്. അബ്ദുൽ ഖാദിർ, പഴയങ്ങാടി**

പ്രസാധകർ:

**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള**

**ഫോർട്ട് റോഡ്, കണ്ണൂർ– 670 001**

**Islamika Padavali**
(Malayalam)

Author :
Moulana Muhammad Sherif Sahib

Translated by :
C.H. Abdhul Qadir, Payangadi, Kannur

Printed at:
BRB Offset, Thavakkara, Kannur- 17

Published by :
Islam International Publications, Kerala

Copies:
2000

Ist Edition : 1970
IInd Edition : 1974
IIIrd Edition : 1988
IVth Edition : 2007 August

Price: 20/-
IIPK/11

# രണ്ടാം പതിപ്പിന്റെ പ്രസ്താവന

സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ അംഗീകരിച്ച 'ഇസ്ലാം കീ പഹ്‌ലീ കിത്താബി'ന്റെ ഒരു സ്വതന്ത്ര വിവർത്തനം ഇസ്ലാമിക പാഠാവലി 1-ാം പുസ്തകം എന്ന പേരിൽ ജനാബ് മൗലവി മുഹമ്മദു അബുൽവഫാ സാഹിബ് തയ്യാറാക്കുകയും 1970 -ൽ പഴയങ്ങാടി അഞ്ചുമൻ അഹ്മദിയ്യ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. തുടർന്നുള്ള ഭാഗങ്ങൾ വിവർത്തനം ചെയ്യാൻ കൃത്യന്തര ബാഹുല്യത്താൽ മൗലവി സാഹിബിന് സൗകര്യപ്പെടാതെ വന്നതിനാൽ 2-ാം പുസ്തകം ഞാൻ പരിഭാഷപ്പെടുത്തിയിരിക്കുകയാണ്. ഈ പരിഭാഷ ആദ്യാവസാനംവരെ സശ്രദ്ധം പരിശോധിച്ച് വേണ്ട തിരുത്തലുകൾ ചെയ്തുതന്നതിന് ജനാബ് മൗലവി മുഹമ്മദു അബുൽവഫാ സാഹിബിനോടും രണ്ടാം പതിപ്പ് പ്രസിദ്ധീകരണം ഏറ്റെടുത്ത അഹ്മദിയ്യാ സംസ്ഥാന സമതിയോടും കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

*സി.എച്ച്. അബ്ദുൽ ഖാദിർ*
*പഴയങ്ങാടി, കണ്ണൂർ*

# പ്രസാധകക്കുറിപ്പ്

**ഇ**സ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള പ്രസിദ്ധീകരിക്കുന്ന 11-ാമത്തെ ഗ്രന്ഥമാണ് കുട്ടികൾക്കായുള്ള ഇസ്‌ലാമിക പാഠാവലി രണ്ടാംഭാഗം. മതവിജ്ഞാനമാണ് മനുഷ്യനെ സൽസ്വഭാവിയും ദൈവസാമീപ്യം പ്രാപിക്കുന്നവനുമാക്കിത്തീർക്കുന്നത്. ചെറുപ്പം മുതലേ മതപരമായ കാര്യങ്ങൾ കുട്ടികളുടെ ഹൃദയത്തിൽ രൂഢമൂലമാക്കുന്നതിലൂടെ മാത്രമേ ഭാവിയിൽ അവർക്ക് ആത്മീയമായി അഭിവൃദ്ധിപ്പെടാൻ സാധിക്കുകയുള്ളൂ. ഇതിനുപകരിക്കുന്ന ഒരു കൃതിയാണ് ഇസ്‌ലാമിക പാഠാവലി. അറേബ്യൻനാട്ടിലെ മുൻമിഷണറിയും 'അത്തഖ്‌വ' പത്രത്തിന്റെ എഡിറ്ററുമായിരുന്ന മൗലാനാ ചൗദ്ദരി മുഹമ്മദ് ശരീഫ് സാഹിബ് ഫാസിൽ ഉർദുവിൽ രചിച്ച 'ബച്ചോം കേലിയേ ഇസ്‌ലാം കീ ദൂസരി കിതാബ്' എന്നതിന്റെ സ്വതന്ത്ര വിവർത്തനമാണിത്. മർഹൂം സി.എച്ച്. അബ്ദുൽ ഖാദർ സാഹിബ് പഴയങ്ങാടിയാണ് ഈ ഗ്രന്ഥം വിവർത്തനം ചെയ്തിട്ടുള്ളത്. കാലോചിതമായ പരിഷ്കരണങ്ങളോടുകൂടിയാണ് ഈ പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. മാതാപിതാക്കൾ ഈ ഗ്രന്ഥം പൂർണ്ണമായും തങ്ങളുടെ മക്കൾക്ക് പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാ സഹോദരങ്ങൾക്കും നന്ദി പറഞ്ഞുകൊള്ളുന്നു. അല്ലാഹു അവർക്കെല്ലാം നല്ല പ്രതിഫലം നല്കുമാറാകട്ടെ. ആമീൻ.

*സദ്ർ,*
*ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള*

بسم الله الرحمن الرحيم

# ഇസ്‌ലാമിക പാഠാവലി

## പാഠം- 1

## നമസ്കാരം

**അ**ല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു. അവന്റെ സകല ആവശ്യങ്ങളും പൂർത്തിയാക്കുന്നതിനുവേണ്ടി പലവിധ സാധനങ്ങളും ഒരുക്കി. ഭക്ഷിക്കാൻ ആഹാരവും ഉടുക്കാൻ വസ്ത്രവും നല്കി. അതിനാൽ, നാം അവനോട് നന്ദിയുള്ളവരായിരിക്കേണ്ടതും അവന്റെ എല്ലാ അനുഗ്രഹങ്ങളേയും വിലമതിക്കേണ്ടതും അവനെ മാത്രം ആരാധിക്കേണ്ടതുമാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ﴿٥٧﴾

وَمَا خَلَقْتُ ഞാൻ സൃഷ്ടിച്ചിട്ടുമില്ല الْجِنَّ ജിന്നിനെ وَالْإِنسَ ഇൻസിനേയും إِلَّا لِيَعْبُدُونِ അവർ എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ.

‘ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.’ അതായത് മനുഷ്യൻ അല്ലാഹുവിനെ ആരാധിക്കാൻവേണ്ടിമാത്രം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എല്ലാ വസ്തുക്കളും മനുഷ്യനു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, മനുഷ്യൻ അല്ലാഹുവിനെ ആരാധിക്കാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

എല്ലാ ആരാധനകളിലും വെച്ചേറ്റവും പ്രധാനപ്പെട്ടത് നമസ്കാരമാകുന്നു. നമസ്കാരം സത്യവിശ്വാസികളുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗമത്രെ. എല്ലാ അഭിവൃദ്ധിയും, അതുമുഖേന കരസ്ഥമാക്കാവുന്നതാണ്. നമസ്കാരം, നീചപ്രവൃത്തികളേയും ദുഷ്കർമ്മങ്ങളേയും തടയുന്നു. അത് ഹൃദയത്തെ ശുദ്ധീകരിക്കുകയും പാപമാകുന്ന അഴുക്കിനെ ദൂരീകരിക്കുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യൻ സകലവിധ പാപങ്ങളിൽനിന്നും തിന്മകളിൽനിന്നും സുരക്ഷിതനായിത്തീരുന്നു. സത്യഹൃദയത്തോടും വിനയത്തോടുംകൂടി നമസ്കരിക്കുന്ന ആൾക്ക് അല്ലാഹു അന്തസ്സും ബഹുമതിയും തന്റെ സാമീപ്യവും നല്കുന്നതാണ്. أُولَٰئِكَ فِي جَنَّٰتٍ مُّكْرَمُونَ ۝٣٦

أُولَٰئِكَ അക്കൂട്ടർ فِي جَنَّٰتٍ ആരാമങ്ങളിൽ مُّكْرَمُونَ ആദരിക്കപ്പെടുന്നവരാകുന്നു.

അവർ ആരാമങ്ങളിൽ ആദരിക്കപ്പെടുന്നവരാകുന്നു.

## നമസ്കാരം എന്നാൽ എന്ത്?

നമസ്കാരം പ്രാർത്ഥനയാണ്. അതിൽ അല്ലാഹുവിനുള്ള സ്തുതി, നബിതിരുമേനിയുടെ പേരിൽ 'സ്വലാത്ത്' (അനുഗ്രഹാശംസകൾ), 'ഇസ്തിഗ്ഫാർ' (പാപമോചനത്തിന്നായുള്ള അർത്ഥന), 'ദുആ' (അല്ലാഹുവിനോടുള്ള പ്രാർത്ഥന) എന്നീ കാര്യങ്ങൾ ഉൾപ്പെടുന്നു.

നമസ്കാരം അങ്ങേയറ്റം ഭക്തിയോടും വിനയത്തോടുംകൂടി നിർവ്വഹിക്കേണ്ടതാണ്. മനുഷ്യൻ തന്റെ കൺമുമ്പിൽ അല്ലാഹുവിനെ കാണുന്നു എന്ന ഭാവത്തിൽ, അതല്ലെങ്കിൽ കുറഞ്ഞപക്ഷം, തന്നെ അല്ലാഹു കണ്ടുകൊണ്ടിരിക്കുകയാണെന്ന ബോധത്തോടെ ആയിരിക്കണം നമസ്കരിക്കേണ്ടത്. നമസ്കാരത്തിൽ മറ്റൊന്നും ചിന്തിക്കാതെ തന്റെ നാഥനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. എന്തെല്ലാം കാര്യങ്ങൾ അല്ലാഹുവിനോട് ചോദിക്കേണ്ടതുണ്ടോ അതെല്ലാം നമസ്കാരത്തിൽത്തന്നെ ചോദിക്കേണ്ടതാണ്. നമ

സ്കാരം അതിന്റെ എല്ലാ നിബന്ധനകളുമനുസരിച്ച് നിർവ്വഹിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം അത് യഥാർത്ഥ നമസ്കാരമാവുകയില്ല. നമസ്കാരത്തിൽ ചെയ്യപ്പെടുന്ന പ്രാർത്ഥനകളുടെ അർത്ഥം ഗ്രഹിക്കാത്തവരുടെ നമസ്കാരം യഥാർത്ഥ നമസ്കാരമല്ല. അതുകൊണ്ട് നല്ലവണ്ണം ശ്രദ്ധചെലുത്തി, അർത്ഥം ഗ്രഹിച്ചുകൊണ്ട്, അല്ലാഹു കല്പിച്ചതനുസരിച്ച് നമസ്കരിക്കേണ്ടതാണ്. തൽഫലമായി അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുകയും അവന്റെ യഥാർത്ഥ ദാസരായിത്തീരുകയും എല്ലാ പാപങ്ങളിൽനിന്നും പരിശുദ്ധരായിത്തീരുകയും ചെയ്യുന്നതാണ്. മാത്രമല്ല ആത്മീയവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുകയും അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാവുകയും ചെയ്യും.

## ചോദ്യങ്ങൾ

1. എന്തിനാണ് നാം അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടത്?
2. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യമെന്ത്?
3. ആരാധനകളിൽ പ്രധാനപ്പെട്ട ആരാധന ഏത്?
4. നമസ്കാരം കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?
5. അല്ലാഹു അന്തസ്സും ബഹുമതിയും നല്കുന്നതാർക്കാണ്?
6. നമസ്കാരം എന്നാൽ എന്ത്, അതിൽ അടങ്ങിയിരിക്കുന്നതെന്തെല്ലാം?
7. ഏതു ബോധത്തോടെയാണ് നമസ്കരിക്കേണ്ടത്?
8. നമസ്കാരം യഥാർത്ഥമാകാൻ നാം ചെയ്യേണ്ടതെന്ത്?
9. എങ്ങനെയാണ് നമസ്കരിക്കേണ്ടത്?

****

## പാഠം– 2

# നമസ്കാരത്തിന്റെ നിബന്ധനകൾ

നമസ്കാരത്തിന് താഴെ പറയുന്ന നിബന്ധനകളാണുള്ളത്. 1. ശരീരശുദ്ധി. 2. വസ്ത്രശുദ്ധി. 3. സ്ഥലശുദ്ധി. 4. നഗ്നത മറയ്ക്കൽ. 5. ഖിബ്‌ല (കഅ്ബ)യെ അഭിമുഖീകരിക്കുക. 6. നമസ്കരിക്കുന്നുവെന്ന് 'നിയ്യത്ത്' ചെയ്യുക (മനസ്സിൽ കരുതുക).

## ശരീരശുദ്ധി

നമസ്കരിക്കുന്ന ആളുടെ ശരീരത്തിൽ 'നജസു'കൾ (അഴുക്കുകൾ) ഉണ്ടാകാൻ പാടില്ല. ശരീരത്തിൽ നജസുണ്ടെങ്കിൽ, ആദ്യം അത് കഴുകി വൃത്തിയാക്കേണ്ടതാണ്. മലം, മൂത്രം, രക്തം, ചലം, ഛർദ്ദി മുതലായവ നജസുകളാണ്. മലവിസർജ്ജനം ചെയ്തുകഴിഞ്ഞാൽ ഇടത്തെ കൈകൊണ്ട് കഴുകി വൃത്തിയാക്കേണ്ടതാണ്. അനന്തരം കൈ ശുദ്ധമായ മണ്ണിലുരസി കഴുകി വൃത്തിയാക്കുകയും വേണം. സോപ്പുപയോഗിച്ച് കഴുകുന്നത് കൂടുതൽ നന്നായിരിക്കും. മൂത്രവിസർജ്ജനത്തിനുശേഷവും കഴുകി വൃത്തിയാക്കേണ്ടതാണ്. വെള്ളമില്ലെങ്കിൽ കല്ലുകൊണ്ടോ മൺകട്ടകൊണ്ടോ മറ്റോ വൃത്തിയാക്കാം. നമസ്കരിക്കുന്ന ആളുടെ വസ്ത്രത്തിലോ നമസ്കാര സ്ഥലത്തോ 'നജസു'കൾ ഉണ്ടായിരിക്കാൻ പാടുള്ളതല്ല. ശരീരത്തിൽനിന്ന് 'നജസു'കൾ നീക്കം ചെയ്യുന്നതിനു പുറമെ നമസ്കാരത്തിന് മുമ്പേ വുസു ചെയ്യുന്നതും നിർബ്ബന്ധമാകുന്നു. കുളി നിർബ്ബന്ധമാകുന്ന ചില സന്ദർഭങ്ങളുണ്ട്. അങ്ങനെ വരുമ്പോൾ നമസ്കാരത്തിന് മുമ്പേ കുളി ഒഴിച്ചുകൂടാത്തതാണ്.

## കുളിക്കേണ്ട ക്രമം

ആദ്യം ശുദ്ധി വരുത്തുക. പിന്നീട് വുസു ചെയ്യുക. അനന്തരം തലയിൽ വെള്ളമൊഴിച്ച് ശരീരം മുഴുവനും കഴുകുക. ഇങ്ങനെ മൂന്നു പ്രാവശ്യം കഴുകുന്നത് സുന്നത്താകുന്നു. ശരീരത്തിന്റെ ഒരു ഭാഗവും നനയാതിരിക്കാൻ പാടുള്ളതല്ല. മറവുള്ള സ്ഥലത്തുവെച്ച് കുളിക്കുന്നത് ഉത്തമമാണ്. ഏതായാലും നഗ്നത വെളിപ്പെടുത്തരുത്.

## 'വുസു' ചെയ്യേണ്ട ക്രമം

നല്ല ശുദ്ധമായ വെള്ളം കൊണ്ടേ വുസു ചെയ്യാൻ പാടുള്ളൂ. ആദ്യം بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ എന്ന് ചൊല്ലിക്കൊണ്ട് കൈപ്പടങ്ങൾ മണിക്കണ്ടംവരെ മൂന്നുപ്രാവശ്യം കഴുകുക.

> بِسْمِ നാമത്തിൽ اللّٰهِ അല്ലാഹുവിന്റെ الرَّحْمٰنِ പരമ കാരുണികൻ ○ الرَّحِيْمِ കരുണാമയൻ




പിന്നെ മൂന്നുപ്രാവശ്യം കുലുക്കുഴിയുകയും വെള്ളംകൊണ്ട് നാസാദ്വാരങ്ങൾ വൃത്തിയാക്കുകയും ചെയ്യുക.






അനന്തരം മുഖം മുഴുവനും മൂന്നു പ്രാവശ്യം കഴുകുക. ഒരു ചെവി മുതൽ മറ്റേ ചെവിവരെയും തലമുടിതൊട്ട് താടിയെല്ലിന്റെ അറ്റംവരെയും മുഖത്തിൽപെട്ടതാണ്.




പിന്നീട് ആദ്യം വലതുകൈയും അതിന്നുശേഷം ഇടതുകൈയും മുട്ടുകളടക്കം മുമ്മൂന്നു പ്രാവശ്യം കഴുകുക.




പിന്നെ തലയും ചെവിയും ഒരുപ്രാവശ്യം തടവുക. അതായത് രണ്ട് കൈപ്പടങ്ങളും വെള്ളം നനച്ച് ആദ്യം തലയുടെ മുൻവശത്തുനിന്ന് പിൻവശത്തേക്ക് പിരടിവരെ തടവുകയും അനന്തരം കൈരണ്ടും മുൻവശത്തേക്കുതന്നെ തിരിച്ചുതടവുകയും ചെയ്യുക.






തുടർന്ന് പെരുവിരലും ചൂണ്ടുവിരലുംകൊണ്ട് രണ്ട് ചെവികളും തടവുക.





അതുകഴിഞ്ഞ് ആദ്യം വലത്തെ കാലും അതിന്നുശേഷം ഇടത്തെക്കാലും നരിയാണിവരെ മുമ്മൂന്നു പ്രാവശ്യം കഴുകുക.





ഈ ക്രമം തെറ്റിക്കാതെയായിരിക്കണം ഇതെല്ലാം ചെയ്യേണ്ടത്.

കാലിൽ കാലുറ ധരിക്കുന്നപക്ഷം, അത് വുസു ചെയ്തതിനു ശേഷമാണ് ധരിക്കുന്നതെങ്കിൽ വീണ്ടും വുസു ചെയ്യുമ്പോൾ അതിന്റെ മുകളിൽ തടവിയാൽമതി. കൈവിരലുകൾ വെള്ളം നനച്ച് കാലിന്റെ വിരലുകൾ മുതൽ കണങ്കാൽവരെ മേല്പോട്ട് തടവുക. വുസു ചെയ്തത് മുതൽ 24 മണിക്കൂർവരെ ഇങ്ങനെ ചെയ്യാവുന്നതാണ്. യാത്രക്കാർക്ക് മൂന്നുദിവസംവരെ ഇത് അനുവദനീയമത്രെ. അതിനുശേഷം വുസു ചെയ്യുമ്പോൾ കാലുറ അഴിച്ചുമാറ്റി വീണ്ടും കാൽ കഴുകേണ്ടതാണ്. മൂന്നു വിരലുകൾ പുറത്ത് കാണത്തക്ക വിധം കാലുറ കീറിയതാണെങ്കിൽ അത് അഴിച്ച് കാല് കഴുകുക തന്നെ വേണം. അവയവങ്ങളിൽ ഏതെങ്കിലും ഒരുഭാഗം നനഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകുമെന്നു കാണുന്നപക്ഷം അവിടെയും തടവിയാൽ മതി. കഴുകുന്ന അവയവങ്ങൾ മുമ്മൂന്നു പ്രാവശ്യം കഴുകുന്നത് സുന്നത്താകുന്നു. ഒരു പ്രാവശ്യം കഴുകൽ നിർബ്ബന്ധമാണ്.

## വുസുവിന്റെ ദുആ

വുസു ചെയ്തശേഷം ശഹാദത്ത് കലിമയും വുസുവിന്റെ

ദുആയും ചൊല്ലുന്നത് സുന്നത്താകുന്നു. അതിപ്രകാരമാണ്:

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
اَللّٰهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ

> اَشْهَدُ ഞാൻ സാക്ഷ്യം വഹിക്കുന്നു اَنْ لَا اِلٰهَ ആരാധന
> യ്ക്കർഹൻ ഇല്ലെന്ന് اِلَّا اللهُ അല്ലാഹുവല്ലാതെ وَحْدَهُ അവൻ
> ഏകനാകുന്നു لَا شَرِيكَ لَهُ അവന് പങ്കുകാരനില്ല وَاَشْهَدُ ഞാൻ
> സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു اَنَّ مُحَمَّدًا നിശ്ചയം മുഹമ്മദ്
> (സ) عَبْدُهُ അവന്റെ ദാസൻ وَرَسُولُهُ അവന്റെ ദൂതനും اَللّٰهُمَّ
> അല്ലാഹുവേ, اجْعَلْنِي നീ എന്നെ ഉൾപ്പെടുത്തേണമേ مِنَ التَّوَّابِينَ
> പശ്ചാത്തപിക്കുന്നവരിൽ وَاجْعَلْنِي നീ എന്നെ ഉൾപ്പെടുത്തേ
> ണമേ مِنَ الْمُتَطَهِّرِينَ പരിശുദ്ധരിലും.

അർത്ഥം: "ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാകുന്നു. അവന് യാതൊരു പങ്കുകാരനുമില്ല. മുഹമ്മദ്(സ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ, നീ എന്നെ പശ്ചാത്തപിക്കുന്നവരിലും പരിശുദ്ധരിലും ഉൾപ്പെടുത്തേണമേ.

വുസു മുറിഞ്ഞുപോയാൽ വീണ്ടും വുസു ചെയ്യേണ്ടതാണ്.

## വുസു മുറിയുന്ന സംഗതികൾ

1. മൂത്രവിസർജ്ജനം. 2. മലവിസർജ്ജനം. 3. മലമൂത്രവിസർജ്ജനദ്വാരങ്ങളിൽകൂടി വായുവോ മറ്റുവല്ല വസ്തുക്കളോ പുറപ്പെടുക. 4. കിടന്നോ ചാരിയിരുന്നോ ഉറങ്ങുക. 5. ബോധക്ഷയമുണ്ടാകുക. 6. ഏതെങ്കിലും ഒരവയവത്തിൽനിന്ന് രക്തമോ ചലമോ മറ്റോ

ഒഴുകുക.

### തയമ്മും

വുസു ചെയ്യാൻ വെള്ളം കിട്ടാതിരിക്കുകയോ വെള്ളം ഉപയോഗിച്ചാൽ രോഗം ബാധിക്കുമെന്നോ വർദ്ധിക്കുമെന്നോ ഭയപ്പെടുകയോ ചെയ്യുന്നതായാൽ വുസുവിനു പകരം 'തയമ്മും' ചെയ്യേണ്ടതാണ്.

### തയമ്മും ചെയ്യേണ്ട ക്രമം

വൃത്തിയുള്ള മണ്ണിലോ മണ്ണുള്ള വസ്തുവിലോ സ്ഥലത്തോ രണ്ട് കൈയും അടിച്ച് ആദ്യം മുഖം തടവുക. വീണ്ടും രണ്ട് കൈയും മണ്ണിലടിച്ച് രണ്ട് കൈയും മുട്ടുവരെ തടവുക. രണ്ട് കൈയും ഒരു പ്രാവശ്യം മാത്രം മണ്ണിലടിച്ച് അതുകൊണ്ട് മുഖവും കൈപ്പടവും തടവിയാലും മതിയാകുന്നതാണ്.

തയമ്മും, വുസുവിന് പകരമാകുന്നു. വെള്ളം കിട്ടിയാൽ തയമ്മും മുറിഞ്ഞുപോകുന്നതാണ്. കൂടാതെ വുസു മുറിഞ്ഞുപോകുന്ന എല്ലാ സംഗതികളും തയമ്മുമിന്നും ബാധകമാകുന്നു.

മണ്ണിനു പുറമെ മണൽ, ചുണ്ണാമ്പ് മുതലായവകൊണ്ടും തയമ്മും ചെയ്യാവുന്നതാണ്.

### വസ്ത്ര ശുദ്ധി

വസ്ത്രത്തിൽ മൂത്രത്തിന്റെ ചെറുകണികപോലും പറ്റാൻ പാടില്ല. മറ്റുതരത്തിലുള്ള അഴുക്കുകളും അതിൽ ഉണ്ടാകരുത്. മലിനവസ്തുക്കൾ വസ്ത്രത്തിൽ പറ്റിയാൽ ആ വസ്ത്രം വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കണം. വസ്ത്രം കഴുകി വൃത്തിയാക്കാൻ സാധിക്കാതെ വന്നാൽ അതേവസ്ത്രം ധരിച്ചുകൊണ്ടുതന്നെ നമസ്കരിക്കേണ്ടതാണ്. ഇനി വസ്ത്രംതന്നെ ഇല്ലാതെ വന്നാൽ ഇരുന്ന് നമസ്കരിക്കേണ്ടതാണ്. സുജൂദും റുകൂഉം ആംഗ്യംമൂലം ചെയ്യുകയും വേണം.

### സ്ഥല ശുദ്ധി

നമസ്കരിക്കുന്ന സ്ഥലവും വൃത്തിയുള്ളതായിരിക്കേണ്ടതാണ്. നിലം വൃത്തികേടായതിനുശേഷം അത് വെയിൽകൊണ്ട് ഉണങ്ങു

കയും വൃത്തികേടിന്റെ അടയാളങ്ങൾ ഇല്ലാതാവുകയും ചെയ്താൽ പിന്നെ അവിടെ നമസ്കരിക്കുന്നതിന് വിരോധമില്ല. കുളിമുറി, ശ്മശാനം, ചാണകസ്ഥലം, അറവുസ്ഥലം, പെരുവഴി, കഅ്ബയുടെ മുകൾഭാഗം എന്നിവിടങ്ങളിൽ നമസ്കരിക്കുന്നത് അനുവദനീയമല്ല.

## ഖിബ്‌ല

നമസ്കാരത്തിൽ ഖിബ്‌ല (കഅ്ബ)യെ അഭിമുഖീകരിക്കേണ്ടതാണ്. ശത്രുഭയമോ ആപൽശങ്കയോ ഉണ്ടാകുമ്പോൾ സൗകര്യമനുസരിച്ച് ഏതുഭാഗത്തേക്കും തിരിഞ്ഞു നമസ്കരിക്കാവുന്നതാണ്. അപ്രകാരംതന്നെ യാത്രാവസരത്തിലോ രാത്രിയുടെ അന്ധകാരത്തിലോ ദിക്ക് മനസ്സിലാകാത്തപക്ഷം ഏതാണ്ട് ഖിബ്‌ലയെന്ന് തോന്നുന്ന ഭാഗത്തെ അഭിമുഖീകരിക്കേണ്ടതാണ്. നമസ്കാരാനന്തരം ആ നിഗമനം തെറ്റാണെന്ന് കണ്ടാൽ വീണ്ടും നമസ്കരിക്കേണ്ടതില്ല. നമസ്ക്കാരമദ്ധ്യെ ഖിബ്‌ല മറ്റൊരു ഭാഗത്താണെന്ന് മനസ്സിലാകുന്നപക്ഷം നമസ്കാരത്തിൽത്തന്നെ ആ ഭാഗത്തേക്ക് തിരിഞ്ഞു നില്ക്കേണ്ടതാണ്.

## നഗ്നത മറക്കൽ

***പുരുഷന്മാർ:–*** നമസ്കരിക്കുമ്പോൾ തങ്ങളുടെ പൊക്കിൾ മുതൽ കാൽമുട്ടുകളുൾപ്പെടെയുള്ള ഭാഗം വസ്ത്രംകൊണ്ട് മറയ്ക്കുന്നത് നിർബ്ബന്ധമാണ്. ചുമലുകൾ നഗ്നമായിരിക്കുന്നത് 'മക്റൂഹ്' (വെറുക്കപ്പെട്ടത്) ആകുന്നു.

***സ്ത്രീകൾ:–*** വീട്ടിലാണെങ്കിലും പള്ളിയിലാണെങ്കിലും മുഖവും കൈപ്പടവും പാദവുമൊഴിച്ച് ശരീരം മുഴുവൻ മറയ്ക്കേണ്ടത് ഒഴിച്ചുകൂടാത്ത കാര്യമാകുന്നു. മറയ്ക്കേണ്ട ഭാഗം നാലിലൊന്ന് നഗ്നമായിപ്പോയാൽ നമസ്കാരം ശരിയാവുകയില്ല.

### ചോദ്യങ്ങൾ

1. നമസ്കാരത്തിന്റെ നിബന്ധനകൾ എന്തെല്ലാം?
2. നജ്സ് എന്നാൽ എന്ത്? ഉദാഹരണം എഴുതുക.
3. കുളിക്കേണ്ട ക്രമം എങ്ങനെ?
4. വുസു ചെയ്യേണ്ട രീതി വിവരിക്കുക?

5. വുസുവിന് ശേഷമുള്ള ദുആ എഴുതുക?
6. വുസു മുറിയുന്ന സംഗതികൾ എന്തെല്ലാം?
7. തയമ്മും അനുവദനീയമാകുന്നതെപ്പോൾ?
8. തയമ്മും ചെയ്യണ്ട രീതി വിവരിക്കുക?
9. നമസ്കാരത്തിൽ പുരുഷന്മാരുടെ ഏതേതെല്ലാം ഭാഗങ്ങളാണ് മറയ്ക്കേണ്ടത്?
10. സ്ത്രീകളുടെ ഏതേതെല്ലാം ഭാഗങ്ങളാണ് മറയ്ക്കേണ്ടത്?

****

## പാഠം – 3

# ബാങ്കും ഇഖാമത്തും

നമസ്കാരത്തിന് സമയമാകുമ്പോൾ പള്ളിയിൽവച്ച് അഞ്ചുനേരവും ഉച്ചത്തിൽ ബാങ്ക് വിളിക്കുന്നത് സുന്നത്താകുന്നു. ബാങ്ക് വിളിക്കുന്ന ആൾ ഖിബ്‌ലയുടെ നേരെ തിരിഞ്ഞു ഇമാമ് നില്ക്കുന്ന സ്ഥലത്തിന്റെ പിന്നിലോ സ്വഫ്ഫിന്റെ വലതുഭാഗത്തോനിന്ന് രണ്ട് ചെവിയിലും വിരലുകൾ വെച്ചുകൊണ്ടായിരിക്കണം ബാങ്ക് വിളിക്കേണ്ടത്. ബാങ്ക് ഇപ്രകാരമാണ്:-

اَللّٰهُ اَكْبَرُ ○ اَللّٰهُ اَكْبَرُ ○ اَللّٰهُ اَكْبَرُ ○ اَللّٰهُ اَكْبَرُ ○
اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ ○ اَشْهَدُ اَنْ لَّآ اِلٰهَ
اِلَّا اللّٰهُ ○ اَشْهَدُ اَنَّ مُحَمَّدًا رَّسُوْلُ اللّٰهِ ○
اَشْهَدُ اَنَّ مُحَمَّدًا رَّسُوْلُ اللّٰهِ ○ حَيَّ عَلَى
الصَّلٰوةِ ○ حَيَّ عَلَى الصَّلٰوةِ ○ حَيَّ عَلَى الْفَلَاحِ ○
حَيَّ عَلَى الْفَلَاحِ ○ اَللّٰهُ اَكْبَرُ ○ اَللّٰهُ اَكْبَرُ ○
لَآ اِلٰهَ اِلَّا اللّٰهُ ○

اَللّٰهُ അല്ലാഹു اَكْبَرُ ഏറ്റവും വലിയവനാകുന്നു اَشْهَدُ ഞാൻ സാക്ഷ്യം വഹിക്കുന്നു اَنْ لَّآ اِلٰهَ ആരാധനയ്ക്കർഹൻ ഇല്ലെന്ന് اِلَّا اللّٰهُ അല്ലാഹുവല്ലാതെ اَشْهَدُ ഞാൻ സാക്ഷ്യം വഹിക്കുന്നു اَنَّ مُحَمَّدًا നിശ്ചയം മുഹമ്മദ്(സ) رَّسُوْلُ റസൂലാണെന്ന് اللّٰهِ അല്ലാഹുവിന്റെ حَيَّ വരിക عَلَى الصَّلٰوةِ നമസ്കാരത്തിന്നായി حَيَّ വരിക عَلَى الْفَلَاحِ വിജയത്തിന്നായി

അർത്ഥം:- (ആവർത്തനങ്ങൾ വിട്ടുകൊണ്ട്) ''അല്ലാഹു ഏറ്റവും വലിയവനാകുന്നു. ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(സ) അല്ലാഹുവിന്റെ തിരുദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നമസ്കാരത്തിന് വരിക. വിജയത്തിനായി വരിക. അല്ലാഹു ഏറ്റവും വലിയവനാകുന്നു. ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല.''

حَيَّ عَلَى الصَّلٰوةِ എന്നു പറയുമ്പോൾ വലത്തുഭാഗത്തേക്കും

حَيَّ عَلَى الْفَلَاحِ എന്നു പറയുമ്പോൾ ഇടത്തുഭാഗത്തേക്കും

ശരീരം തിരിയാത്തനിലയിൽ മുഖം തിരിക്കേണ്ടതാണ്. സുബ്ഹി ബാങ്കിൽ 'ഹയ്യഅലൽ ഫലാഹ്' എന്ന് രണ്ടുതവണ പറഞ്ഞതിനുശേഷം

اَلصَّلٰوةُ خَيْرٌ مِّنَ النَّوْمِ ۝ اَلصَّلٰوةُ خَيْرٌ مِّنَ النَّوْمِ ۝ (നമസ്കാരം നിദ്രയേക്കാൾ ഉത്തമമാകുന്നു) എന്ന് രണ്ടുതവണ പറയേണ്ടതാണ്.

| |
|---|
| اَلصَّلٰوةُ നമസ്കാരം خَيْرٌ ഉത്തമമാകുന്നു مِّنَ النَّوْمِ ഉറക്കത്തേക്കാൾ |

കേൾക്കുന്നവർ صَدَقْتَ وَبَرَرْتَ നീ സത്യം പറഞ്ഞ്, പുണ്യം ചെയ്തു എന്നു പറയേണ്ടതാണ്. ബാങ്കുവിളിക്കുന്ന ആൾക്കും വുസു വേണം. ബാങ്ക് വിളിക്കുമ്പോൾ അതേവചനങ്ങൾ കേൾക്കുന്ന ആളും പതുക്കെ ഏറ്റുപറയണം. എന്നാൽ, 'ഹയ്യഅലസ്സ്വലാഹ്' 'ഹയ്യ അലൽഫലാഹ്' എന്ന് കേൾക്കുമ്പോൾ

لَاحَوْلَ وَلَاقُوَّةَ اِلَّا بِاللّٰهِ الْعَظِيْمِ

| |
|---|
| لَاحَوْلَ കഴിവൊന്നുമില്ല وَلَاقُوَّةَ ശക്തിയുമില്ല اِلَّا بِاللّٰهِ അല്ലാഹുവിനല്ലാതെ الْعَظِيْمِ മഹത്ത്വമുടയവനായ |

(തിന്മ വർജ്ജിക്കാനും നന്മയാർജ്ജിക്കാനുമുള്ള കഴിവും ശക്തിയും അല്ലാഹുവിനല്ലാതെയില്ല) എന്നാണ് പറയേണ്ടത്. ബാങ്കു വിളിക്കുന്നയാൾക്ക് അറബിയിൽ 'മുഅദ്ദിൻ' എന്നു പറയുന്നു.

## ബാങ്കിന്റെ ദുആ

ബാങ്കിനുശേഷം ബാങ്കുവിളിച്ച ആളും അത് കേട്ടയാളും താഴെ പറയുന്ന ദുആ ചൊല്ലേണ്ടതാണ്.

اَللّٰهُمَّ رَبَّ هٰذِهِ الدَّعْوَةِ التَّآمَّةِ وَالصَّلٰوةِ الْقَـائِمَةِ
اٰتِ مُحَمَّدَا ِۨالْوَسِيْلَةَ وَالْفَضِيْـلَةَ وَالدَّرَجَةَ الرَّفِيْعَةَ وَ
ابْعَثْهُ مَقَامًا مَّحْمُوْدًا ِۨالَّذِىْ وَعَدْتَّهٗ اِنَّكَ لَاتُخْلِفُ
الْمِيْعَادَ ○

| |
|---|
| اَللّٰهُمَّ അല്ലാഹു رَبَّ ഉടമസ്ഥനായുള്ളവനേ هٰذِهِ الدَّعْوَةِ ഈ വിളിയുടെ التَّآمَّةِ പരിപൂർണ്ണമായ وَالصَّلٰوةِ നമസ്കാരത്തി ന്റേയും الْقَآئِمَةِ അനുഷ്ഠിക്കാൻ പോകുന്ന اٰتِ നല്കേണമേ مُحَمَّدَا ِۨ മുഹമ്മദ്(സ)ന് الْوَسِيْلَةَ വസീലത്ത് وَالْفَضِيْلَةَ ഫളീലത്തും وَالدَّرَجَةَ പദവിയും الرَّفِيْعَةَ ഉന്നതമായ وَابْعَثْهُ അദ്ദേഹത്തെ നിയോഗിക്കേണമേ مَقَامًا സ്ഥാനത്ത് مَّحْمُوْدَا ِۨ സ്തുത്യർഹമായ الَّذِىْ യാതൊന്ന് وَعَدْتَّهٗ നീ അദ്ദേഹത്തോട് വാഗ്ദാനം ചെയ്ത اِنَّكَ നിശ്ചയം നീ لَا تُخْلِفُ ലംഘിക്കുന്നതല്ല الْمِيْعَادَ വാഗ്ദത്തം. |

(അല്ലാഹുവേ, ഈ പരിപൂർണ്ണമായ വിളിയുടേയും അനുഷ്ഠിക്കാൻ പോകുന്ന നമസ്കാരത്തിന്റേയും ഉടമസ്ഥനായുള്ളവനേ, മുഹമ്മദ്(സ) തിരുമേനിക്ക് 'വസീലത്ത്' ഫസീലത്ത്'* എന്നീ മഹൽ സ്ഥാനങ്ങളും ഉന്നതപദവിയും നല്കേണമേ, നീ വാഗ്ദാനം ചെയ്തി

* നബിതിരുമേനിക്ക് മാത്രമുള്ള രണ്ട് സ്ഥാനങ്ങളാണിവ.

ട്ടുള്ള സ്തുത്യർഹമായ സ്ഥാനത്ത് അദ്ദേഹത്തെ നിയോഗിക്കേണ മേ. നീ വാഗ്ദത്തം ലംഘിക്കുന്നതല്ല.

## ഇഖാമത്ത്

നമസ്കാരം തുടങ്ങാറായി എന്ന് അറിയിക്കുന്ന വിളിക്കാണ് 'ഇഖാമത്ത്' എന്ന് പറയുന്നത്. ഇമാം നമസ്കാരസ്ഥലത്ത് വന്നുനി ന്നാൽ ആളുകൾ അണികൾ നേരെയാക്കി നില്ക്കേണ്ടതാണ്. അത് നമസ്കാരത്തിന്റെ പരിപൂർണ്ണതയ്ക്ക് ആവശ്യമത്രെ. നബി(സ) തിരു മേനി സഫ്ഫുകൾ (അണികൾ) ശരിപ്പെടുത്തുന്നതിനെ സംബന്ധിച്ച് വളരെ നിഷ്കർഷിച്ചു പറഞ്ഞിട്ടുണ്ട്. അണികൾ ശരിപ്പെട്ടു കഴി ഞ്ഞാൽ ബാങ്കുവിളിച്ച ആൾ ഇമാമിനു നേരെ പിന്നിലോ സഫ്ഫിന്റെ വലതുഭാഗത്തോനിന്നുതന്നെയാണ് ഇഖാമത്ത് കൊടുക്കേണ്ടത്. ബാങ്കുവിളിച്ച ആളുടെ അനുവാദത്തോടെ മറ്റൊരാൾ ഇഖാമത്ത് കൊടുക്കുന്നതിന് വിരോധമില്ല.

ഇഖാമത്ത് താഴെ പറയുംപ്രകാരമാണ്.

اَللهُ اَكْبَرُ، اَللهُ اَكْبَرُ، اَشْهَدُ اَن لاَّ اِلٰهَ اِلاَّ اللهُ، اَشْهَدُ اَنَّ مُحَمَّدًا رَّسُولُ اللهِ، حَيَّ عَلَى الصَّلٰوةِ، حَيَّ عَلَى الْفَلاحِ، قَدْ قَامَتِ الصَّلٰوةُ قَدْ قَامَتِ الصَّلٰوةُ، اللهُ اَكْبَرُ اللهُ اَكْبَرُ لاَ اِلٰهَ اِلاَّ اللهُ.

نമസ്കാര قَدْ قَامَتِ الصَّلٰوةُ ○ قَدْ قَامَتِ الصَّلٰوةُ○ നമസ്കാരത്തിൽനിന്നു കഴിഞ്ഞു എന്ന് കേൾക്കുമ്പോൾ اَقَامَهَا اللهُ وَاَدَامَهَا അല്ലാഹു ഇതിനെ എന്നെന്നും നിലനിറുത്തുകയും സ്ഥിരപ്പെടുത്തു കയും ചെയ്യട്ടെ എന്നു പറയേണ്ടതാണ്.

| |
|---|
| قَدْ قَامَتِ തുടങ്ങിക്കഴിഞ്ഞു, നിന്നുകഴിഞ്ഞു നമ സ്കാരം |

## നമസ്കാര സമയങ്ങൾ

നിർബ്ബന്ധനമസ്കാരം അഞ്ചുനേരമാകുന്നു. അവ താഴെ പറയുന്നവയാണ്.

സുബ്ഹി, ളുഹ്ർ, അസ്വ്ർ, മഗ്രിബ്, ഇശാഅ്

ഫർസു നമസ്കാരങ്ങളിൽ ഓരോന്നിനും ഓരോ സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതിന് മുമ്പേ അത് നിർവ്വഹിക്കാൻ പാടുള്ളതല്ല. നിശ്ചിത സമയം അവസാനിക്കുന്നതുവരെ അത് പിന്തിക്കാനും പാടില്ല.

1. ഫജ്റ് (സുബ്ഹ്):- പ്രഭാതം മുതൽ സൂര്യോദയംവരെ. 2. സുഹ്റ്:- സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റിയതു മുതൽ ഓരോ വസ്തുവിന്റെയും നിഴൽ അതിന്റെ അളവിൽ ആകുന്നതുവരെ. ഇത് സൂര്യൻ മദ്ധ്യാഹ്നത്തിൽ എത്തുമ്പോഴുണ്ടാകുന്ന നിഴലിന് പുറമെയാണ്. 3. അസ്റ്:- സുഹ്റ് സമയാവസാനം മുതൽ സൂര്യന് മഞ്ഞ നിറം ഉണ്ടാകുന്നതുവരെ. 4. മഗ്രിബ്:- സൂര്യാസ്തമയം മുതൽ പടിഞ്ഞാറൻ ചക്രവാളത്തിലെ കടുംചെമപ്പ് നീങ്ങുന്നതുവരെ. 5. ഇശാഅ്:- പ്രസ്തുത കടുംചെമപ്പ് നീങ്ങിയതു മുതൽ അർദ്ധരാത്രിവരെ.

ഉറക്കം നിമിത്തമോ മറന്നിട്ടോ നമസ്കാരം നിർവ്വഹിക്കാൻ സാധ്യമല്ലാതെ വരുന്നതായാൽ ഉണർന്നുടനെ അല്ലെങ്കിൽ ഓർമ്മ വന്നുടനെ നമസ്കരിക്കേണ്ടതാണ്.

## നമസ്കാരം വിരോധിക്കപ്പെട്ട സമയങ്ങൾ

സൂര്യൻ ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും സൂര്യൻ മദ്ധ്യാഹ്നത്തിൽ എത്തുമ്പോഴും (അല്പം പടിഞ്ഞാറുഭാഗത്ത് നീങ്ങുന്നതിന്ന് മുമ്പേ) നമസ്കരിക്കുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു. അപ്രകാരംതന്നെ അസ്വ്ർ നമസ്കാരത്തിനുശേഷം സൂര്യാസ്തമയം വരേയും സുബ്ഹി നമസ്കാരത്തിന് ശേഷം സൂര്യോദയം വരേയും നമസ്കരിക്കാവതല്ല.

## നമസ്കാരത്തിന്റെ റക്അത്തുകൾ

ഫർസ് നമസ്കാരങ്ങൾ:- സുബ്ഹ് 2. സുഹ്ർ 4. അസ്വ്ർ 4. മഗ്രിബ് 3. ഇശാഅ് 4.

സുന്നത്ത് നമസ്കാരങ്ങൾ:- സുബ്ഹി നമസ്കാരത്തിന് മുമ്പേ രണ്ട് റക്അത്ത്. സുഹ്ർ നമസ്കാരത്തിന് മുമ്പേ രണ്ടോ നാലോ റക്അത്ത് ശേഷവും രണ്ട് റക്അത്ത്. മഗ്രിബ് നമസ്കരാത്തിനു ശേഷം രണ്ട് റക്അത്ത് ഇശാഅ് നമസ്കാരത്തിനുശേഷം രണ്ട് റക്അത്ത്. അസ്വ്ർ നമസ്കാരത്തിന് മുമ്പോ പിമ്പോ സുന്നത്തുകളില്ല.

ഇശാഉം അതിന്റെ സുന്നത്തും നമസ്കരിച്ചതിനുശേഷം മൂന്ന് റക്അത്ത് വിത്ർ നമസ്കരിക്കേണ്ടതാണ്. എന്നാൽ, തഹജ്ജുദ് നമസ്കരിക്കുന്നവർക്ക് വിത്ർ നമസ്കാരം തഹജ്ജുദിനു ശേഷമാണ് ഉത്തമം.


## ചോദ്യങ്ങൾ

1. ബാങ്കു വിളിക്കുന്നയാൾ എവിടെ നിന്നുകൊണ്ടാണ് വിളിക്കേണ്ടത്?
2. ഹയ്യ അലസ്സ്വലാത്ത്, ഹയ്യ അലൽ ഫലാഹ് എന്നു പറയുമ്പോൾ എന്താണ് പറയേണ്ടത്?
3. അസ്സ്വലാത്തുഖയ്റുമിനന്നൗം എന്നു കേൾക്കുമ്പോൾ എന്താണ് പറയേണ്ടത്?
4. ബാങ്കിനുശേഷമുള്ള പ്രാർത്ഥന എന്ത്?
5. ബാങ്കും ഇഖാമത്തും തമ്മിലുള്ള വ്യത്യാസമെന്ത്?
6. ബാങ്ക് വിളിക്കുന്നയാൾക്ക് അറബിയിൽ പറയുന്ന പേരെന്ത്?
7. ഖദ്ഖാമത്തിസ്സ്വലാത്ത് എന്ന് കേൾക്കുമ്പോൾ പറയേണ്ടതെന്ത്?
8. അഞ്ചുനമസ്കാരത്തിന്റെ പേരെഴുതുക.
9. അഞ്ചുനേര നമസ്കാരത്തിന്റെ സമയം വിവരിക്കുക?
10. നമസ്കാരം വിരോധിക്കപ്പെട്ട സമയങ്ങൾ ഏതെല്ലാം?
11. ഓരോ നമസ്കാരത്തിലേയും റക്അത്തുകൾ എത്ര?

****

# പാഠം– 4
## നമസ്കാര ക്രമം

നമസ്കരിക്കാൻ ഒരുങ്ങിയാൽ കഅ്ബയെ അഭിമുഖീകരിച്ചു നിന്ന് 'അല്ലാഹു അക്ബർ' (തക്ബീറത്തുൽ ഇഹ്റാം) എന്ന് ചൊല്ലി ക്കൊണ്ട് രണ്ട് കൈപ്പടങ്ങളും വിരലുകൾ ചെവികൾക്കുനേരെ ആകുമാറ്, ഉയർത്തുകയും പിന്നീട് അവ താഴ്ത്തി വലത്തെകൈ ഇടത്തെകൈയുടെ മേലെയായി നെഞ്ചിനും പൊക്കിളിനുമിടയിൽ വെക്കുകയും ചെയ്യുക.



അനന്തരം ദുആഉൽ ഇഫ്തിതാഹ് (പ്രാരംഭ പ്രാർത്ഥന)യായ വജ്ജഹത്തു ഓതുക.

وَجَّهْتُ وَجْهِىَ لِلَّذِىْ فَطَرَ السَّمٰوٰتِ وَ
الْاَرْضَ حَنِيْفًا وَّمَآ اَنَا مِنَ الْمُشْرِكِيْنَ ○

| |
|---|
| وَجَّهْتُ ഞാൻ തിരിച്ചിരിക്കുന്നു وَجْهِىَ എന്റെ മുഖത്തെ لِلَّذِىْ فَطَرَ السَّمٰوٰتِ وَ الْاَرْضَ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച അല്ലാഹുവിലേക്ക് حَنِيْفًا ഏകദൈവ വിശ്വാസിയായിക്കൊണ്ട് وَّمَآ اَنَا ഞാൻ അല്ല مِنَ الْمُشْرِكِيْنَ ബഹുദൈവ വിശ്വാസികളിൽപ്പെട്ടവൻ |

ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച അല്ലാഹുവിലേക്ക് ഏക ദൈവ വിശ്വാസിയായിക്കൊണ്ട് ഞാൻ എന്റെ മുഖത്തെ തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവ വിശ്വാസികളിൽപ്പെട്ടവനല്ല.

**സ്തുതിവചനം**

سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ وَتَبَارَكَ
اسْمُكَ وَتَعَالٰى جَدُّكَ وَلَآ اِلٰهَ غَيْرُكَ

| |
|---|
| سُبْحَانَكَ ഞാൻ നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു اللّٰهُمَّ അല്ലാഹുവേ وَبِحَمْدِكَ നിന്നെ സ്തുതിക്കുന്നതോടൊപ്പം وَتَبَارَكَ അനുഗൃഹീതമാകുന്നു اسْمُكَ നിന്റെ നാമം وَتَعَالٰى അത്യുന്നതമാകുന്നു جَدُّكَ നിന്റെ മഹത്വം وَلَآ اِلٰهَ ആരാധനയ്ക്കർഹനാരുമില്ല غَيْرُكَ നീയല്ലാതെ. |

അർത്ഥം:- "അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിന്റെ നാമം അനുഗൃഹീതമാകുന്നു. നിന്റെ മഹത്വം അത്യുന്നതമാകുന്നു. നീയല്ലാതെ ആരാ

ധനയ്ക്കർഹൻ മറ്റാരുമില്ല."

أَعُوذُ بِاللَّهِ مِنَ الشَّيْطَٰنِ الرَّجِيمِ ○ തുടർന്ന്

| | | | | | |
|---|---|---|---|---|---|
| أَعُوذُ | ഞാൻ രക്ഷതേടുന്നു | بِاللَّهِ | അല്ലാഹുവിനോട് | | |
| مِنَ الشَّيْطَٰنِ | ശയ്ത്വാനിൽനിന്ന് | الرَّجِيمِ ○ | ശപിക്കപ്പെട്ട | | |

ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹുവിനോട് ഞാൻ രക്ഷ തേടുന്നു എന്ന് ചൊല്ലി സൂറത്തുൽ ഫാത്തിഹ ഓതുക. അതിപ്രകാരമാണ്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ①

الْحَمْدُ لِلَّهِ رَبِّ الْعَٰلَمِينَ ②

الرَّحْمَٰنِ الرَّحِيمِ ③

مَٰلِكِ يَوْمِ الدِّينِ ④

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ⑤

اهْدِنَا الصِّرَاطَ الْمُسْتَقِيمَ ⑥

صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ


غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ⑦

**ആമീൻ**

بِسْمِ നാമത്തിൽ اللهِ അല്ലാഹുവിന്റെ الرَّحْمٰنِ പരമകാരുണികൻ الرَّحِيْمِ കരുണാമയൻ اَلْحَمْدُ എല്ലാ സ്തുതിയും لِلّٰهِ അല്ലാഹുവിന്നാകുന്നു رَبِّ പരിപാലകൻ الْعٰلَمِيْنَ സർവലോകത്തിന്റേയും الرَّحْمٰنِ പരമകാരുണികൻ الرَّحِيْمِ കരുണാമയൻ مٰلِكِ അധികാരി يَوْمِ നാളിന്റെ الدِّيْنِ രക്ഷാശിക്ഷ اِيَّاكَ നിന്നെമാത്രം نَعْبُدُ ഞങ്ങൾ ആരാധിക്കുന്നു وَاِيَّاكَ നിന്നോടുമാത്രം نَسْتَعِيْنُ ഞങ്ങൾ സഹായം അപേക്ഷിക്കുന്നു اِهْدِنَا നീ ഞങ്ങളെ നടത്തേണമേ الصِّرَاطَ മാർഗ്ഗത്തിൽ الْمُسْتَقِيْمَ ചൊവ്വായ صِرَاطَ മാർഗ്ഗം الَّذِيْنَ യാതൊരുവരുടെ اَنْعَمْتَ നീ അനുഗ്രഹിച്ചു عَلَيْهِمْ അവരുടെ غَيْرِ അല്ല الْمَغْضُوْبِ കോപിക്കപ്പെട്ട عَلَيْهِمْ അവരുടെ وَلَا الضَّآلِّيْنَ വഴിപിഴച്ചവരുടേയുമല്ല.

അർത്ഥം:- ‘‘പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. എല്ലാ സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. പരമകാരുണികനും കരുണാമയനും. രക്ഷാശിക്ഷയുടെ നാളിന്റെ അധികാരി. നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടുമാത്രം ഞങ്ങൾ സഹായത്തിന്നപേക്ഷിക്കുകയും ചെയ്യുന്നു. നീ ഞങ്ങളെ ചൊവ്വായ മാർഗ്ഗത്തിൽ നടത്തേണമേ. (അതായത്) നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ; കോപിക്കപ്പെട്ടവരുടേയോ വഴിപിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല.’’

സൂറത്തുൽ ഫാത്തിഹ ഓതിയതിനുശേഷം ‘ആമീൻ’ (ഈ പ്രാർത്ഥന സ്വീകരിക്കേണമേ) എന്ന് ചൊല്ലുക. അനന്തരം ഖുർആനിലെ ഏതെങ്കിലും സൂറത്തോ അല്ലെങ്കിൽ ഏതാനും ആയത്തുകളോ ഓതുക. പിന്നെ ‘അല്ലാഹു അക്ബർ’ എന്ന് ചൊല്ലിക്കൊണ്ട് റുകൂഅ് ചെയ്യുക. രണ്ട് കൈകളും കാലിന്റെ മുട്ടുകളിൽ എത്തുവോളം കുനിഞ്ഞ് വിരലുകൾ വിടർത്തി മുട്ടിൽവച്ചുകൊണ്ട് കുനിഞ്ഞുനില്ക്കുന്നതിന്നാണ് ‘റുകൂഅ്’ എന്നു പറയുന്നത്.



റുകൂഇൽ سُبْحَانَ رَبِّيَ الْعَظِيمْ


| | |
|---|---|
| سُبْحَانَ പരിശുദ്ധിയെ വാഴ്ത്തുന്നു رَبِّيَ എന്റെ രക്ഷിതാവിന്റെ الْعَظِيمْ മഹത്ത്വമുടയവനായ | |

(മഹത്ത്വമുടയവനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു) എന്ന് മൂന്നുപ്രാവശ്യമോ അല്ലെങ്കിൽ അതിലധികം ഒറ്റ എണ്ണങ്ങളായോ ചൊല്ലുക. പിന്നെ سَمِعَ اللهُ لِمَنْ حَمِدَهُ

| | |
|---|---|
| سَمِعَ കേൾക്കുമാറാകട്ടെ اللهُ അല്ലാഹു لِمَنْ യാതൊരുവൻ حَمِدَهُ അവനെ സ്തുതിച്ചു. | |

(അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേൾക്കുമാറാകട്ടെ) എന്ന് ചൊല്ലിക്കൊണ്ട് റുകൂഇൽനിന്ന് നിവർന്നു നില്ക്കുക.

അടുത്ത ചിത്രത്തിൽ കാണുന്നതുപോലെ.




ഇങ്ങനെ റുകൂഇൽനിന്ന് നിവർന്ന് നേരെ നിൽക്കുന്നതിന് 'ഇഅ്തിദാൽ' എന്ന് പറയുന്നു. 'ഇഅ്തിദാലി'ൽ

**رَبَّنَا وَلَكَ الْحَمْدُ، حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ**

| |
|---|
| رَبَّنَا ഞങ്ങളുടെ നാഥാ وَلَكَ നിനക്കാകുന്നു الْحَمْدُ സർവ്വ സ്തുതിയും حَمْدًا സ്തുതി كَثِيرًا അധികമധികമായ طَيِّبًا പരിശുദ്ധമായ مُبَارَكًا അനുഗൃഹീതമായ فِيهِ അതിൽ |

(ഞങ്ങളുടെ നാഥാ, ഏറ്റവും പരിശുദ്ധവും അനുഗൃഹീതവുമായ എല്ലാ സ്തുതിയും നിനക്കാകുന്നു) എന്ന് ചൊല്ലുക. പിന്നെ 'അല്ലാഹു അക്ബർ' എന്ന് ചൊല്ലിക്കൊണ്ട് സുജൂദ് (സാഷ്ടാംഗം) ചെയ്യുക.


അടുത്ത ചിത്രത്തിൽ കാണുന്നതുപോലെ



സുജൂദ് ചെയ്യുമ്പോൾ ആദ്യം കാൽമുട്ടുകളും പിന്നീട് രണ്ട് കൈപ്പടങ്ങളും നെറ്റിയും മൂക്കും നിലത്ത് പതിയേണ്ടതാണ്. പാദം രണ്ടും നിലത്ത് കുത്തിവെക്കുകയും അവയുടെ വിരലുകൾ ഖിബ്‌ല യുടെനേരെ ആയിരിക്കുകയും വേണം. തല, രണ്ട് കൈയ്ക്കിട യിലും രണ്ട് കൈയും പാർശ്വങ്ങളിൽനിന്ന് വേറിട്ടും ഇരിക്കേണ്ട താണ്. സുജൂദിൽ سُبْحَانَ رَبِّيَ الْأَعْلَى

| |
|---|
| سُبْحَانَ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു رَبِّيَ എന്റെ രക്ഷി താവിന്റെ الْأَعْلَى അത്യുന്നതനായ. |

(അത്യുന്നതനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു) എന്ന് മൂന്ന് പ്രാവശ്യമോ അല്ലെങ്കിൽ അതിലധികം ഒറ്റ എണ്ണങ്ങളായോ ചൊല്ലുക. അതിനുപുറമെ വേറെ വല്ല ദുആയും ചെയ്യാനാഗ്രഹിക്കുന്നുവെങ്കിൽ അത് അറബിഭാഷയിലോ സ്വന്തം ഭാഷയിലോ ചെയ്യാവുന്നതാണ്. റുകൂഇലും സുജൂദിലും ഖുർആനിലെ ആയത്തുകൾ ഓതാൻ പാടുള്ളതല്ല. കാരണം ദൈവികവചനം മഹത്ത്വത്തെ ആഗ്രഹിക്കുന്നു. റുകൂഉം സുജൂദും മനുഷ്യന്റെ താഴ്മയെയാണ് കാണിക്കുന്നത്. സുജൂദിൽനിന്ന്, അല്ലാഹു അക്ബർ എന്ന് ചൊല്ലിക്കൊണ്ട് തലയുയർത്തി രണ്ടുകൈയും മുട്ടിന്മേൽവച്ച നിലയിൽ ഇരിക്കുക. ഇതിന് 'ഖഅ്ദ' ഇടയിലിരുത്തം എന്നു പറയുന്നു; താഴെ കാണുന്നതുപോലെ.



അനന്തരം

اَللّٰهُمَّ اغْفِرْ لِي وَارْحَمْنِي وَاهْدِنِي وَعَافِنِي
وَاجْبُرْنِي وَارْزُقْنِي وَارْفَعْنِي

എന്നു ചൊല്ലുക.

اَللّٰهُمَّ അല്ലാഹുവേ اغْفِرْ لِي നീ എനിക്കു പൊറുത്തുതരേണമേ وَارْحَمْنِي എന്നോട് കരുണ കാണിക്കേണമേ وَاهْدِنِي നീ എന്നെ നേർമാർഗ്ഗത്തിൽ നടത്തേണമേ وَعَافِنِي എനിക്ക് സൗഖ്യം നല്കേണമേ وَاجْبُرْنِي എന്റെ ന്യൂനതകളെ പരിഹരിച്ചു തരേണമേ وَارْزُقْنِي എനിക്കു ആഹാരം നല്കേണമേ وَارْفَعْنِي എന്നെ ഉയർത്തേണമേ

(അല്ലാഹുവേ, നീ എനിക്ക് പൊറുത്തുതരേണമേ, എന്നോട് കരുണ കാണിക്കേണമേ, എന്നെ നേർമാർഗ്ഗത്തിൽ നടത്തേണമേ, എനിക്ക് സൗഖ്യം നല്കേണമേ, എന്റെ ന്യൂനതകളെ പരിഹരിച്ച് തരേണമേ, എനിക്ക് ആഹാരം നല്കേണമേ, എന്നെ ഉയർത്തേണമേ) എന്ന ദുആ ചൊല്ലുക. തുടർന്ന് 'അല്ലാഹു അക്ബർ' എന്ന് ചൊല്ലിക്കൊണ്ട് വീണ്ടും സുജൂദ് ചെയ്യുക. അതിലും ആദ്യത്തെ സുജൂദിൽ ചൊല്ലിയതുപോലെ

سُبْحَانَ رَبِّيَ الْأَعْلَى എന്ന് മൂന്നോ അതിൽ കൂടുതൽ ഒറ്റ എണ്ണങ്ങളായോ ചൊല്ലുക. പിന്നെ 'അല്ലാഹു അക്ബർ' എന്ന് ചൊല്ലിക്കൊണ്ട് എഴുന്നേറ്റു നില്ക്കുക. അനന്തരം 'സ്തുതിവചന'വും, 'അഊദു'വും ഒഴിച്ച് മറ്റെല്ലാം ഒന്നാമത്തെ റക്അത്തിൽ ചൊല്ലിയതുപോലെ ചൊല്ലിയശേഷം റുകൂഉം, ഇഅ്തിദാലും, രണ്ട് സുജൂദും നിർവ്വഹിക്കുക. ഇപ്രാവശ്യം രണ്ടാമത്തെ സുജൂദിനു ശേഷം അവിടത്തന്നെ ഇരിക്കുകയും രണ്ട് കൈയും കാല്മുട്ടുകളിൽ വെക്കുകയും ചെയ്യുക. കൈവിരലുകൾ നിവർത്തി ഖിബ്ലയുടെനേരെ വെക്കേണ്ടതാണ്. വലത്തെ കാല്വിരലുകൾ ഖിബ്ലയുടെനേരെ വരത്തക്കവണ്ണം കുത്തിവെക്കുകയും ഇടത്തെകാൽ കിടത്തിവെച്ച് അതിന്മേൽ ഇരിക്കുകയും വേണം. ഇതിന് 'ഇഫ്തിറാശി'ന്റെ ഇരുത്തം എന്നു പറയുന്നു. പിന്നീട് 'അത്തഹിയ്യാത്തു' ഓതുക. അതിപ്രകാരമാണ്:


اَلتَّحِيَّاتُ لِلّٰهِ وَالصَّلَوٰتُ وَالطَّيِّبَاتُ
اَلسَّلَامُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ
وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ
الصّٰلِحِيْنَ ○ اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَ
اَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ -

| |
|---|
| اَلتَّحِيَّاتُ എല്ലാ കാണിയ്ക്കകളും لِلّٰهِ അല്ലാഹുവിന്നാകുന്നു وَالصَّلَوٰتُ എല്ലാ പ്രാർത്ഥനകളും وَالطَّيِّبَاتُ എല്ലാ പരിശുദ്ധ കർമ്മങ്ങളും اَلسَّلَامُ രക്ഷയും സമാധാനവുമുണ്ടാവട്ടെ عَلَيْكَ അങ്ങേയ്ക്ക് اَيُّهَا النَّبِيُّ അല്ലയോ നബിയേ وَرَحْمَةُ കാരുണ്യവും اللّٰهِ അല്ലാഹുവിന്റെ وَبَرَكَاتُهُ അവന്റെ അനുഗ്രഹങ്ങളും اَلسَّلَامُ രക്ഷയും സമാധാനവുമുണ്ടാവട്ടെ عَلَيْنَا ഞങ്ങളുടെമേൽ وَعَلٰى عِبَادِ ദാസരുടെമേലും اللّٰهِ അല്ലാഹുവിന്റെ الصّٰلِحِيْنَ സജ്ജനങ്ങളായ اَشْهَدُ ഞാൻ സാക്ഷ്യം വഹിക്കുന്നു اَنْ لَّآ اِلٰهَ ആരാധനയ്ക്കർഹനാരുമില്ലെന്ന് اِلَّا اللّٰهُ അല്ലാഹുവല്ലാതെ اَشْهَدُ ഞാൻ സാക്ഷ്യം വഹിക്കുന്നു اَنَّ مُحَمَّدًا നിശ്ചയം മുഹമ്മദ്(സ) عَبْدُهُ അവന്റെ ദാസനാണ് وَرَسُوْلُهُ അവന്റെ റസൂലുമാകുന്നു. |

അർത്ഥം:- ''എല്ലാ കാണിയ്ക്കകളും എല്ലാ പ്രാർത്ഥനകളും എല്ലാ പരിശുദ്ധകർമ്മങ്ങളും അല്ലാഹുവിന്നാകുന്നു. നബിയേ, രക്ഷയും സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനു

ഗ്രഹങ്ങളും അങ്ങേയ്ക്ക് ഉണ്ടാകട്ടെ. രക്ഷയും സമാധാനവും ഞങ്ങൾക്കും അല്ലാഹുവിന്റെ സജ്ജനങ്ങളായ ദാസന്മാർക്കും ഉണ്ടാകട്ടെ. ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അത്തഹിയ്യാത്തു ഓതുമ്പോൾ ***അശ്ഹദു അല്ലാ ഇലാഹ ഇല്ല ല്ലാഹു*** എന്ന സ്ഥലത്തെത്തിയാൽ വലത്തെ കൈയുടെ ചൂണ്ടുവിരൽ പൊക്കേണ്ടതാണ്. ചിത്രം ശ്രദ്ധിക്കുക.



അത്തഹിയ്യാത്തിനുശേഷം നബിതിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലേണ്ടതാണ്. അതിപ്രകാരമാണ്.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰٓى اٰلِ مُحَمَّدٍ كَمَا
صَلَّيْتَ عَلٰٓى اِبْرَاهِيْمَ وَعَلٰٓى اٰلِ اِبْرَاهِيْمَ اِنَّكَ
حَمِيْدٌ مَّجِيْدٌ ○

اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰٓى اٰلِ مُحَمَّدٍ كَمَا
بَارَكْتَ عَلٰٓى اِبْرَاهِيْمَ وَعَلٰٓى اٰلِ اِبْرَاهِيْمَ
اِنَّكَ حَمِيْدٌ مَّجِيْدٌ ○

اَللّٰهُمَّ صَلِّ അല്ലാഹുവേ, സവിശേഷ കാരുണ്യം നല്കേണമേ
عَلٰى مُحَمَّدٍ മുഹമ്മദ് നബി(സ)ക്ക് وَّعَلٰٓى اٰلِ مُحَمَّدٍ മുഹമ്മദ്(സ)ന്റെ
കുടുംബാദികൾക്കും كَمَا صَلَّيْتَ നീ സവിശേഷ കാരുണ്യം നല്കിയ
തുപോലെ عَلٰٓى اِبْرَاهِيْمَ ഇബ്റാഹീം നബിക്ക് وَعَلٰٓى اٰلِ اِبْرَاهِيْمَ
ഇബ്റാഹീം നബിയുടെ കുടുംബാദികൾക്കും اِنَّكَ നിശ്ചയമായും
നീ حَمِيْدٌ സ്തുതിക്കപ്പെടുന്നവൻ مَّجِيْدٌ മഹത്വമുടയവൻ.
اَللّٰهُمَّ بَارِكْ അല്ലാഹുവേ, അളവറ്റ അനുഗ്രഹം നല്കേണമേ
عَلٰى مُحَمَّدٍ മുഹമ്മദ് നബി(സ)ക്ക് وَّعَلٰٓى اٰلِ مُحَمَّدٍ മുഹമ്മദ്(സ)ന്റെ
കുടുംബാദികൾക്കും كَمَا بَارَكْتَ നീ അനുഗ്രഹം നല്കിയതു
പോലെ عَلٰٓى اِبْرَاهِيْمَ ഇബ്റാഹീം നബിക്ക് وَعَلٰٓى اٰلِ اِبْرَاهِيْمَ
ഇബ്റാഹീം നബിയുടെ കുടുംബാദികൾക്കും اِنَّكَ നിശ്ചയമായും
നീ حَمِيْدٌ സ്തുതിക്കപ്പെടുന്നവൻ مَّجِيْدٌ മഹത്വമുടയവൻ.

അർത്ഥം:- ''അല്ലാഹുവേ, മുഹമ്മദ്(സ) തിരുമേനിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ സവിശേഷകാരുണ്യം നല്കേണമേ. ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ സവിശേഷകാരുണ്യം നല്കിയതുപോലെ. തീർച്ചയായും നീ സ്തുതിക്കപ്പെടുന്നവനും മഹത്ത്വമുടയവനും ആകുന്നു. അല്ലാഹുവേ, മുഹമ്മദ്(സ) തിരുമേനിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ അളവറ്റ അനുഗ്രഹം നല്കേണമേ. ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും നീ അളവറ്റ അനുഗ്രഹം നല്കിയതുപോലെ. തീർച്ചയായും നീ സ്തുതിക്കപ്പെടുന്നവനും മഹത്ത്വമുടയവനുമാകുന്നു.''

ഇതിനുശേഷം ഖുർആനിലോ ഹദീസിലോ വന്നിട്ടുള്ള ദുആകളോ അല്ലെങ്കിൽ ഇഷ്ടമുള്ള മറ്റേതെങ്കിലും ദുആകളോ ചൊല്ലുക. ഉദാഹരണം.

رَبَّنَآ ءَاتِنَا فِى الدُّنْيَا حَسَنَةً وَفِى الْاٰخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

| |
|---|
| رَبَّنَآ ഞങ്ങളുടെ നാഥാ ءَاتِنَا ഞങ്ങൾക്കു നീ തരേണമേ فِى الدُّنْيَا ഈ ലോകത്തിൽ حَسَنَةً നന്മ وَفِى الْاٰخِرَةِ പരലോകത്തിലും حَسَنَةً നന്മ وَقِنَا ഞങ്ങളെ കാത്തുരക്ഷിക്കേണമേ عَذَابَ ശിക്ഷയിൽനിന്ന് النَّارِ തീയുടെ. |

അർത്ഥം: ''ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഈ ലോകത്ത് നന്മ തരേണമേ, പരലോകത്തും നന്മ തരേണമേ, ഞങ്ങളെ തീയുടെ ശിക്ഷയിൽനിന്ന് കാത്തുരക്ഷിക്കേണമേ.''


رَبِّ اجْعَلْنِى مُقِيمَ الصَّلٰوةِ وَمِن ذُرِّيَّتِى رَبَّنَا وَتَقَبَّلْ دُعَآءِ


رَبَّنَا اغْفِرْ لِى وَلِوَالِدَىَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ

| |
|---|
| رَبِّ എന്റെ നാഥാ اجْعَلْنِى നീ എന്നെ ആക്കേണമേ مُقِيمَ നിലനിറുത്തുന്നവൻ الصَّلٰوةِ നമസ്കാരം وَمِن ذُرِّيَّتِى എന്റെ സന്താനങ്ങളേയും رَبَّنَا ഞങ്ങളുടെ നാഥാ وَتَقَبَّلْ സ്വീകരിക്കുകയും ചെയ്യേണമേ دُعَآءِ പ്രാർത്ഥന رَبَّنَا ഞങ്ങളുടെ നാഥാ! اغْفِرْ لِى നീ എനിക്കു പൊറുത്തുതരേണമേ وَلِوَالِدَىَّ എന്റെ മാതാപിതാക്കൾക്കും وَلِلْمُؤْمِنِينَ എല്ലാ സത്യവിശ്വാസികൾക്കും يَوْمَ നാളിൽ يَقُومُ നിറുത്തുന്ന الْحِسَابُ കണക്കെടുപ്പിനായി. |

അർത്ഥം: "എന്റെ നാഥാ, എന്നേയും എന്റെ സന്താനങ്ങളേയും നമസ്കാരത്തെ നിലനിറുത്തുന്നവരാക്കേണമേ, ഞങ്ങളുടെ നാഥാ

എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും എല്ലാ സത്യവി ശ്വാസികൾക്കും കണക്കെടുപ്പിനായി നിറുത്തുന്ന നാളിൽ നീ പൊറു ത്തുതരേണമേ.” ദുആക്ക് ശേഷം





വലത്തുഭാഗത്തേക്ക് മുഖം തിരിച്ചുകൊണ്ട്

اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ

| | | | |
|---|---|---|---|
| اَلسَّلَامُ | സമാധാനമുണ്ടാവട്ടെ | عَلَيْكُمْ | നിങ്ങളുടെമേൽ |
| وَرَحْمَةُ | കാരുണ്യവും | اللهِ | അല്ലാഹുവിന്റെ. |

(സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും നിങ്ങളുടെമേലു ണ്ടാകട്ടെ) എന്ന് ചൊല്ലുക. തുടർന്ന് ഇടത്തുഭാഗത്തേക്ക് മുഖം തിരിച്ചുകൊണ്ട് اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ എന്ന് വീണ്ടും ചൊല്ലി നമസ്കാരം അവസാനിപ്പിക്കുക.

ഫർസ് നമസ്കാരം മൂന്നോ നാലോ റക്അത്ത് ഉള്ളതാണെങ്കിൽ രണ്ടാമത്തെ റക്അത്തിനുശേഷം അത്തഹിയ്യാത്തു മാത്രം ഓതി എഴുന്നേറ്റുനിന്ന് ബാക്കിയുള്ള ഒന്നോ രണ്ടോ റക്അത്ത് കൂടി നമസ്കരിച്ച് പൂർത്തിയാക്കേണ്ടതാണ്. ഈ മൂന്നാമത്തേയും നാലാമത്തേയും റക്അത്തുകളിൽ സൂറത്തുൽ ഫാത്തിഹ മാത്രമേ ഓതേണ്ടതുള്ളൂ. എന്നാൽ, വിത്റ് നമസ്കാരത്തിലും സുന്നത്ത് നമസ്കാരങ്ങളിലും മൂന്നാമത്തേയും നാലാമത്തേയും റക്അത്തുകളിലും ഫാത്തിഹായ്ക്ക് ശേഷം ഒരു സൂറത്തോ അല്ലെങ്കിൽ ഏതാനും ആയത്തുകളോ ഓതേണ്ടതാണ്.

## ഫർസ് നമസ്കാരങ്ങൾക്ക് ശേഷമുള്ള ദുആ

ഫർസ് നമസ്കാരങ്ങളിൽനിന്ന് വിരമിച്ചുടനെ ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്.

اَللّٰهُمَّ اَنْتَ السَّلَامُ وَمِنْكَ السَّلَامُ وَ
اِلَيْكَ يَرْجِعُ السَّلَامُ تَبَارَكْتَ رَبَّنَا وَتَعَالَيْتَ
يَا ذَاالْجَلَالِ وَالْاِكْرَامِ

اَللّٰهُمَّ അല്ലാഹുവേ اَنْتَ നീയാകുന്നു السَّلَامُ രക്ഷാസങ്കേതം وَمِنْكَ നിന്നിൽനിന്ന് ഉണ്ടാകുകയും ചെയ്യുന്നു السَّلَامُ രക്ഷ وَاِلَيْكَ നിന്നിലേക്ക് يَرْجِعُ മടങ്ങുകയും ചെയ്യുന്നു السَّلَامُ രക്ഷ تَبَارَكْتَ നീ അനുഗ്രഹമുടയവനാകുന്നു رَبَّنَا ഞങ്ങളുടെ നാഥാ وَتَعَالَيْتَ നീ അത്യുന്നതനുമാകുന്നു يَا ذَاالْجَلَالِ മഹിതപ്രതാപമുള്ളവനേ وَالْاِكْرَامِ ആദരമുടയവനേ.

(അല്ലാഹുവേ, നീ രക്ഷാസങ്കേതമാകുന്നു, രക്ഷ നിന്നിൽനിന്നുണ്ടാവുകയും ചെയ്യുന്നു. അത് നിന്നിലേക്ക് മടങ്ങുകയും ചെയ്യുന്നു. മഹിതപ്രതാപവും ആദരവുമുള്ളവനായ ഞങ്ങളുടെ നാഥാ! നീ അനുഗ്രഹമുടയവനും അത്യുന്നതനുമാകുന്നു). അനന്തരം

'സുബ്ഹാനല്ലാഹ്' (അല്ലാഹു പരിശുദ്ധൻ) എന്ന് 33 പ്രാവശ്യവും 'അൽഹംദുലില്ലാഹ്' (സർവ്വസ്തുതിയും അല്ലാഹുവിന്നാകുന്നു) എന്ന് 33 പ്രാവശ്യവും 'അല്ലാഹു അക്ബർ' (അല്ലാഹു ഏറ്റവും വലിയവൻ) എന്ന് 34 പ്രാവശ്യവും ചൊല്ലി സമാധാനത്തോടെ എഴുന്നേല്ക്കേണ്ടതാണ്.

### (സ്വലാത്തുൽ ജമാഅത്തി)
## സംഘം ചേർന്നുകൊണ്ടുള്ള നമസ്കാരം

ഒന്നിലധികം ആളുകൾ ഒരുമിച്ചുചേർന്ന് നമസ്കരിക്കുന്നതിനാണ് 'സ്വലാത്തുൽ ജമാഅ' എന്ന് പറയുന്നത്. കുറഞ്ഞപക്ഷം ഒരു ഇമാമും ഒരു മഅ്മൂമും എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. അഞ്ചുനേരവും ഫർസ് നമസ്കാരം ജമാഅത്തായിട്ടാണ് നിർവ്വഹിക്കേണ്ടത്. ജമാഅത്തായുള്ള നമസ്കാരം തനിയെ നമസ്കരിക്കുന്നതിനേക്കാൾ 27 മടങ്ങ് പുണ്യകരമാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. ഫർസ് നമസ്കാരങ്ങൾ ജമാഅത്തായിത്തന്നെ നിർവ്വഹിക്കേണ്ടതാണെന്ന് നബിതിരുമേനി(സ) നിഷ്കർഷിച്ചിരിക്കുന്നു. ജമാഅത്തായുള്ള നമസ്കാരത്തിനു ചെന്നുചേരാത്തവരെപ്പറ്റി നബി(സ) തിരുമേനി കഠിനമായ അമർഷം പ്രകടിപ്പിച്ചിരിക്കുന്നു. പ്രത്യേകിച്ച്, സുബ്ഹി, ഇശാഅ് എന്നീ നമസ്കാരങ്ങൾ ജമാഅത്തായി നിർവ്വഹിക്കാത്തവരെ അതികഠിനമായി താക്കീത് ചെയ്തിട്ടുണ്ട്.

ജമാഅത്തായുള്ള നമസ്കാരത്തിന്റെ ക്രമം ഇപ്രകാരമാണ്: ഇമാം നമസ്കരിക്കാൻ വന്നുനിന്നാൽ മുഖ്തദി (പിന്നിലുള്ളവർ) സ്വഫ്ഫുകൾ (അണികൾ) ശരിപ്പെടുത്തി നില്ക്കുക. അതിനുശേഷം ഇമാമിന്റെ അനുവാദത്തോടെ ബാങ്ക് കൊടുത്തയാൾ ഇഖാമത്ത് കൊടുക്കുക. ഇമാം 'അല്ലാഹു അക്ബർ' എന്നു ചൊല്ലി കൈകെട്ടിയാൽ പിന്നിലുള്ളവരും പതുക്കെ 'അല്ലാഹു അക്ബർ' എന്നു ചൊല്ലി കൈകെട്ടുക. അനന്തരം '***വജ്ജഹത്ത്***' '***സുബ്ഹാനകല്ലാഹുമ്മ***' '***അഊദു***' '***ബിസ്മി***' എന്നിവ ഓതുക. ഇമാം സൂറത്തുൽ ഫാത്തിഹ ഓതുമ്പോൾ പിന്നിലുള്ളവരും ഇമാമിനോടൊപ്പം സൂറത്തുൽ ഫാത്തിഹ പതുക്കെ ഓതുക. ഇമാം ഖുർആൻ ഓതുമ്പോൾ പിന്നിലുള്ളവർ നിശ്ശബ്ദം അത് ശ്രദ്ധിച്ചുകേൾക്കുക. ഇമാം തക്ബീർ

ചൊല്ലി റുകൂഇൽ പോയാൽ പിന്നിലുള്ളവരും തക്ബീർ ചൊല്ലി റുകൂഇൽ പോകുകയും سُبْحَانَ رَبِّيَ الْعَظِيمْ എന്ന് ചൊല്ലുകയും ചെയ്യുക. ഇമാം سَمِعَ اللّٰهُ لِمَنْ حَمِدَهُ എന്നു ചൊല്ലി റുകൂഇൽനിന്ന് ഉയർന്നു നേരെനിന്നാൽ പിന്നിലുള്ളവരും റുകൂഇൽനിന്ന് ഉയർന്ന് നേരെനിന്ന് رَبَّنَا وَلَكَ الْحَمْدُ، حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ എന്ന് ചൊല്ലുക. ഇമാം തക്ബീർ ചൊല്ലി സുജൂദിലേക്ക് പോയിക്കഴിഞ്ഞാൽ പിന്നിലുള്ളവരും തക്ബീർ ചൊല്ലി സുജൂദിലേക്ക് പോകുകയും سُبْحَانَ رَبِّيَ الْأَعْلَى എന്ന് ചൊല്ലുകയും ചെയ്യുക. ഇമാം തക്ബീർ ചൊല്ലി സുജൂദിൽനിന്ന് എഴുന്നേറ്റിരുന്നാൽ പിന്നിലുള്ളവരും എഴുന്നേറ്റിരുന്ന് ഇരുത്തത്തിൽ ചൊല്ലേണ്ട ദുആ ചൊല്ലുക. ഇപ്രകാരം നമസ്കാരത്തിലെ ബാക്കി ഭാഗവും ഇമാമിനെ തുടർന്നുകൊണ്ട് പൂർത്തിയാക്കുക. ഇമാം സലാം വീട്ടിയാൽ പിന്നിലുള്ളവരും സലാം വീട്ടി നമസ്കാരത്തിൽനിന്നും വിരമിക്കുക.

നമസ്കാരത്തിൽ മറവി സംഭവിക്കുകയും ഇമാം സഹ്‌വിന്റെ (മറവിയുടെ) സുജൂദ് ചെയ്യുകയും ചെയ്യുന്നതായാൽ പിന്നിലുള്ളവരും സഹ്‌വിന്റെ സുജൂദ് ചെയ്യേണ്ടതാണ്. ഇമാം അത് ചെയ്തിട്ടില്ലെങ്കിൽ പിന്നിലുള്ളവരും ചെയ്യേണ്ടതില്ല.

ഒരാൾ ജമാഅത്ത് നമസ്കാരത്തിൽ പിന്തിവന്നുചേർന്നാൽ അയാൾ ഇമാം രണ്ടുസലാമും വീട്ടിയതിനുശേഷം എഴുന്നേറ്റുനിന്ന് ബാക്കി റക്അത്തുകൾ പൂർത്തിയാക്കി നമസ്കരിക്കേണ്ടതാണ്. ഏതെങ്കിലും ഒരു റക്അത്തിന്റെ റുകൂഇൽ ഇമാമിനോടൊപ്പം വന്നുചേരുന്നതായാൽ ആ റക്അത്ത് മുഴുവനും കിട്ടിയതായി ഗണിക്കാം.

## ഇമാമായി നിറുത്തേണ്ടതാരെ?

കൂടുതൽ മതവിജ്ഞാനമുള്ള ഒരാളെ ഇമാമായി നിശ്ചയിക്കേണ്ടതാണ്. വിജ്ഞാനത്തിൽ എല്ലാവരും സമന്മാരാണെങ്കിൽ ഏറ്റവും നന്നായി ഖുർആൻ ഓതാനറിയുന്ന ഒരാളെ നിശ്ചയിക്കണം.

ഖുർആൻ പാരായണത്തിലും എല്ലാവരും സമന്മാരാണെങ്കിൽ കൂടുതൽ ഭക്തനായ ഒരാളെ ഇമാമായി നിശ്ചയിക്കണം. അതിലും എല്ലാവരും തുല്യരാണെങ്കിൽ കൂടുതൽ പ്രായമുള്ള ആളെ ഇമാമാക്കേണ്ടതാണ്.

## ചില പ്രധാന കാര്യങ്ങൾ

സുഹ്ർ, അസ്ർ എന്നീ നമസ്കാരങ്ങളിലും മഗ്‌രിബ് നമസ്കാരത്തിൽ മൂന്നാമത്തെ റക്അത്തിലും ഇശാഅ് നമസ്കാരത്തിൽ അവസാനത്തെ രണ്ട് റക്അത്തിലും ഇമാം ഫാത്തിഹയും സൂറത്തും പതുക്കെ ഓതണം. സുബ്ഹി നമസ്കാരത്തിലും മഗ്‌രിബ്, ഇശാഅ് എന്നീ നമസ്കാരങ്ങളിൽ ആദ്യത്തെ രണ്ട് റക്അത്തിലും ഇമാം ഉച്ചത്തിൽ ഓതണം. ജുമുഅ നമസ്കാരത്തിലും പെരുന്നാൾ നമസ്കാരങ്ങളിലും മഴയെ തേടിയുള്ള നമസ്കാരത്തിലും ഇമാം ഉച്ചത്തിൽതന്നെ ഓതേണ്ടതാണ്.

ഇമാം ഉച്ചത്തിൽ ഓതുമ്പോൾ പിന്നിൽ നമസ്കരിക്കുന്നവർ അത് ശ്രദ്ധിച്ചുകേൾക്കേണ്ടതാണ്. എന്നാൽ, പിന്നിലുള്ളവരും ഇമാമിന്റെ കൂടെ ഫാത്തിഹ പതുക്കെ ഓതുകതന്നെവേണം.

ഇമാം നമസ്കാരം നീട്ടി നമസ്കരിക്കരുത്. എന്തെന്നാൽ, പിന്നിൽ കുട്ടികളും, വൃദ്ധന്മാരും, സ്ത്രീകളും, രോഗികളും, ബലഹീനരും, ധിറുതിയിൽ പോകേണ്ടതുള്ളവരും നമസ്കരിക്കുന്നുണ്ടായിരിക്കും.

ഒരാൾ മാത്രമാണ് 'മുഖ്തദി'യെങ്കിൽ അയാൾ ഇമാമിന്റെ വലത്തുഭാഗത്ത് നില്ക്കണം. വേറെ ഒരാൾകൂടി വന്നുചേർന്നാൽ ഇമാം മുമ്പോട്ടു കയറിനില്ക്കുകയോ അല്ലെങ്കിൽ മുഖ്തദികൾ ഇമാമിന്റെ പിന്നിലേക്ക് മാറിനില്ക്കുകയോ ചെയ്യേണ്ടതാണ്.

ഇമാം വല്ലതും മറന്നുപോകുന്നപക്ഷം മുഖ്തദികൾ ഇമാം കേൾക്കുമാറ് 'സുബ്ഹാനല്ലാഹ്' എന്ന് ചൊല്ലേണ്ടതാണ്. വല്ല ആയത്തുമാണ് മറന്നതെങ്കിൽ മുഖ്തദികൾ അത് പറഞ്ഞുകൊടുക്കണം. പുരുഷന്മാർക്ക് സ്ത്രീകൾ ഇമാമായിരിക്കാൻ പാടുള്ളത

ല്ല. സ്ത്രീകൾക്ക് സ്ത്രീകൾ ഇമാമായി നില്ക്കാവുന്നതാണ്. ഒരു ഇമാമിനെ ആളുകൾ ഇഷ്ടപ്പെടാത്തപക്ഷം അയാൾ ഇമാമായി നില്ക്കരുത്.

## 'മക്റൂഹാത്ത്' അതൃപ്തികരമായ കാര്യങ്ങൾ

തലമറയ്ക്കാതെ നമസ്കരിക്കുക, നമസ്കാരത്തിൽ ഇടത്തോ വലത്തോ, മുകളിലോ നോക്കുക, അനാവശ്യമായ ചുമയ്ക്കുക, നമസ്കാരത്തിൽനിന്ന് ശ്രദ്ധയകലുമാറ് മലമൂത്രവിസർജ്ജനം പിടിച്ചുനിറുത്തിക്കൊണ്ട് നമസ്കരിക്കുക, കോട്ടുവായിടുക, മൂരി നിവരുക, നെറ്റിയിൽ മണ്ണ് പറ്റിയാൽ അത് തുടച്ചുകളയുക, വസ്ത്രത്തിൽ മണ്ണ് പറ്റാതിരിക്കാൻവേണ്ടി അത് ചുരുട്ടിക്കൂട്ടുകയോ, പൊക്കിപ്പിടിക്കുകയോ ചെയ്യുക, വിരലുകളുടെ കെട്ടൊടിക്കുക, സുജൂദിൽ രണ്ട് കൈത്തണ്ടകളും (നായ്ക്കളെപ്പോലെ) നിലത്ത് ചേർത്തുവെക്കുക, തുടകൾ പള്ളയോട് ചേർത്തുവെക്കുക ഇവയെല്ലാം നമസ്കാരത്തിൽ മക്റൂഹ് (വെറുക്കപ്പെട്ട) കാര്യങ്ങളാകുന്നു. റുകൂഉം സുജൂദും ഉൾപ്പെടെയുള്ള എല്ലാ കാര്യവും ഇമാമിന് മുമ്പേ ചെയ്യുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു.

### ചോദ്യങ്ങൾ

1. നമസ്കാരം അനുഷ്ഠിക്കേണ്ടതെങ്ങനെ?
2. വജ്ജഹത്തിന്റെ അർത്ഥമെഴുതുക.
3. സ്തുതിവചനം അർത്ഥമെഴുതുക.
4. സൂറഃഫാത്തിഹയുടെ അർത്ഥമെഴുതുക.
5. റുകൂഇൽ ചൊല്ലേണ്ട വചനമേത്?
6. ഇഅ്തിദാൽ എന്നാൽ എന്ത്?
7. ഇഅ്തിദാലിൽ ചൊല്ലുന്ന പ്രാർത്ഥന ഏത്?
8. സുജൂദ് ചെയ്യേണ്ട രീതി വിവരിക്കുക?
9. സുജൂദിൽ ചൊല്ലുന്ന പ്രാർത്ഥന എന്ത്?

10. റുകൂഇലും സുജൂദിലും ഖുർആൻ വചനം ഓതാൻ പാടില്ല. എന്തുകൊണ്ട്?
11. 'അത്തഹിയ്യാത്തു' പൂർണ്ണമായും എഴുതുക?
12. നബി(സ)യുടെമേലുള്ള സ്വലാത്ത് അർത്ഥത്തോടെ എഴുതുക?
13. 'അത്തഹിയ്യത്തിൽ' സ്വലാത്തിനുശേഷം ചൊല്ലുന്ന ദുആ അർത്ഥത്തോടെ എഴുതുക?
14. നമസ്കാരത്തിനുശേഷമുള്ള ദുആ എന്ത്?
15. സ്വലാത്തുൽ ജമാഅ എന്നാൽ എന്ത്?
16. 'മുഅദ്ദിൻ' എന്ന് ആരെയാണ് പറയുന്നത്?
17. ഏതു കൂട്ടരെയാണ് നബി(സ) അതികഠിനമായി താക്കീതു ചെയ്തത്?
18. ഇമാം ഫാത്തിഹ ഓതുമ്പോൾ പിന്നിലുള്ളവർ ചെയ്യേണ്ടതെന്ത്?
19. ആരെയാണ് ഇമാമാക്കേണ്ടത്?
20. ഇമാം നീട്ടി നമസ്കരിപ്പിക്കരുത് എന്ന് പറയാൻ കാരണമെന്ത്?
21. ഏതെങ്കിലും കാര്യം ഇമാം മറന്നാൽ, പിന്നിൽ നില്ക്കുന്നവർ എന്തു ചെയ്യണം?
22. നമസ്കാരത്തിൽ അതൃപ്തികരമായ കാര്യങ്ങൾ എന്തെല്ലാം?

****

## പാഠം – 5
# മറ്റുചില നമസ്കാരങ്ങൾ

### വിത്റ് നമസ്കാരം

വിത്റ് നമസ്കാരം വളരെ പ്രധാനപ്പെട്ട ഒരു നമസ്കാരമാകുന്നു. യാത്രയിൽപോലും നബിതിരുമേനി(സ) അതുപേക്ഷിച്ചിരുന്നില്ല. അത് മൂന്ന് റക്അത്താകുന്നു. മൂന്നും ഒരുമിച്ചോ, അല്ലെങ്കിൽ രണ്ട് റക്അത്ത് നമസ്കരിച്ചു സലാം വീട്ടിയശേഷം മൂന്നാമത്തെ റക്അത്ത് പ്രത്യേകമായോ നമസ്കരിക്കാവുന്നതാണ്. വിത്റിന്റെ മൂന്നാമത്തെ റക്അത്തിൽ റുകൂഇന്ന് മുമ്പേയോ അല്ലെങ്കിൽ റുകൂഇനുശേഷം ഇഅ്തിദാലിലോ 'ഖുനൂത്ത്' ഓതേണ്ടതാണ്. അതി പ്രകാരമാകുന്നു:-

اَللّٰهُمَّ اِنَّا نَسْتَعِيْنُكَ وَنَسْتَغْفِرُكَ وَنُؤْمِنُ بِكَ
وَنَتَوَكَّلُ عَلَيْكَ وَنُثْنِيْ عَلَيْكَ الْخَيْرَ وَنَشْكُرُكَ وَلَا
نَكْفُرُكَ وَنَخْلَعُ وَنَتْرُكُ مَنْ يَّفْجُرُكَ ط اَللّٰهُمَّ اِيَّاكَ
نَعْبُدُ وَلَكَ نُصَلِّيْ وَنَسْجُدُ وَاِلَيْكَ نَسْعٰى وَنَحْفِدُ وَنَرْجُوْ
رَحْمَتَكَ وَنَخْشٰى عَذَابَكَ اِنَّ عَذَابَكَ بِالْكُفَّارِ مُلْحِقٌ

اَللّٰهُمَّ അല്ലാഹുവേ اِنَّا نَسْتَعِيْنُكَ നിന്നോടു ഞങ്ങൾ സഹായം യാചിക്കുന്നു وَنَسْتَغْفِرُكَ ഞങ്ങൾ പൊറുക്കലിനെ തേടുകയും ചെയ്യുന്നു وَنُؤْمِنُ بِكَ ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നു وَنَتَوَكَّلُ عَلَيْكَ ഞങ്ങൾ നിന്നെ ആശ്രയമാക്കുകയും ചെയ്യുന്നു

وَنُثْنِيْ ഞങ്ങൾ പ്രകീർത്തിക്കുകയും ചെയ്യുന്നു عَلَيْكَ നിന്റെ الْخَيْرَ നന്മകളെ وَنَشْكُرُكَ നിനക്ക് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു وَلَا نَكْفُرُكَ നിന്നോട് ഞങ്ങൾ നന്ദികേടു കാണിക്കുന്നില്ല وَنَخْلَعُ ഞങ്ങൾ വിട്ടുനില്ക്കുന്നു وَنَتْرُكُ ഞങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നു مَنْ يَّفْجُرُكَ നിന്നെ അനുസരിക്കാത്തവരിൽ നിന്ന് اَللّٰهُمَّ അല്ലാഹുവേ اِيَّاكَ നിന്നെ മാത്രം نَعْبُدُ ഞങ്ങൾ ആരാധിക്കുന്നു وَلَكَ നിനക്കായിമാത്രം نُصَلِّيْ ഞങ്ങൾ നമസ്കരിക്കുന്നു وَنَسْجُدُ നിന്നെ പരിപൂർണ്ണമായി അനുസരിക്കുന്നു وَاِلَيْكَ നിന്നിലേക്ക് نَسْعٰى ഓടിവരികയും ചെയ്യുന്നു وَنَحْفِدُ ഞങ്ങൾ വേഗം കാണിക്കുന്നു وَنَرْجُوْ ഞങ്ങൾ പ്രതീക്ഷിക്കുന്നു رَحْمَتَكَ നിന്റെ കാരുണ്യം وَنَخْشٰى ഞങ്ങൾ ഭയപ്പെടുകയും ചെയ്യുന്നു عَذَابَكَ നിന്റെ ശിക്ഷയെ اِنَّ عَذَابَكَ തീർച്ചയായും നിന്റെ ശിക്ഷ بِالْكُفَّارِ അവിശ്വാസികളെ مُلْحِقٌ ഒട്ടിപ്പിക്കുന്നതാണ്.

അർത്ഥം: ''അല്ലാഹുവേ, നിന്നോടു ഞങ്ങൾ സഹായം യാചിക്കുകയും, പൊറുക്കലിനെ തേടുകയും നിന്നിൽ വിശ്വസിക്കുകയും നിന്നെ ആശ്രയമാക്കുകയും നിന്റെ നന്മകളെ പ്രകീർത്തിക്കുകയും നിനക്ക് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു. നിന്നോട് ഞങ്ങൾ നന്ദികേട് കാണിക്കുന്നില്ല. നിന്നെ അനുസരിക്കാത്തവരിൽനിന്ന് ഞങ്ങൾ വിട്ടുനില്ക്കുകയും അവരെ ഞങ്ങൾ വെടിയുകയും ചെയ്യുന്നു. അല്ലാഹുവേ, നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിനക്കായി മാത്രം ഞങ്ങൾ നമസ്കരിക്കുകയും, നിന്നെ പരിപൂർണ്ണമായി അനുസരിക്കുകയും, നിന്റെ അടുത്തേക്ക് ഓടിവരികയും അതിൽ വേഗം കാണിക്കുകയും നിന്റെ കാരുണ്യം പ്രതീക്ഷിക്കുകയും നിന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. തീർച്ചയായും നിന്റെ ശിക്ഷ അവിശ്വാസികളോട് ഒട്ടിപ്പിടിക്കുന്നതാണ്.''

## ഖുനൂത്തിന്റെ മറ്റൊരു ദുആ

اَللّٰهُمَّ اهْدِنِىْ فِيْمَنْ هَدَيْتَ وَعَافِنِىْ فِيْمَنْ
عَافَيْتَ وَتَوَلَّنِىْ فِيْمَنْ تَوَلَّيْتَ وَبَارِكْ لِىْ فِيْمَا
اَعْطَيْتَ وَقِنِىْ شَرَّ مَا قَضَيْتَ فَاِنَّكَ تَقْضِىْ وَلَا
يُقْضٰى عَلَيْكَ وَاِنَّهٗ لَا يَذِلُّ مَنْ وَّالَيْتَ وَاِنَّهٗ لَا
يَعِزُّ مَنْ عَادَيْتَ تَبَارَكْتَ رَبَّنَا وَتَعَالَيْتَ وَصَلَّى
اللّٰهُ عَلٰى خَيْرِ خَلْقِهٖ مُحَمَّدٍ وَّاٰلِهٖ وَاَصْحَابِهٖ اَجْمَعِيْنَ ○

اَللّٰهُمَّ അല്ലാഹുവേ اهْدِنِىْ എനിക്ക് നേർമാർഗ്ഗം നല്കേണമേ فِيْمَنْ هَدَيْتَ നീ നേർമാർഗ്ഗം നല്കിയവരോടൊപ്പം وَعَافِنِىْ എനിക്കും സൗഖ്യം നല്കേണമേ فِيْمَنْ عَافَيْتَ നീ സൗഖ്യം നല്കിയവരോടൊപ്പം وَتَوَلَّنِىْ എന്നേയും മിത്രമാക്കേണമേ فِيْمَنْ تَوَلَّيْتَ നീ മിത്രങ്ങളാക്കിയവരോടൊപ്പം وَبَارِكْ لِىْ എനിക്ക് അനുഗ്രഹം നല്കേണമേ فِيْمَا اَعْطَيْتَ നീ നല്കിയ വസ്തുക്കളിൽ وَقِنِىْ നീ എന്നെ കാത്തുരക്ഷിക്കേണമേ شَرَّ ദോഷഫലങ്ങളിൽനിന്ന് مَا قَضَيْتَ നീ വിധിച്ച കാര്യങ്ങളുടെ فَاِنَّكَ تَقْضِىْ നിശ്ചയമായും നീ വിധി കല്പിക്കുന്നു وَلَا يُقْضٰى വിധി കല്പിക്കപ്പെടുന്നില്ല عَلَيْكَ നിനക്കെതിരിൽ وَاِنَّهٗ നിശ്ചയമായും അവൻ لَا يَذِلُّ നിന്ദ്യനാവുകയില്ല مَنْ وَّالَيْتَ ആരെ നീ മിത്രമാക്കിയോ وَاِنَّهٗ നിശ്ചയമായും അവൻ لَا يَعِزُّ അന്തസ്സാർജിക്കുകയില്ല مَنْ عَادَيْتَ ആരെ നീ ശത്രുവാക്കിത്തള്ളിയോ تَبَارَكْتَ നീ അനുഗ്രഹമുടയവനാണ് رَبَّنَا ഞങ്ങളുടെ നാഥാ وَتَعَالَيْتَ നീ അത്യുന്നതനു

മാണ് وَصَلَّى അനുഗ്രഹിക്കുമാറാകട്ടെ اللّٰهُ അല്ലാഹു
عَلٰى خَيْرِ خَلْقِهٖ സൃഷ്ടികളിൽ അത്യുത്തമനായ مُحَمَّدٍ മുഹമ്മദ്
(സ)നേയും وَّاٰلِهٖ അദ്ദേഹത്തിന്റെ കുടുംബത്തേയും وَاَصْحَابِهٖ
സ്വഹാബിമാരേയും اَجْمَعِيْنَ എല്ലാവരേയും.

അർത്ഥം:- ''അല്ലാഹുവേ, നീ നേർമാർഗ്ഗം നല്കിയവരോടൊപ്പം എനിക്കും നേർമാർഗ്ഗം നല്കേണമേ. നീ സൗഖ്യം നല്കിയവരോടൊപ്പം എനിക്കും സൗഖ്യം നല്കേണമേ. നീ മിത്രങ്ങളാക്കിയവരോടൊപ്പം എന്നേയും മിത്രങ്ങളാക്കേണമേ. നീ നല്കിയ വസ്തുക്കളിൽ എനിക്ക് അനുഗ്രഹം നല്കേണമേ. നീ വിധിച്ച കാര്യങ്ങളുടെ ദോഷഫലങ്ങളിൽനിന്ന് എന്നെ നീ കാത്തുരക്ഷിക്കേണമേ. എന്തെന്നാൽ, നിശ്ചയമായും നീ വിധി കല്പിക്കുന്നു. നിനക്കെതിരിൽ വിധി കല്പിക്കപ്പെടുന്നതല്ല. നീ മിത്രമാക്കിയവൻ നിന്ദ്യനാവുകയില്ലെന്നുറപ്പാണ്. നീ ശത്രുവാക്കിത്തള്ളിയവൻ അന്തസ്സാർജ്ജിക്കുകയില്ലെന്നതും ഉറപ്പാണ്. ഞങ്ങളുടെ നാഥാ! നീ അളവറ്റ അനുഗ്രഹമുടയവനും അത്യുന്നതനുമാകുന്നു. സൃഷ്ടികളിൽ അത്യുത്തമനായ മുഹമ്മദ് നബി(സ) തിരുമേനിയേയും തിരുമേനിയുടെ കുടുംബത്തേയും സഹചരന്മാരേയും- എല്ലാവരേയും അല്ലാഹു മഹത്തായ നിലയിൽ അനുഗ്രഹിക്കുമാറാകട്ടെ."

'വിത്റ്' നമസ്കാരത്തിന്റെ സമയം ഇശാഅ് നമസ്കാരത്തിനുശേഷം മുതൽ പ്രഭാതം വരെയാകുന്നു. രാത്രിയുടെ അവസാനത്തിൽ എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുന്നവർ ആ തഹജ്ജുദ് നമസ്കാരത്തിനുശേഷമാണ് വിത്റ് നമസ്കരിക്കേണ്ടത്. അതിന് എഴുന്നേല്ക്കാൻ സാധിക്കാത്തവർ ഇശാഅ് നമസ്കാരവും സുന്നത്തും കഴിഞ്ഞ ഉടനെത്തന്നെ വിത്റും നമസ്കരിക്കേണ്ടതാണ്. വിത്ർ വിട്ടുപോയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂര്യോദയത്തിനുശേഷം അത് നമസ്കരിക്കാറുണ്ടായിരുന്നു. അത്ര പ്രാധാന്യം വിത്ർ നമസ്കാരത്തിനുണ്ട്.

## 'സുജൂദുസ്സഹ്‌വ്' (മറവിയുടെ സുജൂദ്)

മറവി നിമിത്തം നമസ്കാരത്തിൽ വല്ലതും വിട്ടുപോയാൽ ആദ്യം വിട്ടുപോയ ഭാഗം പൂർത്തിയാക്കുകയും പിന്നീട് സലാം വീട്ടുന്നതിന് മുമ്പേ രണ്ട് സുജൂദ് ചെയ്യുകയും വേണം. ഈ സുജൂദിന് 'സഹ്‌വി'ന്റെ (മറവിയുടെ) സുജൂദ് എന്ന് പറയുന്നു. നമസ്കാര മദ്ധ്യേ എത്ര റക്‌അത്ത് നമസ്കരിച്ചുവെന്ന് സംശയമുണ്ടാകുന്ന പക്ഷം സംശയമില്ലാത്ത റക്‌അത്തുകളെ അടിസ്ഥാനപ്പെടുത്തി ബാക്കി റക്‌അത്തുകൾ നമസ്കരിച്ചു പൂർത്തിയാക്കുകയും തുടർന്ന് 'സഹ്‌വി'ന്റെ സുജൂദ് ചെയ്യുകയും വേണ്ടതാണ്. നിശ്ചിത റക്‌അത്തുകളേക്കാൾ കൂടുതൽ നമസ്കരിച്ചുപോയാലും 'സഹ്‌വി'ന്റെ സുജൂദ് ആവശ്യമാണ്.

## ഖളാഅ് നമസ്കാരം

ന്യായമായ വല്ലകാരണവശാലും ഒരു നമസ്കാരം അതിന്റെ സമയത്ത് നിർവ്വഹിക്കാൻ സാധ്യമാകാതെ വരുന്നതായാൽ അതിന്റെ ബാധ്യതയിൽനിന്ന് ഒഴിവാകുന്നില്ല. മറിച്ച് ആ കാരണം ഇല്ലാതാകുമ്പോൾ അത് നമസ്കരിക്കേണ്ടതാണ്. അതാണ് അതിന്റെ സമയം. ഉദാഹരണമായി ഉറങ്ങിപ്പോകുകയോ മറന്നുപോകുകയോ ചെയ്താൽ ഉണരുകയോ ഓർമ്മവരികയോ ചെയ്യുമ്പോൾ അതുടനെ നിർവ്വഹിക്കണം. അതിന്റെ സമയം കഴിഞ്ഞുപോയതായി ഗണിക്കപ്പെടുന്നില്ല. ഇപ്രകാരം സമയം തെറ്റി നമസ്കരിക്കുന്ന നമസ്കാരത്തിന് ഖളാഅ് നമസ്കാരം എന്നു പറയുന്നു. ഒന്നിലധികം നമസ്കാരങ്ങൾ ഖളാഅ് ആയിപ്പോകുന്നതായാൽ അവ വഴിക്കുവഴി നമസ്കരിക്കുന്നതാണ് ഉത്തമം.

## തഹജ്ജുദ് നമസ്കാരം

ഇശാഅ് നമസ്കാരത്തിനുശേഷം ഉറങ്ങി, പ്രഭാതോദയത്തിന് മുമ്പേ എഴുന്നേറ്റ് നമസ്കരിക്കുന്ന നമസ്കാരത്തിനാണ് 'തഹജ്ജുദ് നമസ്കാരം' എന്നു പറയുന്നത്. 'തഹജ്ജുദ് നമസ്കാരം' വളരെ ശ്രേഷ്ഠമായ ഒരു ഇബാദത്താണെന്ന് ഖുർആനിൽനിന്നുംഹദീസുകളിൽനിന്നും തെളിയുന്നു. തഹജ്ജുദ് നമസ്കാരത്തിൽ ചെയ്യപ്പെടുന്ന മിക്ക ദുആകളും സ്വീകരിക്കപ്പെടുന്നതാണ്. രാത്രിയുടെ അവ

സാനയാമത്തിൽ അല്ലാഹു ഏറ്റവും അടുത്ത ആകാശത്തിൽ ഇറങ്ങിവന്ന് "എന്നോട് ചോദിക്കുന്ന വല്ല അടിയാനുമുണ്ടോ, എങ്കിൽ അവൻ ചോദിച്ചത് ഞാനവന് നല്കുന്നതാണ്" എന്നുപറയുമെന്ന് ഹദീസിൽ വന്നിരിക്കുന്നു.

അശ്രദ്ധരായ ആളുകൾ കിടന്നുറങ്ങുന്ന വേളയിൽ, സാത്ത്വികരും സജ്ജനങ്ങളുമായ അല്ലാഹുവിന്റെ ദാസന്മാർ ഉണർന്ന് അല്ലാഹുവിനെ ഓർമ്മിക്കുകയും അവനോട് മാപ്പിന്നപേക്ഷിക്കുകയും ചെയ്യുന്നു. ഇത് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാകുന്നു. നബിതിരുമേനി(സ) എപ്പോഴും തഹജ്ജുദ് നമസ്കരിക്കാറുണ്ടായിരുന്നു. തന്റെ വീട്ടുകാരേയും തഹജ്ജുദ് നമസ്കാരത്തിന്നായി വിളിച്ചുണർത്താറുണ്ടായിരുന്നു.

ഈ നമസ്കാരം എട്ട് റക്അത്താണ്. രാത്രി ഉണർന്നതു മുതൽ പ്രഭാതം വരെയാണ് ഇതിന്റെ സമയം. ഈരണ്ട് റക്അത്തായി നമസ്കരിക്കുന്നതാണുത്തമം. മുമ്പേ വിവരിച്ച വിത്റ് നമസ്കാരത്തിന്റെ മൂന്ന് റക്അത്ത് ഈ എട്ട് റക്അത്തിനു ശേഷം നമസ്കരിക്കുന്നത് കൂടുതൽ ഉത്തമമാകുന്നു.

## ഇശ്റാഖ്, ളുഹാ നമസ്കാരങ്ങൾ

സൂര്യൻ ഉദിച്ച് ചക്രവാളത്തിൽ സുമാർ ഏഴ് മുഴം ഉയർന്ന് കഴിഞ്ഞാൽ (അപ്പോൾ) നമസ്കരിക്കുന്ന നമസ്കാരത്തിന്നാണ് 'ഇശ്റാഖ്' നമസ്കാരം എന്നു പറയുന്നത്. ഇത് രണ്ട് റക്അത്ത് മുതൽ പന്ത്രണ്ട് റക്അത്തുവരെ നമസ്കരിക്കാവുന്നതാണ്. ഈ നമസ്കാരവും വളരെ പുണ്യമുള്ളതാകുന്നു. രാവിലെ ഏതാണ്ട് ഒമ്പത് മണി മുതൽ മദ്ധ്യാഹ്നത്തിന് മുമ്പേവരെ നിർവ്വഹിക്കപ്പെടുന്ന നമസ്കാരത്തിന് 'സ്വലാത്തുള്ളുഹാ' അഥവാ പൂർവ്വാഹ്നനമസ്കാരം എന്നു പറയുന്നു. ഇത് രണ്ട് റക്അത്ത് മുതൽ എട്ട് റക്അത്തുവരെയാണ്.

## ഖസ്വ്റ് ആക്കി നമസ്കരിക്കൽ

ഇസ്‌ലാമിലെ നിരവധി ആനുകൂല്യങ്ങളിൽ ഒന്ന് യാത്രക്കാർ നാല് റക്അത്തുള്ള ഫർസ് നമസ്കാരങ്ങൾ ഓരോന്നും ചുരുക്കി രണ്ട് റക്അത്തു മാത്രം നമസ്കരിച്ചാൽമതി എന്നതത്രെ. ഇങ്ങനെ

ചുരുക്കി നമസ്കരിക്കുന്നതിന് 'ഖസ്വ്ർ' എന്നു പറയുന്നു.

ളുഹ്ർ, അസ്വ്ർ, ഇശാഅ് എന്നീ മൂന്ന് നമസ്കാരങ്ങൾ മാത്രമാണ് 'ഖസ്വ്ർ' ആക്കപ്പെടുന്നത്. മഗ്‌രിബ്, സുബ്ഹി എന്നീ നമസ്കാരങ്ങൾ 'ഖസ്വ്ർ' ആക്കുവാൻ പാടില്ല. ഖസ്റാക്കപ്പെടുന്ന നമസ്കാരങ്ങളുടെ മുമ്പും പിമ്പുമുള്ള സുന്നത്തുകൾ നമസ്കരിക്കേണ്ടതില്ല.

യാത്രക്കാരൻ നമസ്കാരം ഖസ്വ്റ് ആക്കേണ്ടതാണ്. അതാണ് യാത്രക്കാരന് വിധിക്കപ്പെട്ടിട്ടുള്ളത്. ഇത് അല്ലാഹുവിന്റെ ദാസന്മാർക്ക് നല്കിയ ഒരു സൗകര്യമാണ്. അതിനാൽ, അത് സന്തോഷപൂർവ്വം സ്വീകരിക്കേണ്ടതാണ്. യാത്രക്കാരൻ ഒരു സ്ഥലത്ത് 19 ദിവസത്തിൽ കൂടുതൽ താമസിക്കുവാൻ ഉദ്ദേശിക്കുന്നപക്ഷം അവിടെവച്ച് ഖസ്ർ ആക്കാവതല്ല. പൂർത്തിയാക്കിത്തന്നെ നമസ്കരിക്കേണ്ടതാണ്. അതുപോലെതന്നെ നിത്യയാത്രക്കാരനും 'ഖസ്വ്ർ' അനുവദനീയമല്ല. നാട്ടിൽനിന്ന് പുറപ്പെട്ടുകഴിഞ്ഞാൽ 'ഖസ്വ്ർ' ആരംഭിക്കുകയും നാട്ടിൽ തിരിച്ചെത്തിയാൽ അവസാനിക്കുകയും വേണം.

## ജംഅ് ആക്കി നമസ്കരിക്കൽ

ഇസ്‌ലാം നമുക്ക് നല്കിയിട്ടുള്ള മറ്റൊരു സൗകര്യം ചില അവസരങ്ങളിൽ രണ്ട് നമസ്കാരം ജംഅ് ആക്കി (കൂട്ടിച്ചേർത്ത്) നമസ്കരിക്കാം എന്നുള്ളതാണ്. സുഹ്റും അസ്വ്റും തമ്മിലും മഗ്‌രിബും ഇശാഉം തമ്മിലും കൂട്ടിച്ചേർത്ത് രണ്ടും ഒരേസമയത്ത് മുന്തിച്ചോ പിന്തിച്ചോ സൗകര്യംപോലെ നമസ്കരിക്കാവുന്നതാണ്. സുബ്ഹി നമസ്കാരം ജംഅ് ആക്കപ്പെടുന്നതല്ല. യാത്രാവസരങ്ങളിലും സാമൂഹികമായോ പ്രാദേശികമായോ ഉള്ള വല്ല ആവശ്യവും നേരിടുന്ന അവസരങ്ങളിലും ഘോരമായ മഴയുള്ളപ്പോഴും ഇങ്ങനെ ജംആക്കി നമസ്കരിക്കാവുന്നതാണ്. ജംആക്കി നമസ്കരിക്കുമ്പോഴും വിത്റ് ഒഴിച്ചുള്ള സുന്നത്ത് നമസ്കാരങ്ങൾ മാപ്പാക്കപ്പെടുന്നതാണ്.

ജംആക്കുമ്പോൾ രണ്ടിൽ ആദ്യത്തെ നമസ്കാരം ആദ്യം നമസ്കരിക്കണം. ഉടനെത്തന്നെ രണ്ടാമത്തേതും നമസ്കരിക്കേണ്ടതാണ്. രണ്ട് നമസ്കാരങ്ങൾക്കിടയിൽ 'ഇഖാമത്ത്' കൊടുക്കണം.

ജംആക്കുമ്പോഴല്ലാതെ സാധാരണ അവസരങ്ങളിൽ നിശ്ചിതസമയം കഴിയുന്നതുവരെ നമസ്കാരം പിന്തിക്കുവാൻ പാടുള്ളതല്ല.

## ചോദ്യങ്ങൾ

1. വിത്ർ നമസ്കാരത്തെക്കുറിച്ച് വിശദീകരിക്കുക?
2. സഹ്‌വിന്റെ സുജൂദ് എന്നാൽ എന്ത്? വിശദീകരിക്കുക.
3. ഖളാഅ് നമസ്കാരം എന്നാൽ എന്ത്?
4. തഹജ്ജുദ് നമസ്കാരത്തെക്കുറിച്ച് വിശദീകരിക്കുക.
5. ഇശ്റാഖ്, ളുഹാ നമസ്കാരം എന്നാൽ എന്ത്?
6. ഖസ്വ്ർ എന്നാൽ എന്ത്?
7. 'ജംആക്കി നമസ്കരിക്കൽ' വിശദീകരിക്കുക?

****

## പാഠം – 6
# ജുമുഅ നമസ്കാരം

വെള്ളിയാഴ്ച അനുഗൃഹീതമായ ഒരു സുദിനമാണ്. അതുസംബന്ധിച്ച് വിശുദ്ധഖുർആനിൽ 'സൂറത്തുൽജുമുഅ' എന്ന പേരിൽ ഒരദ്ധ്യായം തന്നെയുണ്ട്. വെള്ളിയാഴ്ച മദ്ധ്യാഹ്ന നമസ്കാരത്തിന്നായി ബാങ്കുകൊടുത്താൽ എല്ലാ ജോലികളും നിറുത്തിവച്ച് ഉടനെ പള്ളിയിൽ സമ്മേളിക്കുകയും ജുമുഅ നമസ്കാരം നിർവ്വഹിക്കുകയും ചെയ്യണമെന്ന് അതിൽ കല്പിച്ചിരിക്കുന്നു. ജുമുഅ മനഃപൂർവ്വം ഉപേക്ഷിക്കുന്നവൻ വലിയ പാപിയാകുന്നു. അത് നിർവ്വഹിക്കുകയും അതിന്റെ ഖുത്വ്ബ ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്യണമെന്ന് ഖുർആനിൽ വളരെ ശക്തിയായി ആജ്ഞാപിച്ചിരിക്കുന്നു.

റസൂൽ തിരുമേനി, വെള്ളിയാഴ്ച ദിവസം സുബ്ഹി നമസ്കാരത്തിൽ 'ഫാത്തിഹ'യ്ക്ക്ശേഷം ഒന്നാമത്തെ റക്അത്തിൽ സൂറ സജ്ദയും രണ്ടാമത്തെ റക്അത്തിൽ 'സൂറത്തുദ്ദഹ്റും' ഓതാറുണ്ടായിരുന്നു.

രോഗികൾ, യാത്രക്കാർ, സ്ത്രീകൾ, കുട്ടികൾ, അന്ധന്മാർ, ബന്ധനസ്ഥർ എന്നിവരൊഴിച്ച് മറ്റെല്ലാവർക്കും ജുമുഅ നമസ്കാരം നിർബ്ബന്ധമാകുന്നു. എന്നാൽ, ഇവരും ജുമുഅയിൽ പങ്കുകൊള്ളുകയാണെങ്കിൽ അത് വളരെ നല്ല പുണ്യകർമ്മമായിരിക്കും.

ജുമുഅ നമസ്കാരത്തിന് പള്ളിയിൽ ചെന്നാൽ ഒഴിവുള്ള സ്ഥലത്ത് ഇരിക്കേണ്ടതാണ്. ആളുകളുടെ ചുമലുകളിൽക്കൂടി കവച്ചുവച്ച് മുന്നിലേക്കുപോകാൻ ശ്രമിക്കരുത്. രണ്ടോനാലോ റക്അത്ത് സുന്നത്ത് നമസ്കരിച്ച് ദുആ, ഇസ്തിഗ്ഫാർ മുതലായവ

യിൽ നിരതരാകേണ്ടതാണ്. അനാവശ്യമായി സംസാരിക്കരുത്. ഇമാം ഖുത്ബ തുടങ്ങിയാൽ മൗനമായി ശ്രദ്ധാപൂർവ്വം അത് കേട്ടുകൊണ്ടിരിക്കണം. ഖുത്ബയുടെ അവസരത്തിൽ ആരും സംസാരിക്കരുത്. സംസാരിക്കുന്നവർക്ക് ഖുത്ബ ശ്രവിച്ചതിന്റെ പുണ്യം കിട്ടുകയില്ല.

ജുമുഅ നമസ്കാരം രണ്ട് റക്അത്താകുന്നു. ഇമാം ഫാത്തിഹയും സൂറത്തും ഉച്ചത്തിൽ ഓതണം. ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ അഅ്ലായും രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽഗാശിയായും, അല്ലെങ്കിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽജുമുഅയും രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽമുനാഫിഖൂനും ഓതുന്നത് സുന്നത്താകുന്നു. ജുമുഅ നമസ്കാരത്തിനു ശേഷവും രണ്ടോ നാലോ റക്അത്ത് സുന്നത്ത് നമസ്കരിക്കണം.

'സുഹ്റ്' നമസ്കാരത്തിന്റെ സമയം തന്നെയാണ് ജുമുഅ നമസ്കാരത്തിന്റേയും. ജുമുഅക്ക് പോകുന്നവർ കുളിച്ച് ശുദ്ധിവരുത്തണം. നല്ല വസ്ത്രങ്ങൾ ധരിക്കുകയും സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നത് സുന്നത്താകുന്നു. ഏതെങ്കിലുമൊരു സ്ഥലത്ത് മൂന്നുപേരുണ്ടെങ്കിൽ അവർ തീർച്ചയായും ജുമുഅ നമസ്കരിക്കേണ്ടതാണ്. ഏതെങ്കിലും ഒരാൾ താമസിച്ചുവന്നാൽ അയാൾക്ക് ഇമാമോടൊപ്പം ഒരു റക്അത്ത് കിട്ടുന്നതായാൽ ബാക്കി ഒരു റക്അത്ത് ഇമാം സലാം വീട്ടിയതിനുശേഷം നമസ്കരിച്ച് പൂർത്തിയാക്കേണ്ടതാകുന്നു. എന്നാൽ, അയാൾക്ക് ജുമുഅ കിട്ടിയതായി ഗണിക്കപ്പെടും. ഒരു റക്അത്തും കിട്ടാത്തപക്ഷം അയാൾ സുഹ്ർ നമസ്കരിക്കേണ്ടിയിരിക്കുന്നു. ജുമുഅ നമസ്കാരം നിർവ്വഹിക്കുന്നതിനു മുമ്പേ ഇമാം 'ഖുത്ബ' ഓതേണ്ടത് നിർബ്ബന്ധമാകുന്നു.

## ജുമുഅ ഖുത്ബ

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ
أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ أَمَّا بَعْدُ فَأَعُوذُ بِاللّٰهِ
مِنَ الشَّيْطَانِ الرَّجِيمِ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ۝

اَشْهَدُ ഞാൻ സാക്ഷ്യം വഹിക്കുന്നു اَنْ لَا اِلٰهَ ആരാധന യ്ക്കർഹൻ ഇല്ല اِلَّا اللهُ അല്ലാഹുവല്ലാതെ وَحْدَهُ അവൻ ഏകനാകുന്നു لَا شَرِيكَ لَهُ അവന് പങ്കാളികളാരുമില്ല وَاَشْهَدُ ഞാൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു اَنَّ مُحَمَّدًا നിശ്ചയമായും മുഹമ്മദ്(സ) عَبْدُهُ അവന്റെ ദാസനാണ് وَرَسُولُهُ അവന്റെ ദൂതനുമാണ് اَمَّا بَعْدُ ഇതിനുശേഷം (ഞാൻ പറയുന്നു) فَاَعُوذُ ഞാൻ അഭയം തേടുന്നു بِاللهِ അല്ലാഹുവിനോട് مِنَ الشَّيْطَانِ ശയ്ത്വാനിൽനിന്ന് الرَّجِيمِ ശപിക്കപ്പെട്ട بِسْمِ നാമത്തിൽ اللهِ അല്ലാഹുവിന്റെ الرَّحْمٰنِ പരമകാരുണികൻ الرَّحِيمِ കരുണാമയൻ

എന്ന് ചൊല്ലിയതിനുശേഷം സന്ദർഭോചിതം ആവശ്യമായ കാര്യങ്ങളെ സംബന്ധിച്ച് ഒരുപദേശപ്രസംഗം നടത്തുക. അനന്തരം അല്പനേരം ഇരിക്കുക. വീണ്ടും എഴുന്നേറ്റുനിന്ന് രണ്ടാമത്തെ ഖുത്ബ ഓതുക. അതിപ്രകാരമാണ്:-

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ. وَنَعُوذُ بِاللهِ مِنْ شُرُورِ اَنْفُسِنَا وَمِنْ سَيِّئَاتِ اَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِيَ لَهُ. وَنَشْهَدُ اَنْ لَا اِلٰهَ اِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ. عِبَادَ اللهِ رَحِمَكُمُ اللهُ اِنَّ اللهَ يَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيتَاءِ ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنْكَرِ وَالْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ. اُذْكُرُوا اللهَ يَذْكُرْكُمْ وَادْعُوهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللهِ اَكْبَرُ.

اَلْحَمْدُ സർവ്വസ്തുതിയും لِلّٰهِ അല്ലാഹുവിനാകുന്നു نَحْمَدُهُ ഞങ്ങൾ അവനെ സ്തുതിക്കുന്നു وَنَسْتَعِينُهُ ഞങ്ങൾ അവനോട് സഹായം അപേക്ഷിക്കുന്നു وَنَسْتَغْفِرُهُ ഞങ്ങളവനോട് പൊറുക്കലിനെത്തേടുന്നു وَنُؤْمِنُ بِهِ ഞങ്ങൾ അവനിൽ വിശ്വസിക്കുന്നു وَنَتَوَكَّلُ عَلَيْهِ. അവനെത്തന്നെ ആശ്രയമാക്കുകയും ചെയ്യുന്നു وَنَعُوذُ ഞങ്ങൾ അഭയം തേടുന്നു بِاللهِ അല്ലാഹുവിനോടു مِنْ شُرُورِ തിന്മകളിൽനിന്നും اَنْفُسِنَا ഞങ്ങളുടെ ശാരീരികമായ وَمِنْ سَيِّئَاتِ ദോഷഫലങ്ങളിൽനിന്നും أَعْمَالِنَا، ഞങ്ങളുടെ കർമ്മങ്ങളുടെ مَنْ يَهْدِهِ اللهُ അല്ലാഹു ആരെ നേർമാർഗ്ഗത്തിലാക്കിയോ فَلاَ مُضِلَّ لَهُ അവനെ ആരും ദുർമാർഗ്ഗത്തിലാക്കുകയില്ല وَمَنْ يُضْلِلْهُ അവൻ ആരെ ദുർമാർഗ്ഗത്തിലാക്കിയോ فَلاَ هَادِيَ لَهُ. അവനെ നേർമാർഗ്ഗത്തിലാക്കുവാനാരുമില്ല وَنَشْهَدُ ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു اَنْ لاَّ اِلٰهَ ആരാധനയ്ക്കർഹനില്ലെന്ന് اِلاَّ اللهُ അല്ലാഹു അല്ലാതെ وَحْدَهُ അവൻ ഏകനാകുന്നു لاَ شَرِيكَ لَهُ അവന് ഒരു പങ്കുകാരനുമില്ല وَنَشْهَدُ ഞങ്ങൾ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു اَنَّ مُحَمَّدًا നിശ്ചയമായും മുഹമ്മദ്(സ) عَبْدُهُ അവന്റെ ദാസനാണ് وَرَسُولُهُ. അവന്റെ ദൂതനുമാകുന്നു

عِبَادَ اللهِ അല്ലാഹുവിന്റെ ദാസരേ! رَحِمَكُمُ നിങ്ങൾക്കു കരുണ ചെയ്യുമാറാകട്ടെ اللهُ അല്ലാഹു اِنَّ اللهَ നിശ്ചയമായും അല്ലാഹു يَأْمُرُ അവൻ കല്പിക്കുന്നു بِالْعَدْلِ നീതി പ്രവർത്തിക്കാനും وَالاِحْسَانِ നന്മ ചെയ്യുവാനും وَاِيتَاءِ കൊടുക്കുവാനും ذِي الْقُرْبَى അടുത്ത ബന്ധുക്കൾക്ക് وَيَنْهَى അവൻ തടയുകയും ചെയ്യുന്നു عَنِ الْفَحْشَاءِ നീചപ്രവൃത്തികളെ وَالْمُنْكَرِ ദുഷ്ക്കർമ്മങ്ങളേയും وَالْبَغْيِ അതിക്രമങ്ങളേയും يَعِظُكُمْ

അവൻ നിങ്ങളെ ഉപദേശിക്കുന്നു لَعَلَّكُمْ നിങ്ങൾ ആയിത്തീരാനായി تَذَكَّرُونَ. ഉപദേശം സ്വീകരിക്കുന്നവർ اُذْكُرُوا നിങ്ങൾ സ്മരിക്കുവിൻ اللهَ അല്ലാഹുവിനെ يَذْكُرْكُمْ അവൻ നിങ്ങളേയും സ്മരിക്കുന്നതാണ് وَادْعُوهُ അവനോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ يَسْتَجِبْ لَكُمْ നിങ്ങൾക്ക് അവൻ ഉത്തരം നല്കുന്നതാണ് وَلَذِكْرُ اللهِ അല്ലാഹുവിന്റെ സ്മരണ اَكْبَرُ ഏറ്റവും വലുതാകുന്നു.

അർത്ഥം:- സർവ്വസ്തുതിയും അല്ലാഹുവിന്നാകുന്നു. ഞങ്ങൾ അവനെ സ്തുതിക്കുന്നു. അവനോട് സഹായമപേക്ഷിക്കുകയും, അവനോട് പൊറുക്കലിനെത്തേടുകയും അവനിൽ വിശ്വസിക്കുകയും അവനെത്തന്നെ ആശ്രയമാക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ശാരീരികമായ തിന്മകളിൽനിന്നും, കർമ്മങ്ങളുടെ ദോഷഫലങ്ങളിൽനിന്നും അല്ലാഹുവിനോട് ഞങ്ങൾ അഭയം തേടുന്നു. അല്ലാഹു നേർമാർഗ്ഗത്തിലാക്കിയവനെ ആരും ദുർമാർഗ്ഗത്തിലാക്കുകയില്ല. അവൻ ദുർമാർഗ്ഗിയായി ഗണിച്ചവനെ ആരും നേർമാർഗ്ഗത്തിലാക്കുകയുമില്ല. അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ലെന്നും അവൻ ഏകനാണെന്നും അവന് യാതൊരു പങ്കുകാരുമില്ലെന്നും ഞങ്ങൾ സാക്ഷ്യംവഹിക്കുന്നു. നിശ്ചയം, മുഹമ്മദ്(സ) അവന്റെ ദാസനും അവന്റെ ദൂതനുമാണെന്നും ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു.

അല്ലാഹുവിന്റെ ദാസരെ, അല്ലാഹു നിങ്ങൾക്ക് കരുണ ചെയ്യുമാറാകട്ടെ. നീതി പ്രവർത്തിക്കുവാനും നന്മ ചെയ്യുവാനും അടുത്ത ബന്ധുക്കൾക്ക് (അവരുടെ അവകാശങ്ങൾ) നല്കുവാനും അല്ലാഹു നിങ്ങളോട് കല്പിക്കുന്നു. നീചപ്രവൃത്തികളേയും ദുഷ്കർമ്മങ്ങളേയും അതിക്രമങ്ങളേയും അവൻ തടയുകയും നിങ്ങൾ ഉൽബുദ്ധരാകുന്നതിന്നായി അവൻ നിങ്ങളെ ഉപദേശിക്കുകയും ചെയ്യുന്നു. നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ. അവൻ നിങ്ങളേയും സ്മരിക്കുന്നതാണ്. അവനോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ; അവൻ

നിങ്ങൾക്ക് ഉത്തരം നല്കുന്നതാണ്. അല്ലാഹുവിനെ സ്മരിക്കുക യെന്നത് ഏറ്റവും വലിയ കാര്യമാകുന്നു."

## ചോദ്യങ്ങൾ

1. ജുമുഅ നമസ്കാരത്തെക്കുറിച്ച് വിവരിക്കുക?
2. ജുമുഅ നമസ്കാരം നിർബന്ധമല്ലാത്തവർ ആരെല്ലാം?
3. ജുമുഅ നമസ്കാരത്തിന് പള്ളിയിലിരിക്കുന്നവർ പാലിക്കേണ്ട മര്യാദകൾ എന്തെല്ലാം?
4. ജുമുഅ നമസ്കാരത്തിൽ നബി(സ) സാധാരണ ഓതിയിരുന്ന സൂറത്തുകൾ ഏതെല്ലാം?
5. ജുമുഅ നമസ്കാരം കൂടാത്തവർ എന്താണ് ചെയ്യേണ്ടത്?

****

## പാഠം– 7

# പെരുന്നാൾ നമസ്കാരം

വർഷത്തിൽ രണ്ട് പെരുന്നാളാണ് മുസ്ലിംകൾക്കുള്ളത്. ഒന്ന് റമദാനുശേഷം ശവ്വാൽ ഒന്നാം തിയ്യതിയാകുന്നു. അതിന് ഈദുൽഫിത്ര് (നോമ്പ് അവസാനിപ്പിക്കുന്ന പെരുന്നാൾ) എന്നു പറയുന്നു. മറ്റേത് ദുൽഹജ്ജ് പത്താം തിയ്യതിയാകുന്നു. അതിന് ഈദുൽ അള്ഹാ (ബലി പെരുന്നാൾ) എന്നാണ് പറയുന്നത്.

സ്ത്രീപുരുഷ വ്യത്യാസമെന്യേ എല്ലാ മുസ്ലിംകൾക്കും പെരുന്നാൾ നമസ്കാരം സുന്നത്താകുന്നു. അതിന്റെ സമയം സൂര്യനുദിച്ച് ചക്രവാളത്തിൽ സുമാർ ഏഴു മുഴം ഉയരുന്ന സമയം മുതൽ സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് നീങ്ങുന്നതുവരെയാണ്. കഴിയുന്നേടത്തോളം നേരത്തെ നമസ്കരിക്കുന്നത് ഉത്തമമാകുന്നു. പെരുന്നാൾ ദിവസം കുളിക്കുക, നല്ല വസ്ത്രം ധരിക്കുക, സുഗന്ധദ്രവ്യങ്ങളുപയോഗിക്കുക എന്നിവ സുന്നത്താകുന്നു. ഈദുൽഫിത്ര് ദിവസം നമസ്കാരത്തിന് മുമ്പേ വല്ല ആഹാരവും കഴിക്കുന്നത് സുന്നത്താണ്. ഈദുൽഅസ്ഹാ ദിവസം ആഹാരത്തിന് മുമ്പേ നമസ്കരിക്കുകയാണ് സുന്നത്ത്. അപ്രകാരംതന്നെ രണ്ട് പെരുന്നാൾ ദിവസവും നമസ്കാരത്തിന് പോകുമ്പോൾ ഒരു വഴിയിൽക്കൂടി പോകുകയും തിരിച്ചു വരുമ്പോൾ വേറൊരു വഴിയിൽക്കൂടി തിരിച്ചുവരികയും ചെയ്യുന്നതും സുന്നത്താകുന്നു. ഈദുൽഫിത്ര് നമസ്കാരത്തിന് മുമ്പേതന്നെ സദഖത്തുൽ ഫിത്റും ഈദ് ഫണ്ടും നിർവ്വഹിക്കേണ്ടത് നിർബ്ബന്ധമാകുന്നു. ഈദുൽഅസ്ഹാ നമസ്കാരം കഴിഞ്ഞാൽ ഖുർബാനി അറുക്കേണ്ടതാണ്. നമസ്കാരത്തിന് മുമ്പേ അറുത്താൽ അത് ഖുർബാനി ആകുകയില്ല. പെരുന്നാൾ നമസ്കാരങ്ങൾക്ക് ബാങ്കും ഇഖാമത്തും ഇല്ല. പെരുന്നാൾ ഖുത്ബ നമ

സ്കാരത്തിനുശേഷമാണ് നിർവ്വഹിക്കേണ്ടത്. ഈദുൽ ഫിത്വ്റിന്റെ ഖുത്വ്ബയിൽ ഇമാം 'സദഖത്തുൽ ഫിത്വ്റി'നെ സംബന്ധിച്ച് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കേണ്ടതാണ്. ബലിപെരുന്നാളിന്റെ ഖുത്വ്ബയിൽ ബലികർമ്മത്തെ സംബന്ധിച്ചും 'അയ്യാമുത്തശ്‌രീഖ്' ദിവസങ്ങളിൽ തക്ബീർ ചൊല്ലുന്നതിനെ സംബന്ധിച്ചും ശ്രോതാക്കളെ ധരിപ്പിക്കേണ്ടതാണ്. ഖുത്വ്ബ എല്ലാവരും ശ്രദ്ധാപൂർവ്വം കേൾക്കേണ്ടതാകുന്നു. പെരുന്നാൾ നമസ്കാരങ്ങൾ പട്ടണത്തിന് പുറത്തോ അല്ലെങ്കിൽ വല്ല തുറന്നസ്ഥലത്തോവച്ച് നിർവ്വഹിക്കേണ്ടതാണ്.

പെരുന്നാൾ നമസ്കാരം രണ്ട് റക്അത്താകുന്നു. അതിന് മുമ്പോ പിമ്പോ സുന്നത്തോ നഫ്ലോ നമസ്കരിക്കാൻ പാടില്ല.

പെരുന്നാൾ നമസ്കാരത്തിൽ സൂറത്തുൽ ഫാത്തിഹ ഓതുന്നതിന് മുമ്പേ ഒന്നാമത്തെ റക്അത്തിൽ ഏഴ് തക്ബീറുകളും, രണ്ടാമത്തെ റക്അത്തിൽ അഞ്ച് തക്ബീറുകളും അധികം ചൊല്ലേണ്ടതാണ്.

പെരുന്നാൾ നമസ്കാരത്തിൽ സൂറഖാഫും ഖമറും അല്ലെങ്കിൽ സൂറഃ അഅ്‌ലായും ഗാശിയായും അതുമല്ലെങ്കിൽ ജുമുഅയും മുനാഫിഖൂനും ഓതുന്നത് സുന്നത്താകുന്നു.

തലേദിവസം സന്ധ്യാസമയത്ത് ആകാശം മേഘാവൃതമായതു നിമിത്തം ചന്ദ്രൻ ദൃശ്യമാകാതിരിക്കുകയും പിറ്റേദിവസം ഉച്ചക്കു ശേഷം തലേദിവസം ചന്ദ്രൻ കാണപ്പെട്ടിരുന്നുവെന്ന് വിവരം ലഭിക്കുകയും ചെയ്യുന്നതായാൽ അന്ന് 'ഈദുൽഫിത്വ്റ്' നമസ്കാരം നിർവ്വഹിക്കപ്പെടാവതല്ല. അടുത്തദിവസം രാവിലെ നിർവ്വഹിക്കേണ്ടതാണ്. ഇനി വല്ല കാരണവശാലും അന്നും സാധ്യമായില്ലെങ്കിൽ പിന്നെ ഈദുൽഫിത്വ്റ് നമസ്കാരം നടത്താവതല്ല. ഈദുൽ അസ്ഹായിൽ മേൽപ്രകാരം സംഭവിക്കുന്നതായാൽ ദുൽഹജ്ജഃ പന്ത്രണ്ടാം തിയ്യതിവരെ പെരുന്നാൾ നമസ്കാരം നിർവ്വഹിക്കപ്പെടാവുന്നതാണ്.

ദുൽഹജ്ജ്ഃ ഒമ്പതാം തിയ്യതി സുബ്ഹ് മുതൽ പതിമൂന്നാം

തിയ്യതി അസ്വ്ർ വരെ (അയ്യാമുത്തശ്‌രീഖ്) എല്ലാ നമസ്കാരങ്ങൾക്ക് ശേഷവും തക്ബീർ ചൊല്ലേണ്ടതാണ്. അതിപ്രകാരമാകുന്നു:

اَللّٰهُ اَكْبَرُ، اَللّٰهُ اَكْبَرُ ۝ لَا اِلٰهَ اِلَّا اللّٰهُ
وَاللّٰهُ اَكْبَرُ ۝ اَللّٰهُ اَكْبَرُ، وَلِلّٰهِ الْحَمْدُ ۝

اَللّٰهُ അല്ലാഹു اَكْبَرُ ഏറ്റവും വലിയവനാകുന്നു لَا اِلٰهَ ഒരു ആരാധ്യനുമില്ല اِلَّا اللّٰهُ അല്ലാഹുവല്ലാതെ وَلِلّٰهِ അല്ലാഹുവിനാകുന്നു اَلْحَمْدُ സർവ്വസ്തുതിയും.

## ചോദ്യങ്ങൾ

1. റമദാനുശേഷം ശവ്വാൽ 1-ന് ആഘോഷിക്കുന്ന പെരുന്നാളിന്റെ പേരെന്ത്?
2. ദുൽഹജ്ജ് 10-ന് ആഘോഷിക്കുന്ന പെരുന്നാളിന്റെ പേരെന്ത്?
3. പെരുന്നാൾ നമസ്കാരത്തിന്റെ മര്യാദകൾ എന്തെല്ലാം?
4. ഈദുൽ ഫിത്വ്റിനു മുമ്പേ കൊടുക്കേണ്ടുന്ന ദാനധർമ്മത്തിന്റെ പേരെന്ത്?
5. ഖുർബാനി എന്നാൽ എന്ത്? അതെപ്പോഴാണ് നിർവ്വഹിക്കേണ്ടത്?
6. ഈദുൽഫിത്വ്റിന്റേയും ബലിപെരുന്നാളിന്റേയും ഖുത്വ്ബ വിഷയം എന്തായിരിക്കണം?
7. അയ്യാമുത്തശ്‌രീഖ് എന്നാൽ എന്ത്?
8. പെരുന്നാൾ നമസ്കാരത്തിന്റെ പ്രത്യേകത എന്ത്?
9. ദുൽഹജ്ജ് എത്രാം തിയ്യതി മുതൽ എത്രാം തിയ്യതിവരെയാണ് തക്ബീർ ചൊല്ലേണ്ടത്?
10. തക്ബീറിന്റെ പൂർണ്ണരൂപം എന്ത്?

## പാഠം – 8
# ഗ്രഹണ നമസ്കാരം

സൂര്യനോ, ചന്ദ്രനോ ഗ്രഹണം ഉണ്ടാകുമ്പോൾ നമസ്കരിക്കപ്പെടുന്ന നമസ്കാരത്തിനാണ് ഗ്രഹണനമസ്കാരം എന്നുപറയുന്നത്. ഇതിന് ബാങ്കും ഇഖാമത്തും ഇല്ല. ഗ്രഹണമുണ്ടാകുമ്പോൾ ആളുകൾ പള്ളിയിൽ ഒരുമിച്ചുകൂടുകയും ഇമാം അവരെ നമസ്കരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ നമസ്കാരം രണ്ട് റക്അത്താകുന്നു. ഓരോ റക്അത്തിലും ഈരണ്ട് റുകൂഉ് ചെയ്യുന്നു. ഇമാം ഉച്ചത്തിൽ ഖുർആൻ ഓതണം. ഗ്രഹണം അവസാനിക്കുന്നതുവരെ നമസ്കാരം നീട്ടുകയും ധാരാളം ദുആകൾ ചെയ്യുകയും വേണം. ഇമാം ഇല്ലെങ്കിൽ തനിയെ നമസ്കരിക്കേണ്ടതാണ്.

### ചോദ്യങ്ങൾ

1. ഗ്രഹണനമസ്കാരം അനുഷ്ഠിക്കുന്നതെപ്പോൾ?
2. ഗ്രഹണനമസ്കാരം അനുഷ്ഠിക്കുന്നതെങ്ങനെ?
3. ഗ്രഹണനമസ്കാരത്തിൽ എത്ര റുക്കൂഉകൾ ഉണ്ട്?
4. ഇമാം ഖുർആൻ പാരായണം ചെയ്യേണ്ടതെങ്ങനെ?

****

## പാഠം – 9
# ഇസ്തിഖാറഃ നമസ്കാരം

പ്രധാനപ്പെട്ട വല്ല കാര്യത്തിലും ഏർപ്പെടാനുദ്ദേശിക്കുന്ന ആൾ ഇസ്തിഖാറഃ നമസ്കാരം നിർവ്വഹിക്കേണ്ടതാണ്. ഇസ്തിഖാറഃ സുന്നത്താകുന്നു. അതായത്, അല്ലാഹുവിനോട് നന്മയെ ആവശ്യപ്പെടുക. അപ്പോൾ നല്ല കാര്യത്തിലേക്ക് അല്ലാഹു അവനെ നയിക്കുന്നതാണ്.

ഇശാ നമസ്കാരാനന്തരം രണ്ട് റക്അത്ത് നമസ്കരിക്കുക. പിന്നെ ഇസ്തിഖാറയുടെ ദുആ ചെയ്തുകൊണ്ട് ഉറങ്ങുക. ദുആ ഇപ്രകാരമാണ്:

اَللّٰهُمَّ اِنِّي اَستَخِيرُكَ بِعِلْمِكَ وَاَسْتَقْدِرُكَ بِقُدْرَتِكَ وَاَسْاَلُكَ مِنْ فَضْلِكَ الْعَظِيمِ، فَاِنَّكَ تَقْدِرُ وَلاَ اَقْدِرُ، وَتَعْلَمُ وَلاَ اَعْلَمُ وَاَنْتَ عَلاَّمُ الغُيوبِ. اَللّٰهُمَّ اِنْ كُنْتَ تَعْلَمُ اَنَّ هذَا الاَمْرَ خَيرٌ لِي فِي دِيْنِي وَمَعَاشِي وَعَاقِبَةِ اَمْرِي فَاقْدِرْهُ لِي وَيَسِّرْهُ لِي، ثُمَّ بَارِكْ لِي فِيهِ، وَاِنْ كُنْتَ تَعْلَمُ اَنَّ هذَا الاَمْرَ شَرٌّ لِي فِيْ دِينِي وَمَعَاشِيْ وَعَاقِبَةِ اَمْرِي فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ، واقْدِرْ لِي الخَيرَ حَيْثُ كَانَ ثُمَّ اَرْضِنِيْ بِهِ.

اَللّٰهُمَّ അല്ലാഹുവേ اِنِّي നിശ്ചയമായും ഞാൻ اَستَخِيرُكَ നിന്നോട് നന്മ തേടുന്നു بِعِلْمِكَ നിന്റെ അറിവിനെ മുൻനിറുത്തി وَاَسْتَقْدِرُكَ ഞാൻ നിന്നോട് കഴിവിനെ തേടുന്നു بِقُدْرَتِكَ നിന്റെ കഴിവിനെ മുൻനിറുത്തി وَاَسْاَلُكَ ഞാൻ നിന്നോടു യാചിക്കുന്നു مِنْ فَضْلِكَ الْعَظِيمِ നിന്റെ മഹത്തായ അനുഗ്രഹത്തിൽ നിന്ന് فَاِنَّكَ നിശ്ചയമായും നീ تَقْدِرُ കഴിവുറ്റവൻ ആകുന്നു وَلاَ اَقْدِرُ ഞാൻ കഴിവില്ലാത്തവനാണ്. وَتَعْلَمُ നീ അറിയുന്നു وَلاَ اَعْلَمُ ഞാനറിയുന്നില്ല وَاَنْتَ നീ തന്നെയാണ് عَلاَّمُ എല്ലാം അറിയുന്നവൻ الغُيوبِ പരോക്ഷകാര്യങ്ങൾ اَللّٰهُمَّ അല്ലാഹുവേ اِنْ كُنْتَ تَعْلَمُ അഥവാ നിന്റെ അറിവിൽ اَنَّ هذَا الاَمْرَ ഇക്കാര്യം خَيرٌ لِي എനിക്ക്നല്ലതാണെങ്കിൽ فِي دِيْنِي എന്റെ ദീനിൽ وَمَعَاشِي എന്റെ ജീവിതത്തിലും وَعَاقِبَةِ പര്യവസാനത്തിലും اَمْرِي എന്റെ കാര്യത്തിന്റെ فَاقْدِرْهُ لِي അപ്പോൾ നീ അതെനിക്കായി നിർണ്ണയിച്ച് തരിക وَيَسِّرْهُ لِي അതിനെ എളുപ്പമാക്കിത്തരികയും ചെയ്യുക ثُمَّ പിന്നെ بَارِكْ لِي എനിക്ക് അനുഗ്രഹം ചെയ്യുക فِيهِ അതിൽ وَاِنْ كُنْتَ تَعْلَمُ അഥവാ നിന്റെ അറിവിൽ اَنَّ هذَا الاَمْرَ ഇക്കാര്യം شَرٌّ لِي എനിക്ക് ദോഷകരമാണെങ്കിൽ فِيْ دِينِي എന്റെ ദീനിൽ وَمَعَاشِيْ എന്റെ ജീവിതത്തിലും

| |
|---|
| وَعَاقِبَةِ പര്യവസാനത്തിലും أَمْرِي എന്റെ കാര്യത്തിന്റെ فَاصْرِفْهُ عَنِّي അപ്പോൾ അതിനെ നീ അകറ്റേണമേ وَاقْدِرْ നീ അധീനമാക്കുകയും ചെയ്യേണമേ لِي എനിക്കായി الْخَيْرَ നല്ല തിനെ حَيْثُ كَانَ എവിടെയാണോ അവിടെ ثُمَّ أَرْضِنِي പിന്നെ എന്നെ തൃപ്തനാക്കുകയും ചെയ്യേണമേ بِهِ അതിനെക്കൊണ്ട് |

അർത്ഥം:- അല്ലാഹുവേ, നിന്റെ അറിവിനെ മുൻനിറുത്തി ഞാൻ നിന്നോട് നന്മ ആവശ്യപ്പെടുന്നു. നിന്റെ കഴിവിനെ മുൻനിറുത്തി ഞാൻ നിന്നോട് കഴിവിനെ തേടുന്നു. നിന്റെ മഹത്തായ അനുഗ്രഹത്തിൽനിന്ന് ഞാൻ യാചിക്കുന്നു. നിശ്ചയമായും നീ കഴിവുറ്റവനും ഞാൻ കഴിവില്ലാത്തവനുമാകുന്നു. നീ അറിയുന്നു. ഞാൻ അറിയുന്നില്ല. നീ എല്ലാ പരോക്ഷകാര്യങ്ങളും അറിയുന്നവനത്രെ. അല്ലാഹുവേ, ഈ കാര്യം എന്റെ ദീനിലും എന്റെ ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും എനിക്ക് ഗുണകരമാണെന്ന് നീ കാണുന്നുവെങ്കിൽ നീ അതെനിക്കായി നിർണ്ണയിക്കുകയും അക്കാര്യം എളുപ്പമാക്കിത്തരികയും പിന്നെ അതിൽ എനിക്ക് അനുഗ്രഹം നല്കുകയും ചെയ്യേണമേ. ഈ കാര്യം എന്റെ ദീനിലും, എന്റെ ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും എനിക്ക് ദോഷകരമാണെന്ന് നീ കാണുന്നുവെങ്കിൽ എന്നിൽനിന്ന് അതിനേയും അതിൽനിന്ന് എന്നേയും അകറ്റേണമേ. ഗുണം എവിടെയുണ്ടോ അതെനിക്ക് അധീനമാക്കുകയും, അതിൽ എന്നെ തൃപ്തനാക്കുകയും ചെയ്യേണമേ.”

## ചോദ്യങ്ങൾ

1. എന്താണ് ഇസ്തിഖാറ നമസ്കാരം?
2. ഇസ്തിഖാറ നമസ്കാരത്തിന്റെ രീതി എങ്ങനെ?

****

## പാഠം– 10

# മഴയ്ക്കുവേണ്ടിയുള്ള നമസ്കാരവും 'ഹാജത്ത്' നമസ്കാരവും

മഴ പെയ്യാതിരിക്കുകയും മഴയ്ക്കു വളരെ ആവശ്യം നേരിടുകയും ചെയ്യുമ്പോൾ എല്ലാവരും പട്ടണത്തിനു പുറത്തുള്ള ഒരു തുറന്ന മൈതാനത്തിൽ സമ്മേളിച്ച് അവിടെവച്ച് രണ്ട് റക്അത്ത് നമസ്കരിക്കുക. അതിൽ ഇമാം ഖുർആൻ ഉച്ചത്തിൽ ഓതണം. നമസ്കാരാനന്തരം ഇമാം ഖുത്ബ ഓതുകയും വേണം. പിന്നീട് എല്ലാവരും ഖിബ്ലയെ അഭിമുഖീകരിച്ച് മഴ പെയ്യാതിരിക്കാൻ കാരണമായിത്തീർന്ന പാപം പൊറുത്തുകിട്ടുവാനും അല്ലാഹുവിന്റെ കാരുണ്യം ഉണ്ടായിത്തീരുവാനും വേണ്ടി ഭക്തിപൂർവ്വം ദുആയും ഇസ്തിഗ്ഫാറും ചെയ്യുക.

### 'ഹാജത്ത്' നമസ്കാരം

ആർക്കെങ്കിലും വല്ല ആവശ്യവും നേരിട്ടാൽ ആ ആൾ 'ഹാജത്ത്' നമസ്കാരം നിർവ്വഹിക്കേണ്ടതാണ്. അത് നിർവ്വഹിക്കേണ്ട ക്രമം ഇപ്രകാരമാണ്:

'വുസു' ചെയ്ത് രണ്ട് റക്അത്ത് നമസ്കരിക്കുക. പിന്നെ അല്ലാഹുവിനെ സ്തുതിക്കുകയും നബി(സ) തിരുമേനിയുടെമേൽ 'സ്വലാത്ത്' ചൊല്ലുകയും ചെയ്യുക. അനന്തരം ആവശ്യം നിർവ്വഹിച്ചുകിട്ടാനുള്ള ദുആ ചെയ്യുക. അത് താഴെ ചേർക്കുന്നു.

لَا اِلَهَ اِلاَّ اللهُ الحَلِيْمُ الكَرِيْمُ، سُبْحَانَ اللهِ رَبِّ العَرْشِ العَظِيْمِ: الحَمْدُ لِلّٰهِ رَبِّ العٰلَمِيْنَ. اَسْاَلُكَ مُوجِبَاتِ رَحْمتِكَ، وَعَزَائِمَ مَغْفِرَتِكَ، وَالغَنِيْمَةَ مِنْ كُلِّ بِرٍّ وَالسَّلاَمَةَ مِنْ كُلِّ اِثْمٍ، لَا تَدَعْ لِي ذَنْبًا اِلاَّ غَفَرْتَهُ، وَلاَ هَمًّا اِلاَّ فَرَّجْتَهُ، وَلاَ حَاجَةً هِيَ لَكَ رِضًى اِلاَّ قَضَيْتَهَا، يَا اَرْحَمَ الرَّاحِمِيْنَ.

لَا اِلَٰهَ ഒരു ആരാധ്യനുമില്ല اِلَّا اللّٰهُ അല്ലാഹുവല്ലാതെ الحَلِيْمُ സഹനശീലൻ الكَرِيْمُ ഔദാര്യവാൻ سُبْحَانَ ഞാൻ പരിശുദ്ധിയെ വാഴ്ത്തുന്നു اللّٰهِ അല്ലാഹുവിന്റെ رَبِّ അധിപനായ العَرْشِ സിംഹാസനത്തിന്റെ العَظِيْمِ മഹത്വമുടയ الحَمْدُ എല്ലാ സ്തുതിയും لِلّٰهِ അല്ലാഹുവിന്നാകുന്നു رَبِّ പരിപാലകൻ العٰلَمِيْنَ സർവ്വലോകത്തിന്റേയും اَسْاَلُكَ ഞാൻ നിന്നോടു ചോദിക്കുന്നു مُوجِبَاتِ കാരണമാക്കിത്തീർക്കുന്നു رَحْمَتِكَ، നിന്റെ കാരുണ്യത്തിന് وَعَزَائِمَ ബന്ധപ്പെട്ട കാര്യങ്ങളും مَغْفِرَتِكَ നീ പൊറുത്തു തരുന്നതിന് وَالغَنِيْمَةَ വിജയവും مِنْ كُلِّ بِرٍّ എല്ലാ നന്മകളും وَالسَّلَامَةَ രക്ഷയും مِنْ كُلِّ اِثْمٍ എല്ലാ പാപങ്ങളിൽനിന്നും لَا تَدَعْ لِي എനിക്കായി വിട്ടുകളയരുതേ ذَنْبًا ഒരു പാപവും اِلَّا غَفَرْتَهُ നീ എനിക്കു പൊറുത്തുതരാതെ وَلَا هَمًّا ഒരു ദുഃഖവും ബാക്കിയാക്കരുതേ اِلَّا فَرَّجْتَهُ അതിനെ അകറ്റാതെകണ്ട് وَلَا حَاجَةً ഒരാവശ്യവും വിട്ടുകളയരുതേ هِيَ لَكَ رِضًى നിന്റെ തൃപ്തിയുള്ള ഒരു കാര്യവും എനിക്കായി اِلَّا قَضَيْتَهَا، അത് നിറവേറ്റാതെ يَا اَرْحَمَ കാരുണ്യമായുള്ളവനേ الرَّاحِمِيْنَ. കാരുണ്യവാന്മാരിൽ.

അർത്ഥം: സഹനശീലനും ഔദാര്യവാനുമായ അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. മഹത്വമുടയ സിംഹാസനാധിപതിയായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. സകല സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. നിന്റെ കാരുണ്യത്തിന് കാരണമാക്കിത്തീർക്കുന്ന സംഗതികൾ നിന്നോട് ഞാൻ ചോദിക്കുന്നു. നീ പൊറുത്തുതരുന്നതിന് ബാധ്യതപ്പെട്ട കാര്യങ്ങളും (ഞാൻ നിന്നോട് ചോദിക്കുന്നു). എല്ലാ നന്മകളും വിജയവും എല്ലാ പാപങ്ങളിൽനിന്നുമുള്ള രക്ഷയും (ഞാൻ നിന്നോട് ചോദിക്കുന്നു). ഒരു പാപവും നീ എനിക്ക് പൊറുത്തുത

രാതെ വിട്ടുകളയരുതേ. ഒരു ദുഃഖവും എന്നിൽനിന്ന് നീ അകറ്റാതിരിക്കരുതേ. നിനക്ക് തൃപ്തിയുള്ള എന്റെ ഒരാവശ്യവും നീ നിറവേറ്റാതെ വിട്ടുകളയരുതേ. കാരുണ്യവാന്മാരിൽ ഏറ്റവും കാരുണ്യവാനായുള്ളവനേ (നീ എന്റെ പ്രാർത്ഥന സ്വീകരിച്ചാലും).

## ചോദ്യങ്ങൾ

1. മഴയ്ക്കുവേണ്ടിയുള്ള നമസ്കാരം അനുഷ്ഠിക്കേണ്ടത് എപ്പോൾ? എങ്ങനെ? എവിടെ?
2. ഹാജത്ത് നമസ്കാരം എന്നാൽ എന്ത്?
3. ഹാജത്ത് നമസ്കരിക്കുന്നതെങ്ങനെ?

****

## പാഠം– 11

# രോഗിയുടെ നമസ്കാരവും ജനാസ നമസ്കാരവും

രോഗിയായ ഒരാൾക്ക് നിന്ന് നമസ്കരിക്കുവാൻ സാധ്യമല്ലെങ്കിൽ അയാൾ ഇരുന്ന് നമസ്കരിക്കേണ്ടതാണ്. അതിനും സാധ്യമല്ലെങ്കിൽ ചെരിഞ്ഞുകിടന്നോ മലർന്നുകിടന്നോ നമസ്കരിക്കാവുന്നതാണ്. റുകൂഅ്, സുജൂദ് മുതലായവ ആംഗ്യം മുഖേന നിർവ്വഹിക്കണം. ചുരുക്കത്തിൽ ഏതുവിധത്തിൽ സാധിക്കുമോ ആ വിധത്തിൽ നമസ്കരിക്കേണ്ടത് നിർബ്ബന്ധമാകുന്നു.

ഒരു മുസ്ലിം മരണപ്പെട്ടാൽ അയാൾക്കുവേണ്ടി ജനാസ നമസ്കാരം നിർവ്വഹിക്കേണ്ടത് സാമൂഹികമായ കടമ (ഫർള് കിഫായ) കളിൽപെട്ടതാകുന്നു. ജനാസ നമസ്കാരത്തിൽ റുകുഉം സുജൂദുമില്ല. അതിന്റെ രൂപം താഴെ പറയുന്നു.

'വുസു' ചെയ്ത് 'ജനാസ' നമസ്കരിക്കുന്നുവെന്ന് 'നിയ്യത്ത്' ചെയ്തുകൊണ്ട് 'അല്ലാഹു അക്ബർ' എന്ന് ചൊല്ലി കൈ കെട്ടുക. അനന്തരം ***സുബ്ഹാനക്കല്ലാഹുമ്മ*** എന്നു തുടങ്ങുന്ന സ്തുതിവചനവും സൂറത്തുൽ ഫാത്തിഹയും ഓതുക. പിന്നീട് വീണ്ടും 'അല്ലാഹു അക്ബർ' എന്ന് ചൊല്ലി നമസ്കാരത്തിൽ അത്തഹിയ്യാത്തുവിന് ശേഷം ചൊല്ലാറുള്ള 'സ്വലാത്ത്' മുഴുവനും ചൊല്ലുക. പിന്നെ മൂന്നാമതും 'അല്ലാഹു അക്ബർ' എന്ന് ചൊല്ലി താഴെ ചേർക്കുന്ന രണ്ട് ദുആയും ഒന്നിനുശേഷം ഒന്നായോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ദുആ മാത്രമായോ ചൊല്ലുക. അനന്തരം, നാലാമതും 'അല്ലാഹു അക്ബർ' എന്ന് ചൊല്ലി സലാം വീട്ടുക.

ജനാസ നമസ്കാരത്തിന്റെ ദുആകൾ

اَللّٰهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَ
غَائِبِنَا وَصَغِيْرِنَا وَكَبِيْرِنَا وَذَكَرِنَا وَاُنْثَانَا - اَللّٰهُمَّ
مَنْ اَحْيَيْتَهُ مِنَّا فَاَحْيِهِ عَلَى الْاِسْلَامِ - وَمَنْ تَوَفَّيْتَهُ
مِنَّا فَتَوَفَّهُ عَلَى الْاِيْمَانَ - اَللّٰهُمَّ لَا تَحْرِمْنَا اَجْرَهُ
وَلَا تَفْتِنَّا بَعْدَهُ -

اَللّٰهُمَّ അല്ലാഹുവേ اِغْفِرْ പൊറുത്തുതരേണമേ لِحَيِّنَا ഞങ്ങളിൽ ജീവിച്ചിരിപ്പുള്ളവർക്ക് وَمَيِّتِنَا ഞങ്ങളിൽനിന്ന് മരിച്ചുപോയവർക്കും وَشَاهِدِنَا ഞങ്ങളിൽ ഹാജരുള്ളവർക്കും وَغَائِبِنَا ഞങ്ങളിൽ ഹാജരില്ലാത്തവർക്കും وَصَغِيْرِنَا ഞങ്ങളിൽ ചെറിയവർക്കും وَكَبِيْرِنَا ഞങ്ങളിൽ വലിയവർക്കും وَذَكَرِنَا ഞങ്ങളിലെ പുരുഷന്മാർക്കും وَاُنْثَانَا ഞങ്ങളിലെ സ്ത്രീകൾക്കും اَللّٰهُمَّ അല്ലാഹുവേ مَنْ ആരേ اَحْيَيْتَهُ നീ ജീവിപ്പിച്ചിരുത്തുന്നുവോ مِنَّا ഞങ്ങളിൽനിന്ന് فَاَحْيِهِ അവനെ ജീവിപ്പിച്ചുനിറുത്തേണമേ عَلَى الْاِسْلَامِ ഇസ്ലാമിൽത്തന്നെ وَمَنْ تَوَفَّيْتَهُ ആരെ നീ മരിപ്പിക്കുന്നുവോ مِنَّا ഞങ്ങളിൽനിന്ന് فَتَوَفَّهُ അവനെ നീ മരിപ്പിക്കേണമേ عَلَى الْاِيْمَانَ ഈമാനോടുകൂടി اَللّٰهُمَّ അല്ലാഹുവേ لَا تَحْرِمْنَا ഞങ്ങൾക്കു തടയരുതേ اَجْرَهُ ഇതിന്റെ പുണ്യം وَلَا تَفْتِنَّا ഞങ്ങളെ ഒരിക്കലും പരീക്ഷണത്തിൽ അകപ്പെടുത്തരുതേ بَعْدَهُ അതിനുശേഷം

അർത്ഥം: ‘‘അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിപ്പുള്ളവർക്കും ഞങ്ങളിൽനിന്ന് മരിച്ചുപോയവർക്കും, ഞങ്ങളിൽ ഹാജരുള്ള വർക്കും ഹാജരില്ലാത്തവർക്കും, ഞങ്ങളിൽ വലിയവർക്കും ചെറി യവർക്കും, ഞങ്ങളിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും പൊറുത്തു തരേണമേ. അല്ലാഹുവേ, ഞങ്ങളിൽ ആരെ ജീവിപ്പിച്ചിരുത്തുന്നുവോ അവനെ നീ ഇസ്‌ലാമിൽത്തന്നെ നിലനിറുത്തേണമേ. ഞങ്ങളിൽ നിന്ന് ആരെ നീ മരിപ്പിക്കുന്നുവോ അവനെ നീ ഈമാനോടുകൂടി മരിപ്പിക്കേണമേ. അല്ലാഹുവേ, ഇതിന്റെ പുണ്യം ഞങ്ങൾക്ക് തടയ രുതേ. അതിനുശേഷം ഒരിക്കലും നീ ഞങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തരുതേ.’’

اَللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَعَافِهِ وَاعْفُ عَنْهُ وَاَكْرِمْ
نُزُلَهُ وَوَسِّعْ مَدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ
وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ
الْاَبْيَضُ مِنَ الدَّنَسِ وَاَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ
وَاَهْلًا خَيْرًا مِنْ اَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ
وَاَدْخِلْهُ الْجَنَّةَ وَاَعِذْهُ مِنْ عَذَابِ الْقَبْرِ
وَمِنْ عَذَابِ النَّارِ

اَللّٰهُمَّ അല്ലാഹുവേ اِغْفِرْلَهُ ഇയാൾക്കു നീ പൊറുത്തുകൊ ടുക്കേണമേ وَارْحَمْهُ ഇയാൾക്കു കരുണ ചെയ്യേണമേ وَعَافِهِ ഇയാൾക്കു സൗഖ്യം നല്കേണമേ وَاعْفُ عَنْهُ ഇയാൾക്കു മാപ്പു ചെയ്തുകൊടുക്കേണമേ وَأَكْرِمْ മാന്യമാക്കേണമേ نُزُلَهُ ഇയാളുടെ ആതിഥ്യം وَوَسِّعْ വിശാലമാക്കുകയും ചെയ്യേണമേ

مَدْخَلَهُ ഇയാളുടെ പ്രവേശന സ്ഥലം وَاغْسِلْهُ ഇയാളെ കുളിപ്പിക്കേണമേ بِالْمَاءِ വെള്ളംകൊണ്ടും وَالثَّلْجِ ഐസ്കൊണ്ടും وَالْبَرَدِ ആലിപ്പഴംകൊണ്ടും وَنَقِّهِ നീ ശുദ്ധീകരിക്കേണമേ مِنَ الْخَطَايَا പാപങ്ങളിൽനിന്ന് كَمَا يُنَقَّى നീ ശുദ്ധീകരിച്ചതുപോലെ الثَّوْبُ الْأَبْيَضُ വെള്ളം വസ്ത്രത്തെ مِنَ الدَّنَسِ അഴുക്കിൽനിന്ന് وَأَبْدِلْهُ നീ നല്കേണമേ ഇയാൾക്ക് دَارًا വീട് خَيْرًا مِنْ دَارِهِ ഇയാളുടെ വീട്ടിനേക്കാൾ ഉന്നതമായ وَأَهْلًا കുടുംബവും خَيْرًا مِنْ أَهْلِهِ ഇയാളുടെ കുടുംബക്കാരേക്കാൾ ഉത്തമമായ وَزَوْجًا ഇണയും خَيْرًا مِنْ زَوْجِهِ ഇയാളുടെ ഇണയേക്കാൾ ഉത്തമമായ وَأَدْخِلْهُ ഇയാളെ പ്രവേശിപ്പിക്കേണമേ الْجَنَّةَ സ്വർഗ്ഗത്തിൽ وَأَعِذْهُ ഇയാളെ രക്ഷിക്കേണമേ مِنْ عَذَابِ الْقَبْرِ ഖബ്റിലെ ശിക്ഷയിൽ നിന്ന് وَمِنْ عَذَابِ النَّارِ അഗ്നിയുടെ ശിക്ഷയിൽനിന്നും.

അർത്ഥം:- അല്ലാഹുവേ, നീ ഈ മരിച്ച ആൾക്ക് പൊറുത്തുകൊടുക്കേണമേ. ഇയാൾക്ക് കരുണ ചെയ്യേണമേ, സൗഖ്യം നല്കേണമേ, ഇയാൾക്ക് മാപ്പ് ചെയ്ത് കൊടുക്കേണമേ, ഇയാളുടെ ആതിഥ്യം മാന്യമാക്കേണമേ. ഇയാളുടെ പ്രവേശനസ്ഥലം വിശാലമാക്കേണമേ. ഇയാളെ വെള്ളംകൊണ്ടും ഐസുകൊണ്ടും ആലിപ്പഴംകൊണ്ടും കുളിപ്പിക്കേണമേ. വെള്ളവസ്ത്രം അഴുക്കിൽനിന്ന് നീ ശുദ്ധീകരിച്ചതുപോലെ പാപങ്ങളിൽനിന്ന് ഇയാളെ നീ ശുദ്ധീകരിക്കേണമേ, ഇയാളുടെ ഭവനത്തേക്കാൾ ഉത്തമമായ ഒരു ഭവനവും, ഇയാളുടെ കുടുംബത്തേക്കാൾ ഉത്തമമായ ഒരു കുടുംബവും ഇയാളുടെ ജീവിതസഖിയേക്കാൾ ഉത്തമയായ ഒരു ജീവിതസഖിയേയും ഇയാൾക്ക് നീ നല്കേണമേ. ഇയാളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ. ഖബ്റിലെ ശിക്ഷയിൽനിന്നും നരകശിക്ഷയിൽ നിന്നും ഇയാളെ നീ രക്ഷിക്കേണമേ.”

പ്രായപൂർത്തി വരാത്ത കുട്ടികളുടെ ജനാസയാണ് നമസ്കരിക്കുന്നതെങ്കിൽ താഴെ പറയുന്ന ദുആ ചൊല്ലേണ്ടതാണ്. ആൺകുട്ടിക്കുവേണ്ടി:

اَللّٰهُمَّ اجْعَلْهُ لَنَا فَرَطًا وَّاجْعَلْهُ لَنَا اَجْرًا
وَّاجْعَلْهُ لَنَا شَافِعًا وَّمُشَفَّعًا

اَللّٰهُمَّ അല്ലാഹുവേ اِجْعَلْهُ لَنَا ഇവനെ ഞങ്ങൾക്ക് ആക്കേണമേ فَرَطًا മുന്നൊരുക്കക്കാരൻ وَّاجْعَلْهُ لَنَا ഇവനെ ഞങ്ങൾക്ക് ആക്കേണമേ اَجْرًا പ്രതിഫലത്തിനു കാരണക്കാരൻ وَّاجْعَلْهُ لَنَا ഇവനെ ഞങ്ങൾക്ക് ആക്കേണമേ شَافِعًا ശിപാർശകൻ وَّمُشَفَّعًا ശിപാർശ സ്വീകരിക്കപ്പെടുന്നവൻ

അർത്ഥം:- ''അല്ലാഹുവേ, ഈ കുട്ടിയെ നീ ഞങ്ങൾക്ക് ഒരു മുന്നൊരുക്കക്കാരനാക്കേണമേ. ഇവനെ നീ ഞങ്ങൾക്ക് പ്രതിഫലത്തിന് കാരണമാക്കേണമേ. ഇവനെ നീ ഞങ്ങൾക്ക് ഒരു ശിപാർശകനും ശിപാർശ സ്വീകരിക്കപ്പെടുന്നവനും ആക്കേണമേ.

പെൺകുട്ടിയാണെങ്കിൽ:

اَللّٰهُمَّ اجْعَلْهَا لَنَا فَرَطًا وَّاجْعَلْهَا لَنَا اَجْرًا
وَّاجْعَلْهَا لَنَا شَافِعَةً وَّمُشَفَّعَةً

| |
|---|
| اَللّٰهُمَّ അല്ലാഹുവേ اجْعَلْهَا لَنَا ഇവളെ ഞങ്ങൾക്ക് ആക്കിത്തരേണമേ فَرَطًا മുന്നൊരുക്കക്കാരി وَّاجْعَلْهَا لَنَا ഇവളെ ഞങ്ങൾക്ക് ആക്കിത്തരേണമേ اَجْرًا പ്രതിഫലത്തിന് കാരണക്കാരി وَّاجْعَلْهَا لَنَا ഇവളെ ഞങ്ങൾക്ക് ആക്കിത്തരേണമേ شَافِعَةً ശിപാർശക وَّمُشَفَّعَةً ശിപാർശ സ്വീകരിക്കപ്പെടുന്നവൾ |

## ചോദ്യങ്ങൾ

7. രോഗിയുടെ നമസ്കാരം വിവരിക്കുക?
8. എന്താണ് ഫർള് കിഫായ?
9. ജനാസ നമസ്കാരത്തിന്റെ രീതി വിവരിക്കുക?
10. ജനാസ നമസ്കാരത്തിന്റെ പ്രാർത്ഥനകൾ വിവരിക്കുക?
11. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പ്രാർത്ഥനകൾ വിവരിക്കുക?

****

## പാഠം – 12
# ഹദ്റത്ത് മുഹമ്മദ് നബി(സ)

ഹദ്റത്ത് മുഹമ്മദ് നബി(സ) അറേബ്യാരാജ്യത്ത് മക്കാപട്ടണത്തിൽ ക്രിസ്ത്വബ്ദം 570 ആഗസ്ത് 20 റബിഉൽ അവ്വൽ 12 (571 ഏപ്രിൽ 20 റബിഉൽ അവ്വൽ 9 എന്നും അഭിപ്രായമുണ്ട്)ന് ജനിച്ചു. അദ്ദേഹത്തിന്റെ ആഗമനത്തിനുമുമ്പേ ലോകം മുഴുവനും വഴിപിഴച്ചുപോയിരുന്നു. മനുഷ്യർ ദൈവത്തെ ഉപേക്ഷിക്കയാൽ എല്ലാവരും അധർമ്മത്തിൽ മുഴുകിപ്പോയിരുന്നു.

തിരുമേനി ദൈവനിയുക്തനാണെന്ന് വെളിപ്പെടുത്തിയപ്പോൾ ഏതാണ്ട് എല്ലാവരുംതന്നെ അദ്ദേഹത്തിന്റെ ശത്രുക്കളായിത്തീർന്നു. അവർ അദ്ദേഹത്തെ ഉപദ്രവിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ സഹായിക്കുവാൻ വളരെ കുറച്ചുപേർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. മറ്റെല്ലാവരും അദ്ദേഹത്തെ ഉപദ്രവിക്കുന്നത് പുണ്യകർമ്മമായിക്കരുതിയിരുന്നു. ഇദ്ദേഹം ഭ്രാന്തനാണ്, മാരണക്കാരനാണ്, കവിയാണ്, ദുസ്വപ്നങ്ങൾ കാണുന്നവനാണ് എന്നെല്ലാം അവർ ആക്ഷേപിച്ചു. 'ഇദ്ദേഹം സന്താനരഹിതനാണ്, ഇദ്ദേഹത്തിനുശേഷം ഈ പ്രസ്ഥാനം നശിച്ചുപോകു'മെന്ന് പറയുന്നവരും ഉണ്ടായിരുന്നു. പക്ഷേ, നബ(സ) തിരുമേനി പറഞ്ഞു: "എന്നോട് അല്ലാഹു പറയുന്നു, നിങ്ങൾക്കെന്നെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അവൻ എന്നെ രക്ഷിക്കുന്നതാണ്. നിങ്ങളെന്നെ വിശ്വസിക്കുകയാണെങ്കിൽ ഈ ലോകത്ത് നിങ്ങൾ വിജയിക്കുകയും പരലോകത്ത് നിങ്ങൾക്ക് ധാരാളം അനുഗ്രഹം ലഭിക്കുകയും ചെയ്യും. എന്നാൽ, നിങ്ങളെന്നെ നിഷേധിക്കുകയാണെങ്കിൽ ഈ ലോകത്ത് നിങ്ങൾ പരാജയമടയു

കയും പരലോകത്ത് കഠിനമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും നരകത്തിൽ പതിക്കുകയും ചെയ്യും.”

ഇതെല്ലാം കേട്ടപ്പോൾ ജനങ്ങൾ പരിഹസിക്കുകയാണ് ചെയ്തത്. പക്ഷേ, നബി(സ) തിരുമേനി അതൊന്നും വകവെക്കാതെ തന്റെ ജോലി നിർവ്വഹിച്ചുകൊണ്ടേയിരുന്നു. ക്രമേണ ചില നല്ല മനുഷ്യർ അദ്ദേഹത്തെ വിശ്വസിച്ചു തുടങ്ങി. അവർ ബഹുദൈവാരാധന ഉപേക്ഷിക്കുകയും ഏകദൈവാരാധന സ്വീകരിക്കുകയും ചെയ്തു.

പുരുഷന്മാരിൽനിന്ന് ഒന്നാമതായി തിരുമേനിയെ വിശ്വസിച്ചത് ഹദ്റത്ത് അബൂബക്കർ(റ)ഉം സ്ത്രീകളിൽനിന്ന് ഹദ്റത്ത് ഖദീജ(റ)യും കുട്ടികളിൽനിന്ന് ഹദ്റത്ത് അലി(റ)യും അടിമകളിൽനിന്ന് ഹദ്റത്ത് സയ്ദ്(റ)ഉം ഹദ്റത്ത് ബിലാൽ(റ)ഉം ആയിരുന്നു.

ആദ്യത്തെ മൂന്ന് കൊല്ലം നബി(സ) തിരുമേനി രഹസ്യമായി പ്രബോധനം നടത്തിവന്നു. പിന്നീട് പരസ്യമായിട്ട് പ്രബോധനം ആരംഭിച്ചു. ഇസ്‌ലാം പ്രചരിച്ചു തുടങ്ങിയപ്പോൾ ശത്രുക്കൾ നബി(സ) തിരുമേനിയെ വധിക്കാൻ ഒരുങ്ങി. അപ്പോൾ ദൈവകല്പനയനുസരിച്ച് തന്റെ പ്രിയപ്പെട്ട സ്വദേശമായ മക്കയെ ഉപേക്ഷിച്ച് മദീനയിലേക്ക് അദ്ദേഹം ഹിജ്റ (പലായനം) ചെയ്തു. അവിടെവച്ച് സ്വതന്ത്രമായി പ്രബോധനം നടത്തിയതിന്റെ ഫലമായി ഇസ്‌ലാം അതിവേഗത്തിൽ പ്രചരിച്ചുതുടങ്ങി. ഇത് ശത്രുക്കൾക്ക് തീരെ സഹിച്ചില്ല. നബി(സ) തിരുമേനിയെ നശിപ്പിക്കുവാൻ അവർ അവിടെയും എത്തി. ദൈവകല്പനയനുസരിച്ച് നബി(സ) തിരുമേനിയ്ക്ക് ആത്മരക്ഷാർത്ഥം അവരോട് യുദ്ധം ചെയ്യേണ്ടിവന്നു. എല്ലാ യുദ്ധങ്ങളിലും ശത്രുക്കൾ പരാജയപ്പെട്ടു. അബൂജഹൽ, ഉത്ബ, ശേയ്ബ മുതലായ ശത്രുനേതാക്കന്മാർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. ശത്രുക്കളുടെ എല്ലാ ഉദ്ദേശ്യങ്ങളും തകർന്നു തരിപ്പണമായി. അവസാനം നബി(സ) തിരുമേനി മക്കാപട്ടണം ജയിച്ചടക്കി. എന്നാൽ, അവരോട് തീരെ പ്രതികാരം ചെയ്തില്ല. മറിച്ച്, എല്ലാവർക്കും മാപ്പുകൊടുത്തു. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ അറേബ്യ മുഴുവനും ഇസ്‌ലാംമതം സ്വീകരിച്ചു. നബി(സ) തിരുമേനിയെ വിശ്വസിച്ചവർ

സാത്ത്വികരും ലോകത്തിന് മാതൃകയുള്ളവരുമായിത്തീർന്നു. അവർ ഈ ലോകത്ത് വിജയിക്കുകയും അവർക്ക് രാജാധികാരം ലഭിക്കുകയും ചെയ്തു. പരലോകത്തും അവർ വിജയികളായിത്തീർന്നു.

നബി(സ) തിരുമേനിയുടെ സ്വഭാവഗുണങ്ങൾ വളരെ ഉന്നതമായിരുന്നു. സകല സൽഗുണങ്ങളും നബി(സ) തിരുമേനിയിൽ സമ്മേളിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തിന് ധാരാളം ധനം നല്കി. പക്ഷേ, അതെല്ലാം അവിടന്ന് ദൈവമാർഗ്ഗത്തിൽ ചെലവഴിച്ചു. തനിക്കുവേണ്ടി ഒന്നും ബാക്കിവെച്ചില്ല. സ്വന്തമായി ഒരു കെട്ടിടംപോലും നിർമ്മിച്ചില്ല, മണ്ണുകൊണ്ട് നിർമ്മിക്കപ്പെട്ട വീടുകളിൽ ജീവിതകാലം മുഴുവനും കഴിച്ചുകൂട്ടി. ശത്രുക്കൾക്കുപോലും നന്മ ചെയ്തു. സാധുക്കളെ സദാ സഹായിച്ചു. അതിഥികളെ സൽക്കരിച്ചു. അവിടന്ന് വളരെ ധീരനും സഹനശീലനും വളരെയധികം വിട്ടുവീഴ്ച ചെയ്യുന്ന ആളും കാഴ്ചയിൽ ഗാംഭീര്യമുള്ള ആളും എന്നാൽ, സൗമ്യശീലനും ആയിരുന്നു. ഒരു തവണ അദ്ദേഹത്തിന്റെ സദസ്സിൽ ഇരുന്നു കഴിഞ്ഞാൽ അവിടെനിന്ന് എഴുന്നേറ്റുപോകാൻ ആളുകൾ ഇഷ്ടപ്പെട്ടിരുന്നില്ല.

അദ്ദേഹത്തിന് അല്ലാഹു വിശുദ്ധഖുർആൻ ഇറക്കിക്കൊടുത്തു. ആ പവിത്രഗ്രന്ഥം അന്ത്യനാൾവരെ നിലനില്ക്കുന്നതാണ്. ഒരിക്കലും അത് ദുർബ്ബലപ്പെട്ടുപോകുകയില്ല. അദ്ദേഹത്തിന്റെ ആത്മീയാനുഗ്രഹങ്ങളും അന്ത്യനാൾവരെ നിലനില്ക്കും. അദ്ദേഹം മുഖേനയല്ലാതെ ഒരാൾക്കും ഒരുവിധ ആത്മീയാനുഗ്രഹവും ലഭ്യമാകുകയില്ല.

നബി(സ) തിരുമേനിക്ക് പതിനൊന്ന് ഭാര്യമാരുണ്ടായിരുന്നു. അവരിൽ ഹദ്റത്ത് ആയിശാ(റ) ഒഴിച്ച് മറ്റെല്ലാവരും വിധവകളായിരുന്നു. അവരുടെ സംരക്ഷണം താൻ ഏല്ക്കുകയാണുണ്ടായത്. നാലുപുത്രന്മാരും, നാലുപുത്രിമാരും അദ്ദേഹത്തിന്നുണ്ടായി. പുത്രന്മാർ ശൈശവത്തിൽത്തന്നെ മരണപ്പെട്ടു. പുത്രിമാർ വളർന്ന് വിവാഹിതരായിട്ടുണ്ട്. പുത്രന്മാരുടെ പേര് ഖാസിം, ത്വാഹിർ, ത്വയ്യിബ്, ഇബ്റാഹീം എന്നിങ്ങനെയായിരുന്നു. പുത്രിമാരുടെ പേര് സയ്ന

ബ്, റുഖിയ്യ, ഉമ്മുകുൽസൂം, ഫാത്തിമ എന്നും ആയിരുന്നു.

ഹദ്റത്ത് റുഖിയ്യാ(റ)യേയും ഹദ്റത്ത് ഉമ്മുകുൽസൂം(റ)യേയും ഒന്നിനുശേഷം മറ്റൊന്നായി ഹദ്റത്ത് ഉസ്മാൻ(റ) വിവാഹം ചെയ്തു. ഹദ്റത്ത് സയ്നബ്(റ)യെ അബുൽആസ്(റ)ഉം ഹദ്റത്ത് ഫാത്തിമ(റ)യെ ഹദ്റത്ത് അലി(റ)യും ആണ് വിവാഹം ചെയ്തിരുന്നത്. ഇവരിൽ ഹദ്റത്ത് ഫാത്തിമ(റ)യ്ക്കല്ലാതെ മറ്റാർക്കും സന്താനങ്ങളുണ്ടായിരുന്നില്ല. ഹദ്റത്ത് ഫാത്തിമാ(റ)യുടെ സന്താനങ്ങൾക്ക് സയ്യിദ് എന്നു പറഞ്ഞുവരുന്നു.

## ചോദ്യങ്ങൾ

1. നബി(സ) ജനിച്ചത് എവിടെ?
2. നബി(സ) ജനിച്ചതെപ്പോൾ?
3. നബി(സ) ദൈവനിയുക്തനാണെന്ന് പ്രഖ്യാപിച്ചപ്പോൾ ജനങ്ങളുടെ പ്രതികരണം എന്തായിരുന്നു?
4. എന്തെല്ലാം പറഞ്ഞാണ് നബി(സ)യെ ആളുകൾ ആക്ഷേപിച്ചത്?
5. എതിർപ്പിനെ അവഗണിച്ചുകൊണ്ട് നബി(സ) ജനങ്ങളോട് പറഞ്ഞതെന്തായിരുന്നു?
6. നബി(സ)യുടെ ഭാര്യമാരിൽ ഹദ്റത്ത് ആയിശ(റ)യ്ക്കുള്ള പ്രത്യേകതയെന്ത്?
7. നബി(സ)യ്ക്ക് എത്ര മക്കളുണ്ട്? അവരുടെ പേരുകൾ?
8. നബി(സ)യുടെ പെൺമക്കളുടെ ഭർത്താക്കന്മാരുടെ പേരെന്ത്?

****

## പാഠം– 13

# ഹദ്റത്ത് അബൂബക്കർ(റ)

ഹദ്റത്ത് അബൂബക്കർ(റ) നബി(സ) തിരുമേനിയുടെ സഹാബിമാരിൽ അഗ്രഗണ്യനായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേർ അബൂഖുഹാഫാ എന്നും മാതാവിന്റെ പേർ ഉമ്മുൽഖയ്ർ സൽമാ എന്നും ആണ്. അദ്ദേഹത്തിന് നബി(സ) തിരുമേനിയെക്കാൾ ഒരു വയസ്സ് കുറവായിരുന്നു. അദ്ദേഹം ഖുറൈശികളിലെ ഒരു പ്രധാനിയും സമ്പന്നനും വ്യാപാരിയും ആയിരുന്നു. നബി(സ) തിരുമേനി തന്റെ ദൗത്യം പ്രഖ്യാപിച്ചപ്പോൾ ആദ്യമായി വിശ്വസിച്ചത് ഹദ്റത്ത് അബൂബക്കർ (റ) ആയിരുന്നു. അനന്തരം അദ്ദേഹത്തിന് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നു. പക്ഷേ, അദ്ദേഹം നബി(സ) തിരുമേനിയെ ഒരിക്കലും കൈവിട്ടില്ല. എല്ലാ വിപൽഘട്ടങ്ങളിലും ധൈര്യസമേതം മുന്നോട്ടുപോയിക്കൊണ്ടിരുന്നു. നബി(സ) തിരുമേനിയുടെ ഹിജ്റാവേളയിൽ സൗർ ഗുഹയിൽ അഭയം പ്രാപിച്ചിരുന്നപ്പോൾ കൂടെയുണ്ടായിരുന്നത് ഹദ്റത്ത് അബൂബക്കർ(റ) മാത്രമായിരുന്നു. ഈ വസ്തുത ഖുർആനിൽ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം അഗതികളോടും അനാഥരോടും വളരെ ദയ കാണിച്ചിരുന്നു. സാധുക്കൾക്ക് അദ്ദേഹം വലിയ ഒരാശ്രയമായിരുന്നു. ഇസ്‌ലാം മതം സ്വീകരിച്ചപ്പോൾ തന്റെ സ്വത്തുക്കളെല്ലാം ആ മഹാൻ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വേണ്ടി ചെലവഴിച്ചുതുടങ്ങി. “എനിക്ക് എല്ലാവരേക്കാളും കൂടുതലായി അബൂബക്കറിന്റെ ധനം പ്രയോജനപ്പെട്ടിരിക്കുന്നു” എന്ന് നബി(സ) തിരുമേനി അരുൾച്ചെയ്തിട്ടുണ്ട്.

നബി(സ) തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും ഹദ്റത്ത് അബൂബക്കർ(റ) പങ്കെടുക്കുകയും പ്രധാനമായ പല കൃത്യങ്ങളും നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഉൽക്കൃഷ്ട സ്വഭാവഗുണങ്ങളുടെ

ഉടമയായിരുന്ന അദ്ദേഹം സൗമ്യമനസ്കനും ദൃഢചിത്തനുമായി രുന്നു. ഇസ്‌ലാംമത പ്രചാരണത്തിൽ അദ്ദേഹം വലിയ പങ്ക് വഹി ച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രബോധനം നിമിത്തം പല ഗോത്രങ്ങളി ലേയും മാന്യവ്യക്തികൾ ഇസ്‌ലാംമതം സ്വീകരിക്കുകയുണ്ടായി. നബിതിരുമേനിയുടെ പ്രിയപത്നി ഹദ്റത്ത് ആയിശാ(റ) അദ്ദേഹ ത്തിന്റെ പുത്രിയായിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാല ത്താണ് വിശുദ്ധഖുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടി ട്ടുള്ളത്. നബി(സ) തിരുമേനിയുടെ വിയോഗാനന്തരം അദ്ദേഹം തിരു മേനിയുടെ ഒന്നാമത്തെ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ട് കൊല്ലം മൂന്ന് മാസം പത്ത് ദിവസം ഖിലാഫത്ത് നടത്തിയതിനു ശേഷം അദ്ദേഹം ചരമഗതി പ്രാപിച്ചു.

## ചോദ്യങ്ങൾ

1. അബൂബക്കർ(റ)ന്റെ പിതാവിന്റെ പേരെന്ത്?
2. മാതാവിന്റെ പേരെന്ത്?
3. നബി(സ)തിരുമേനിയും അബൂബക്കർ(റ)ഉം തമ്മിലുള്ള പ്രായ വ്യത്യാസമെത്ര?
4. ആരായിരുന്ന അബൂബക്കർ(റ)?
5. നബി(സ)യെ ആദ്യം വിശ്വസിച്ചതാര്?
6. എപ്പോഴും നബി(സ)യോടൊപ്പം ഉണ്ടായിരുന്നതാര്?
7. നബി(സ) അബൂബക്കർ(റ)നെ കുറിച്ച് അഭിപ്രായപ്പെട്ടതെന്ത്?
8. നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കർ(റ)ഉം തമ്മി ലുള്ള കുടുംബബന്ധമെന്ത്?
9. ആരുടെ കാലത്താണ് വിശുദ്ധഖുർആൻ ഗ്രന്ഥരൂപത്തിലാ ക്കപ്പെട്ടത്?
10. നബി(സ)നുശേഷം വന്ന ഒന്നാമത്തെ ഖലീഫയുടെ പേരെന്ത്?
11. അബൂബക്കർ(റ)ന്റെ ഖിലാഫത്തുകാലം എത്രയായിരുന്നു?

****

## പാഠം – 14

# ഇമാം മഹ്ദി (അ)

വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ഹിജ്റ വർഷം 1250 ശവ്വാൽ 14-ന് (1835 ഫിബ്രുവരി 13) വെള്ളിയാഴ്ച പുലർച്ചെ പഞ്ചാബ് സംസ്ഥാനത്തിലെ ഗുരുദാസ്പൂർ ജില്ലയിലെ ഖാദിയാനിൽ ജനിച്ചു. അദ്ദേഹം ജനങ്ങളുടെ മാർഗ്ഗദർശനത്തിനും ലോകത്ത് സത്യവിശ്വാസം സ്ഥാപിക്കുന്നതിനും വേണ്ടി അല്ലാഹു നിയോഗിച്ചയച്ച ദിവ്യാത്മാക്കളിൽ ഒരാളാകുന്നു. അല്ലാഹു അദ്ദേഹത്തെ ഈ കാലത്തേക്കുവേണ്ടി എഴുന്നേല്പ്പിക്കുകയും അദ്ദേഹം മുഖേന ഇസ്ലാമിനെ മുഴുവൻ ലോകത്തും വിജയിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇസ്ലാമിന്റെ സുന്ദരമുഖത്ത് പറ്റിപ്പിടിച്ചിരുന്ന പൊടിപടലങ്ങൾ അദ്ദേഹം തുടച്ചുനീക്കി. മനുഷ്യരെ സന്മാർഗ്ഗത്തിലേക്ക് നയിക്കുവാൻവേണ്ടി തന്നെ അല്ലാഹു നിയോഗിച്ചിരിക്കുന്നു എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. നബി(സ) തിരുമേനി മുഖേന അല്ലാഹു വാഗ്ദാനം ചെയ്ത മസീഹും മഹ്ദിയും, അവസാന കാലത്ത് ആഗതനാകുമെന്ന് എല്ലാ മതങ്ങളിലും പ്രവചിക്കപ്പെട്ടിട്ടുള്ള പരിഷ്കർത്താവും താനാണെന്ന വസ്തുത അദ്ദേഹം അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് വിളംബരപ്പെടുത്തി. ഇസ്ലാമിനെ പുനരുദ്ധരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിന്നുമായി തന്നെ അല്ലാഹു നിയോഗിച്ചിരിക്കുന്നുവെന്നും തനിക്ക് അനിതരസാധാരണമായ ഖുർആനികജ്ഞാനം നല്കപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തി. നബി(സ) തിരുമേനിയുടെ സ്ഥാനമാനങ്ങളും മഹത്ത്വവും ജനങ്ങൾക്ക് മനസ്സിലാക്കി

ക്കൊടുക്കുവാനും ഇസ്‌ലാമിനെ മറ്റു മതങ്ങളുടെമേൽ വിജയിപ്പിക്കുവാനും വേണ്ടിയാണ് താൻ അയക്കപ്പെട്ടിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. താൻ യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും മസീഹും, ഹിന്ദുക്കൾക്ക് കൃഷ്ണനുമാണെന്ന് അദ്ദേഹം അറിയിച്ചു. അദ്ദേഹത്തിന്റെ വാദം കേട്ടപ്പോൾത്തന്നെ ജനങ്ങൾ അദ്ദേഹത്തെ എതിർത്തു. പണ്ഡിതന്മാർ അദ്ദേഹത്തിന്റെമേൽ 'കുഫ്റ് ഫത്‌വ' വിധിക്കുകയും അദ്ദേഹവും അനുയായികളും വധാർഹരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സകലവിധ ദ്രോഹങ്ങളും അദ്ദേഹത്തിന്നേല്ക്കേണ്ടിവന്നു. പക്ഷേ, അല്ലാഹു എല്ലാ രംഗങ്ങളിലും അദ്ദേഹത്തിന് വിജയം നല്കി. എല്ലാ ഉപദ്രവങ്ങളിൽനിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തി. അദ്ദേഹത്തിന്റെ ശത്രുക്കൾ നാശമടഞ്ഞു. അദ്ദേഹത്തിന്റെ സത്യത തെളിയിക്കാനായി നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ഒരേ റമദാൻ മാസത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടായി. നബി(സ) പ്രവചിച്ച ദാബ്ബത്തുൽ അർള് എന്ന പ്ലേഗ് വ്യാധി അദ്ദേഹത്തിന്റെ ശത്രുക്കളെ തുടച്ചുനീക്കി. ആര്യസമാജത്തിന്റെയും ക്രിസ്തുമതത്തിന്റെയും അസ്തിവാരത്തെ അദ്ദേഹം തകർത്തു. ഇസ്‌ലാമിന്റെ സത്യതയെക്കുറിച്ച് ചെറുതും വലുതുമായ എൺപതിലധികം ഗ്രന്ഥം അദ്ദേഹം രചിച്ചു. നൂറുക്കണക്കായ ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തി. കഴിഞ്ഞ പതിമൂന്ന് നൂറ്റാണ്ടിനുള്ളിൽ അദ്ദേഹത്തെപ്പോലുള്ള ഒരാൾ വേറെ ഉണ്ടായിട്ടില്ലെന്ന് ശത്രുക്കൾ പോലും സാക്ഷ്യം വഹിച്ചു. അദ്ദേഹത്തിന്റെ ആഗമത്തിനുമുമ്പേ നിരാലംബമായി സ്ഥിതി ചെയ്തിരുന്ന ഇസ്‌ലാം അതിന്റെ ആദ്യാവസ്ഥയിലേക്ക് തിരിച്ചുവന്നു. ആക്ഷേപം ഉന്നയിച്ചിരുന്ന സകല മതസ്ഥരും ഇപ്പോൾ ഇസ്‌ലാമിന്റെ മുമ്പിൽ വരാൻ ഭയപ്പെടുന്നു. നാം ആ മഹാത്മാവിനെ മസീഹ് മൗഊദ്- വാഗ്ദത്ത മസീഹ് എന്നാണ് പറയുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ജമാഅത്ത് സ്ഥാപിക്കുകയുണ്ടായി. അതത്രെ അത്തരീഖത്തുൽ അഹ്മദിയ്യാ അഥവാ അഹ്മദിയ്യാ ജമാഅത്ത്. ഈ ജമാഅത്ത് ശരിയായ അർത്ഥത്തിൽ ഇസ്‌ലാം അനുസരിച്ച് ജീവിക്കുന്നു. ശരീഅത്തിന്റെ എല്ലാ കല്പനകളും സ്വീക

രിക്കുകയും അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്യുന്നു; ദീനിന് ദുൻയാവിനേക്കാൾ പ്രാധാന്യം നല്കുന്നു; ലോകത്തു മുഴുവനും ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നു; പള്ളികൾ സ്ഥാപിക്കുന്നു. ക്രിസ്തുമതത്തിന്റെ കേന്ദ്രസ്ഥാനമായ ലണ്ടൻ പട്ടണത്തിൽപോലും മുസ്‌ലിംപള്ളി നിർമ്മിച്ചിരിക്കുന്നു. ആ പള്ളിയുടെ പേർ 'മസ്ജിദ് ഫസ്ൽ' എന്നത്രെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ജമാഅത്ത്- അഹ്മദിയ്യാ ജമാഅത്ത്- ഇപ്പോൾ ലോകത്തിന്റെ എല്ലാ കോണുകളിലും വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാകാത്ത വൻകരകളോ നാടുകളോ ഇല്ലെന്നുതന്നെ പറയാം. ആത്മീയമായി മൃതിയടഞ്ഞ് കിടന്നിരുന്ന ആളുകളെ അദ്ദേഹം ആത്മീയമായി ജീവിപ്പിക്കുകയുണ്ടായി. അങ്ങനെ ആത്മീയജീവൻ തിരിച്ചുകിട്ടിയ ആളുകൾ ഇപ്പോൾ മറ്റുള്ളവർക്കും ആത്മീയജീവൻ നല്കിവരുന്നു.

## ചോദ്യങ്ങൾ

1. ഹദ്റത്ത് അഹ്മദ്(അ) ജനിച്ചതെപ്പോൾ? എവിടെ?
2. ഹദ്റത്ത് അഹ്മ്ദ്(അ)നെ അല്ലാഹു നിയോഗിച്ചതെന്തിന്?
3. ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദം എന്തായിരുന്നു?
4. ഹദ്റത്ത് അഹ്മദ്(അ) തന്റെ വാദം പ്രഖ്യാപിച്ചപ്പോൾ മുസ്‌ലിം പണ്ഡിതന്മാരുടെ പ്രതികരണമെന്തായിരുന്നു?
5. ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യത്തിനായി നബി(സ) പ്രവചിച്ച അടയാളങ്ങളെന്തെല്ലാം?
6. വാദത്തിനു മുമ്പേ ഹദ്റത്ത് അഹ്മദ്(അ)നെക്കുറിച്ച് ശത്രുക്കൾക്കുള്ള അഭിപ്രായമെന്തായിരുന്നു?
7. ഹദ്റത്ത് അഹ്മദ്(അ) സ്ഥാപിച്ച ജമാഅത്തിന്റെ പേരെന്ത്?
8. അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?

****

## പാഠം– 15

# ഖലീഫത്തുൽ മസീഹ് അവ്വൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒന്നാമത്തെ ഖലീഫ ഹദ്റത്ത് മൗലാനാ ഹകീം നൂറുദ്ദീൻ(റ) ഏതാണ്ട് 1841-ൽ ശാഹ്പൂർ ജില്ല യിലെ 'ഭേര' എന്ന സ്ഥലത്ത് ജനിച്ചു. ശൈശവകാലം അവിടെ കഴിച്ചുകൂട്ടി. തന്റെ ജേഷ്ഠസഹോദരനിൽനിന്ന് അക്കാലത്ത് നട പ്പുള്ള രീതിയിൽ മതപരമായ പ്രാഥമിക വിദ്യകൾ അഭ്യസിച്ചു. അന ന്തരം റാവൽപിണ്ടിയിൽനിന്ന് 'നോർമൽ' എന്ന പരീക്ഷ പാസ്സായ തിനുശേഷം 'പിണ്ട്ദാദൻഖാൻ' എന്ന സ്ഥലത്ത് പ്രധാനാധ്യാപക നായി നിയമിക്കപ്പെട്ടുവെങ്കിലും ഉയർന്ന വിദ്യാഭ്യാസത്തിന്നായി ഉദ്യോഗം രാജിവെച്ച് ഡൽഹിയിലേക്ക് പോയി. റാംപൂർ, ലക്നൗ, ഭോപാൽ മുതലായ സ്ഥലങ്ങളിലെ പ്രസിദ്ധ വിദ്യാലയങ്ങളിൽനിന്ന് അദ്ദേഹം മതവിജ്ഞാനങ്ങളും വൈദ്യശാസ്ത്രവും പഠിച്ചു. അവി ടെനിന്ന് അദ്ദേഹം പരിശുദ്ധ ഹജ്ജുകർമ്മം നിർവ്വഹിക്കാനായി മക്ക യിലേക്ക് പോയി. മക്കയിൽവച്ച് പല ഹദീസ് പണ്ഡിതന്മാരിൽനിന്നും ഹദീസ് വിജ്ഞാനം കരസ്ഥമാക്കുകയും അതിൽ നൈപുണ്യം നേടു കയും ചെയ്തു. അറേബ്യയിൽനിന്നും തിരിച്ചുവന്നതിനുശേഷം തന്റെ സ്വദേശമായ ഭേരയിൽ ഒരു വൈദ്യശാല നടത്തി. അടുത്തും ദൂരെയുമുള്ള പല പ്രദേശങ്ങളിൽനിന്നും ധാരാളം രോഗികൾ വന്നു തുടങ്ങി. പക്ഷേ, ഒരു സ്വപ്നത്തെ ആധാരമാക്കി അദ്ദേഹം കാശ്മീർ മഹാരാജാവിന്റെ കൊട്ടാരവൈദ്യനായി ജോലി ചെയ്യാൻ സമ്മതി ച്ചു. 1891 വരെ അവിടെ താമസിച്ചു. രാജസദസ്സിൽ അദ്ദേഹത്തിന് വളരെ ബഹുമാനം സിദ്ധിച്ചിരുന്നു. പിന്നീടദ്ദേഹം സ്വദേശത്തേക്കു

മടങ്ങി. അവിടെ താമസത്തിനും വൈദ്യശാലക്കും വേണ്ടി കെട്ടിടത്തിന്റെ പണിയാരംഭിച്ചു. തൽസംബന്ധമായ ചില ആവശ്യാർത്ഥം അദ്ദേഹത്തിന് ലാഹോറിലേക്ക് വരേണ്ടിവന്നു. അവിടെയെത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് തനിക്കുള്ള അത്യധികമായ സ്നേഹവും ബന്ധവും നിമിത്തം ഖാദിയാനിൽ ചെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സന്ദർശിക്കാതെ മടങ്ങിപ്പോകാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അവിടെ ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബും ഉണ്ടായിരുന്നു. 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യം താങ്കൾ ഇവിടെത്തന്നെ താമസിക്കണമെന്നാണെന്ന് തോന്നുന്നു' എന്ന് മൗലവി അബ്ദുൽകരീം സാഹിബ് പറഞ്ഞു. 'അതു ശരി' എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ഖാദിയാനിൽത്തന്നെ താമസമുറപ്പിച്ചു.

അദ്ദേഹം ദിവസേന രാവിലെ സ്ത്രീകൾക്കും വൈകുന്നേരം 'മസ്ജിദ് അഖ്സാ'യിൽവെച്ച് പുരുഷന്മാർക്കും ഖുർആൻ ദർസ് കൊടുക്കാറുണ്ടായിരുന്നു. പകൽ സമയത്ത് വിദ്യാർത്ഥികൾക്ക് ഹദീസ് ഗ്രന്ഥങ്ങളും വൈദ്യഗ്രന്ഥങ്ങളും പഠിപ്പിച്ചുകൊടുക്കുകയും രോഗികളെ ചികിത്സിക്കുകയും ചെയ്തുവന്നു. കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ കൂടെക്കൂടെ ഹാജരാവുകയും ചെയ്തിരുന്നു.

1908-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ചരമം പ്രാപിച്ചപ്പോൾ ജമാഅത്ത് ഐകകണ്ഠ്യേന അദ്ദേഹത്തെ ഖലീഫയായി തിരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്യുകയും ചെയ്തു. അങ്ങനെയാണ് 'വാഗ്ദത്തമസീഹിന്റെ ഖലീഫ' എന്നർത്ഥത്തിൽ അദ്ദേഹത്തെ 'ഖലീഫത്തുൽ മസീഹ്' എന്നു നാം പറയുന്നത്. ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിന്റേയും ബോർഡിങ്ങ് ഹൗസിന്റേയും വലിയ കെട്ടിടങ്ങൾ അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ളതാകുന്നു. നൂർ ആശുപത്രിയും മസ്ജിദ്നൂറും അദ്ദേഹത്തിന്റെ കാലത്തിന്റെ സ്മാരകങ്ങളും അദ്ദേഹത്തിന്റെ നാമത്തിൽ നിലകൊള്ളുന്നവയുമാകുന്നു. 'അൽഫസ്ൽ' പത്രവും 'നൂർ' പത്രവും അദ്ദേഹത്തിന്റെ കാലത്ത് ആരം

ഭിച്ചതാണ്. ലണ്ടനിൽ തബ്‌ലീഗ് മിഷൻ സ്ഥാപിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ അനുഗൃഹീതകാലത്തുതന്നെയാണ്.

ബംഗാളിലെ പ്രസിദ്ധ പണ്ഡിതനും മഹാനും അഹ്‌മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗുമായിരുന്ന മൗലവി സയ്യിദ് അബ്ദുൽ വാഹിദ് സാഹിബ് ബയ്അത്ത് ചെയ്ത് ജാഅത്തിൽ പ്രവേശിച്ചത് അദ്ദേഹത്തിന്റെ കാലത്തായിരുന്നു എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. മൗലവി അബ്ദുൽ വാഹിദ് സാഹിബ് മുഖേന നൂറുക്കണക്കിന് ആളുകൾ ബയ്അത്ത് ചെയ്തിട്ടുണ്ട്.

1914 മാർച്ച് 13-ാം തിയ്യതി വെള്ളിയാഴ്ച ഹദ്റത്ത് ഖലീഫാ അവ്വൽ(റ) വഫാത്തായി.

അദ്ദേഹം തന്റെ ആത്മാർത്ഥതയും ദൈവഭക്തിയും നിമിത്തം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വളരെ പ്രിയങ്കരനായിരുന്നു. അദ്ദേഹത്തിന്റെ ഔദാര്യം പൊതുവെ എല്ലാവർക്കും ഉപയോഗപ്പെട്ടിരുന്നു. ആയിരക്കണക്കായ മുസ്‌ലിംകളും ക്രിസ്ത്യാനികളും ഹിന്ദുക്കളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ അദ്ദേഹത്തിന്റെ ഔദാര്യത്തിന് കടപ്പെട്ടവരാണ്. അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ അവർ കണ്ണുനീർ ഒഴുക്കുമായിരുന്നു.

ഒട്ടധികം വിദ്യാർത്ഥികളെ അദ്ദേഹം സ്വന്തം ചെലവിൽ വിദ്യാഭ്യാസം ചെയ്യിച്ചു. നൂറുക്കണക്കിന് ആളുകളെ അദ്ദേഹം സ്വയം പഠിപ്പിച്ചു. പലരേയും ഹജ്ജ് ചെയ്യിച്ചു. പല സാധുക്കളുടേയും കടങ്ങൾ വീട്ടിക്കൊടുത്തു. എല്ലാവർക്കും സദുപദേശങ്ങൾ നല്കി. രോഗികൾക്ക് മരുന്നുകൾ സൗജന്യമായി നല്കിവന്നു. ചികിത്സക്കുവേണ്ടി ഒരിക്കലും ഫീസ് ആവശ്യപ്പെട്ടിരുന്നില്ല. വല്ലതും കൊടുത്താൽ സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന് അല്ലാഹു സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നല്കുമാറാകട്ടെ. ആമീൻ.

അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലം 5 കൊല്ലം 9 മാസം 18

ദിവസം ആയിരുന്നു.

## ചോദ്യങ്ങൾ

1. വാഗ്ദത്ത മസീഹിന്റെ ഒന്നാമത്തെ ഖലീഫയുടെ പേരെന്ത്?
2. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ജനിച്ചതെപ്പോൾ? എവിടെ?
3. ആരിൽനിന്നാണ് മതപരമായ വിദ്യാഭ്യാസം കരസ്ഥമാക്കിയത്?
4. റാവൽപിണ്ടിയിൽനിന്ന് അദ്ദേഹം ഏത് പരീക്ഷയാണ് പാസായത്?
5. പ്രധാനാധ്യാപകനായി അദ്ദേഹം നിയോഗിക്കപ്പെട്ടത് എവിടെ?
6. അദ്ദേഹം ഏതെല്ലാം സ്ഥലങ്ങളിൽനിന്ന് വിദ്യാഭ്യാസം നേടി?
7. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ(റ) ഖാദിയാനിൽ വന്നതെങ്ങനെ?
8. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ(റ) ഖലീഫയായ വർഷം ഏത്?
9. അദ്ദേഹത്തിന്റെ അനുഗൃഹീതകാലത്തെ നേട്ടങ്ങൾ എന്തെല്ലാം?
10. അദ്ദേഹം വഫാത്തായതെപ്പോൾ?
11. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലം എത്ര വർഷമായിരുന്നു?

****

## വിശുദ്ധഖുർആന്റെ ചില അധ്യാപനങ്ങൾ

1. അല്ലാഹു ഏകനാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. അവൻ സർവ്വശക്തനും എല്ലാത്തിന്റേയും അധികാരിയും പരിപാലകനും അനാദ്യനും അനന്തനും സ്വാശ്രയനുമാകുന്നു.
2. മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെമേൽ എപ്പോഴും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക.
3. മുഹമ്മദ്(സ) തിരുമേനിയെ സ്നേഹിക്കുക. തിരുമേനിയെ തങ്ങളുടെ ജീവനേക്കാൾ പ്രിയപ്പെട്ട ആളായി ഗണിക്കുക.
4. എപ്പോഴും 'തൗബ'യും 'ഇസ്തിഗ്ഫാറും' ചെയ്തുകൊണ്ടിരിക്കുക.
5. പാപം ചെയ്യരുത്.
6. പ്രാർത്ഥനാനിരതരാകുക.
7. എപ്പോഴും അല്ലാഹുവിനെ ഭയപ്പെടുക.
8. വിനീത ജീവിതം നയിക്കുക.
9. അന്യോന്യം കലഹിക്കരുത്.
10. ആരേയും ദ്രോഹിക്കരുത്.
11. അഞ്ചുനേരം നമസ്കരിക്കുക.
12. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക.
13. ബന്ധുക്കളുടേയും അഗതികളുടേയും പരദേശികളുടേയും

അവകാശങ്ങൾ അവർക്ക് നല്കുക.

14. വിഹിതവും ശുദ്ധവുമായ ഭക്ഷണം കഴിക്കുക.
15. ആരെപ്പറ്റിയും മിഥ്യാരോപണം ഉന്നയിക്കരുത്.
16. ദുർവ്യയം അരുത്.
17. വ്യഭിചാരചിന്ത തീണ്ടുകപോലും അരുത്.
18. സത്യവാന്മാരുമായി സഹവസിക്കുക.
19. എപ്പോഴും സൽക്കർമ്മങ്ങൾ ചെയ്യുക.
20. ദുഷ്ക്കർമ്മങ്ങളെ വർജ്ജിക്കുക.

## നബിവചനങ്ങളിലെ ഉപദേശങ്ങൾ

1. നിങ്ങൾ ദൈവത്തെ കാണുന്നു എന്ന ഭാവത്തിൽ അല്ലെങ്കിൽ കുറഞ്ഞപക്ഷം അവൻ നിങ്ങളെ കാണുന്നു എന്ന ബോധത്തോടുകൂടി അവനെ ആരാധിക്കുക.
2. തിന്മയെ വർജ്ജിക്കുക.
3. വിനയഭാവം കൈക്കൊള്ളുക.
4. ഭൗതികതയിൽ ലയിക്കരുത്.
5. വലിയവരെ ബഹുമാനിക്കുകയും ചെറിയവരോട് ദയ കാണിക്കുകയും ചെയ്യുക.
6. അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുക.
7. റസൂൽ(സ) തിരുമേനിയുടെ കുടുംബത്തെയും സഹാബിമാരെയും സ്നേഹിക്കുക.
8. അസൂയയും പകയും ഉപേക്ഷിക്കുക.
9. അനാവശ്യകാര്യങ്ങളെ വർജ്ജിക്കുക.
10. മർദ്ദിതരെ സഹായിക്കുക.

11. മർദ്ദനത്തെ തടയുക.
12 എല്ലാവരോടും നല്ല നിലയിൽ പെരുമാറുക.
13. കള്ളസാക്ഷ്യം പറയരുത്.
14. ജ്യോതിഷക്കാരുടെ വാക്കുകൾ വിശ്വസിക്കരുത്.
15. അതാതുകാലത്തെ ഭരണകർത്താക്കളെ അനുസരിക്കുക.
16. കീഴ്ജീവനക്കാരോട് നല്ലനിലയിൽ പെരുമാറുക.
17. നബി(സ) തിരുമേനിയുടെ മാതൃക സ്വീകരിക്കുക.
18. ധാരാളം ദാനധർമ്മങ്ങൾ ചെയ്യുക. (വിശിഷ്യാ റമദാനിൽ)
19. അല്ലാഹുവിനെ വളരെയധികം സ്മരിക്കുക.
20. ആരുടേയും മനസ്സ് വേദനിപ്പിക്കരുത്.

◆◆◆◆◆

# സൂറത്തുല്ലഹബ്

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ①
تَبَّتْ يَدَآ اَبِيْ لَهَبٍ وَّتَبَّ ② مَآ اَغْنٰى عَنْهُ مَالُهٗ وَمَا كَسَبَ ③
سَيَصْلٰى نَارًا ذَاتَ لَهَبٍ ④ وَّامْرَاَتُهٗ ۗ حَمَّالَةَ الْحَطَبِ ⑤
فِيْ جِيْدِهَا حَبْلٌ مِّنْ مَّسَدٍ ⑥

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. 2. അബൂലഹബിന്റെ (ജ്വാലയുടെ പിതാവിന്റെ) ഇരുകരങ്ങളും തകർന്നു. അവൻതന്നെയും തകർന്നു. 3. അവന്റെ ധനമോ അവൻ പരിശ്രമിച്ചു സമ്പാദിച്ചതോ അവനൊരു പ്രയോജനവും ചെയ്തില്ല. 4. താമസിയാതെ അവൻ ജ്വാലയുള്ള അഗ്നിയിൽ കടന്നെരിയുന്നതാണ്; 5. വിറകുചുമട്ടുകാരിയായ അവന്റെ ഭാര്യയും. 6. അവളുടെ കഴുത്തിൽ ഈത്തപ്പനനാരുകൊണ്ടുള്ള (മുറുക്കിപ്പിരിച്ച) ഒരു കയറുണ്ട്.

| |
|---|
| بِسْمِ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു) اللّٰهِ അല്ലാഹുവിന്റെ الرَّحْمٰنِ പരമകാരുണികൻ الرَّحِيْمِ കരുണാമയൻ تَبَّتْ അവൻ നശിച്ചു يَدَآ രണ്ടു കൈകൾ اَبِيْ പിതാവ് لَهَبٍ തീയുടെ وَّتَبَّ അവൻ തന്നെയും നശിച്ചു مَآ اَغْنٰى ഉപകാരപ്പെട്ടില്ല عَنْهُ അവന് مَالُهٗ അവന്റെ ധനം وَمَا യാതൊന്നും كَسَبَ അവൻ സമ്പാദിച്ച سَيَصْلٰى അവൻ കടന്നെരിയും نَارًا തീയിൽ ذَاتَ ഉള്ളതായ لَهَبٍ ജ്വാല وَّامْرَاَتُهٗ അവന്റെ ഭാര്യയും حَمَّالَةَ ചുമട്ടുകാരി الْحَطَبِ വിറകിന്റെ فِيْ جِيْدِهَا അവളുടെ കഴുത്തിൽ حَبْلٌ കയർ مِّنْ مَّسَدٍ ഈത്തപ്പനനാരു പിരിച്ച. |

# സൂറത്തുൽ ഇഖ്‌ലാസ്

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ﴿١﴾
قُلْ هُوَ اللّٰهُ اَحَدٌ ﴿٢﴾ اَللّٰهُ الصَّمَدُ ﴿٣﴾
لَمْ يَلِدْ ۙ وَلَمْ يُوْلَدْ ﴿٤﴾ وَلَمْ يَكُنْ لَّهٗ
كُفُوًا اَحَدٌ ﴿٥﴾

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. 2. പറയുക, അവൻ അല്ലാഹുവാകുന്നു; ഏകൻ. 3. അല്ലാഹു നിരാശ്രയനാണ്. 4. അവൻ ആരേയും ജനിപ്പിച്ചിട്ടില്ല. അവൻ ജനിപ്പിക്കപ്പെട്ടവനുമല്ല. 5. അവന് തുല്യനായിട്ട് ആരുമില്ല.

بِسْمِ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു) اَللّٰهِ അല്ലാഹുവിന്റെ الرَّحْمٰنِ പരമകാരുണികൻ الرَّحِيْمِ കരുണാമയൻ قُلْ നീ പറയുക هُوَ അവൻ اللّٰهُ അല്ലാഹു اَحَدٌ ഏകനാകുന്നു اَللّٰهُ അല്ലാഹു الصَّمَدُ നിരാശ്രയൻ لَمْ يَلِدْ അവൻ ആരേയും ജനിപ്പിച്ചിട്ടില്ല وَلَمْ يُوْلَدْ അവൻ ജനിപ്പിക്കപ്പെട്ടവനുമല്ല وَلَمْ يَكُنْ ഇല്ല لَّهٗ അവന് كُفُوًا തുല്യനായിട്ട് اَحَدٌ ആരും

# സൂറത്തുൽ ഫലഖ്

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ۝١
قُلۡ أَعُوذُ بِرَبِّ ٱلۡفَلَقِ ۝٢ مِن شَرِّ مَا خَلَقَ ۝٣
وَمِن شَرِّ غَاسِقٍ إِذَا وَقَبَ ۝٤ وَمِن شَرِّ ٱلنَّفَّٰثَٰتِ فِي ٱلۡعُقَدِ ۝٥
وَمِن شَرِّ حَاسِدٍ إِذَا حَسَدَ ۝٦

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. 2. നീ പറയുക, പ്രഭാതത്തിന്റെ രക്ഷിതാവിനെ ഞാൻ അഭയം തേടുന്നു. 3. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവത്തിൽ നിന്ന്. 4. ഇരുട്ടാക്കുന്നവന്റെ ഉപദ്രവത്തിൽനിന്ന് അത് പരന്നുകഴിയുമ്പോൾ. 5. കെട്ടുകളിലൂതുന്നവരുടെ ഉപദ്രവങ്ങളിൽനിന്ന്. 6. അസൂയപ്പെടുന്നവൻ അസൂയപ്പെടുമ്പോഴുണ്ടാകുന്ന അവന്റെ ഉപദ്രവത്തിൽനിന്ന്.

بِسۡمِ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു) ٱللَّهِ അല്ലാഹുവിന്റെ ٱلرَّحۡمَٰنِ പരമകാരുണികൻ ٱلرَّحِيمِ കരുണാമയൻ قُلۡ നീ പറയുക أَعُوذُ ഞാൻ അഭയം തേടുന്നു بِرَبِّ രക്ഷിതാവിനോട് ٱلۡفَلَقِ പ്രഭാതത്തിന്റെ مِن شَرِّ ഉപദ്രവത്തിൽനിന്ന് مَا യാതൊന്നിന്റെ خَلَقَ അവൻ സൃഷ്ടിച്ചു وَمِن شَرِّ ഉപദ്രവത്തിൽനിന്ന് غَاسِقٍ ഇരുട്ടാക്കുന്നവൻ إِذَا وَقَبَ അത് പരന്നുകഴിയുമ്പോൾ وَمِن شَرِّ ഉപദ്രവത്തിൽനിന്ന് ٱلنَّفَّٰثَٰتِ ഊതുന്നവരുടെ فِي ٱلۡعُقَدِ കെട്ടുകളിൽ وَمِن شَرِّ ഉപദ്രവത്തിൽനിന്ന് حَاسِدٍ അസൂയപ്പെടുന്നവൻ إِذَا حَسَدَ അവൻ അസൂയപ്പെടുമ്പോൾ.

## സൂറത്തുന്നാസ്

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١
قُلۡ أَعُوذُ بِرَبِّ ٱلنَّاسِ ٢ مَلِكِ ٱلنَّاسِ ٣ إِلَٰهِ ٱلنَّاسِ ٤
مِن شَرِّ ٱلۡوَسۡوَاسِ ٱلۡخَنَّاسِ ٥ ٱلَّذِي يُوَسۡوِسُ فِي صُدُورِ
ٱلنَّاسِ ٦ مِنَ ٱلۡجِنَّةِ وَٱلنَّاسِ ٧

1. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. 2. നീ പറയുക, മനുഷ്യരുടെ രക്ഷിതാവിനെ ഞാൻ അഭയം തേടുന്നു. 3. മനുഷ്യരുടെ രാജാവിനെ. 4. മനുഷ്യരുടെ ആരാധ്യനെ. 5. ദുർബോധനം ചെയ്ത് പിന്മാറിക്കളയുന്ന ദുർബോധകന്റെ ഉപദ്രവത്തിൽനിന്ന്. 6. മനുഷ്യഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്നവനത്രെ അവൻ. 7. അവൻ ജിന്നുകളിൽനിന്നുള്ളവൻ (ആകട്ടെ) അല്ലെങ്കിൽ സാധാരണ ജനങ്ങളിൽനിന്നുള്ളവൻ (ആകട്ടെ).

بِسۡمِ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു) ٱللَّهِ അല്ലാഹുവിന്റെ ٱلرَّحۡمَٰنِ പരമകാരുണികൻ ٱلرَّحِيمِ കരുണാമയൻ قُلۡ നീ പറയുക أَعُوذُ ഞാൻ അഭയം തേടുന്നു بِرَبِّ രക്ഷിതാവിനോട് ٱلنَّاسِ മനുഷ്യർ مَلِكِ രാജാവ് ٱلنَّاسِ മനുഷ്യർ إِلَٰهِ ആരാധ്യൻ ٱلنَّاسِ മനുഷ്യർ مِن شَرِّ ഉപദ്രവത്തിൽനിന്ന് ٱلۡوَسۡوَاسِ ധാരാളം ദുർബോധനം ചെയ്യുന്നവൻ ٱلۡخَنَّاسِ പിന്മാറിക്കളയുന്നവൻ ٱلَّذِي അവൻ يُوَسۡوِسُ ദുർബോധനം ചെയ്യുന്നു فِي صُدُورِ മനസ്സുകളിൽ ٱلنَّاسِ മനുഷ്യർ مِنَ ٱلۡجِنَّةِ ജിന്നുകളിൽ (ഉന്നതക്കിടയിലുള്ള ആളുകളിൽ) നിന്ന് وَٱلنَّاسِ സാധാരണ മനുഷ്യരിൽനിന്നും